# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 04 ഫെബ്രുവരി–2013 ലക്കം 2**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


ഇടയലേഖനം ........................................................ 03
സർക്കുലർ (തിരുബാലസഖ്യദിനം) ........................... 09
സർക്കുലർ ............................................................ 14
ബഹു.വികാരിയച്ചൻമാരുടെ പ്രത്യേകശ്രദ്ധയ്ക്ക് .... 17
ലോകരോഗീദിന സന്ദേശം ........................................ 20
രൂപതാകച്ചേരി വാർത്തകൾ ...................................... 25
വിവാഹക്കോടതി അറിയിപ്പുകൾ ................................ 27
വിദ്യാഭ്യാസ സഹായനിധി ...................................... 28
വിശ്വാസവർഷം ...................................................... 30
മതബോധനരംഗം .................................................... 32
ചെറുപുഷ്പമിഷൻലീഗ് ........................................... 36
കെ. സി. വൈ. എം. ............................................... 42
കുടുംബപ്രേഷിതത്വം ............................................ 51
വിൻസെന്റ് ഡി പോൾ സൊസൈറ്റി........................... 58
സിയോൻ വാർത്തകൾ ............................................. 63
സാമൂഹ്യ സേവനരംഗം (WSSS)................................. 66
കേരള ലേബർ മൂവ്മെന്റ് ........................................ 68
***Mary Matha Arts & Science College*** .......................... 70
റേഡിയോ മാറ്റൊലി ............................................... 72
മീഡിയാ കമ്മീഷൻ .................................................. 74
Public Relations Office (PRO) .................................. 77
അറിയിപ്പുകൾ ....................................................... 81
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ..................................... 82
ബിഷപ്സ് പ്രോഗ്രാം ............................................... 83



# ഇടയലേഖനം



*Pastoral Letter No. 01/2013*
*Prot. No. 13168/2013*

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ
**പൊരുന്നേടം മാർ ജോസ് മെത്രാൻ**
തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

കർത്താവിന്റെ ഉത്ഥാനത്തിരുനാൾ ആഘോഷിക്കുന്നതിന് ഒരുക്കമായിട്ടുള്ള വലിയ നോമ്പിലേയ്ക്ക് നമ്മൾ പ്രവേശിക്കുകയാണല്ലോ. കുരിശുവരപ്പെരുന്നാൾ അഥവാ വിഭൂതി എന്നറിയപ്പെടുന്ന ദിവസം നെറ്റിയിൽ കരികൊണ്ട് കുരിശു വരച്ചുകൊണ്ട് നാം നോമ്പ് ആരംഭിക്കുന്നു. *ചാക്കുടുത്ത്, ചാരം പൂശി ഉപവാസമെടുക്കാനുള്ള* ആഹ്വാനം പലപ്പോഴും നമ്മൾ പഴയ നിയമത്തിൽ കണ്ടുമുട്ടുന്നുണ്ട്. തലയിൽ ചാരം പൂശുന്നത് പശ്ചാത്താപത്തിന്റെ അടയാളമായിട്ടാണ് അവിടെ കാണുന്നത്. ചാരം പൂശലാണ് കുരിശുവരയായി രൂപാന്തരപ്പെട്ടിരിക്കുന്നത് എന്ന് നിങ്ങൾക്കറിയാം. നമ്മുടെ പാപങ്ങളെപ്പറ്റി നാം പശ്ചാത്തപിക്കുന്നു എന്നതിന്റെ സൂചനയായിട്ടാണ് കരികൊണ്ട് കുരിശു വരയ്ക്കുന്നത്.

ഏതാനും വർഷങ്ങൾക്ക് മുമ്പ് വരെ നമ്മൾ നോമ്പ് തുടങ്ങിക്കഴിഞ്ഞ് വരുന്ന ആദ്യത്തെ ബുധനാഴ്ചയാണ് വിഭൂതി ആചരിച്ചിരുന്നത്. പതിനാറാം നൂറ്റാണ്ടിൽ പാശ്ചാത്യ മിഷണറിമാരുടെ വരവ് വരെ നമ്മുടെ സഭയിൽ ഇങ്ങനെയൊരു ചടങ്ങുണ്ടായിരുന്നില്ല. അവരുടെ വരവോടെ നമ്മളും അവരുടെ ആചാരം സ്വീകരിക്കുകയായിരുന്നു. പാശ്ചാത്യസഭയിൽ നോമ്പ് തുടങ്ങുന്നത് വിഭൂതിബുധനാഴ്ച കഴിഞ്ഞു വരുന്ന വ്യാഴാഴ്ചയാണ്. അതുകൊണ്ടാണ് അവർ ആ ബുധനാഴ്ച വിഭൂതി

ആചരിച്ചിരുന്നത്. എന്നാൽ നമ്മൾ നോമ്പ് തുടങ്ങിയിരുന്നത് അതിനു മുമ്പുള്ള തിങ്കളാഴ്ചയായിരുന്നു. നോമ്പ് തുടങ്ങി രണ്ട് ദിവസം കൂടി കഴിഞ്ഞ് നോമ്പാരംഭത്തിന്റെ പ്രതീകമായ വിഭൂതി ആചരിക്കുന്നതിനുള്ള പൊരുത്തക്കേട് മാറ്റാനാണ് ഇപ്പോൾ നമ്മൾ അത് തിങ്കളാഴ്ചയാക്കിയിരിക്കുന്നത്. നോമ്പ് നോക്കുക അഥവാ നോമ്പെടുക്കുക എന്ന് പറയുന്നത് ഈ കാലഘട്ടത്തിൽ നാമനുഷ്ഠിക്കുന്ന ഉപവാസവും മാംസവർജ്ജനവും പരിഹാരപ്രവൃത്തികളും പ്രാർത്ഥനകളും തീർത്ഥാടനങ്ങളും സാധുജനസഹായവും എല്ലാം ഉൾപ്പെട്ട പ്രക്രിയയെയാണ്. കേവലം മാംസവർജ്ജനത്തെയല്ല നോമ്പ് എന്നതുകൊണ്ട് വിവക്ഷിക്കുന്നത്.

നാമെല്ലാം പാപികളാണ്. പാപത്തോട് കൂടി നമുക്ക് കർത്താവിനോടൊത്ത് ഉയിർപ്പിന്റെ ജീവിതം ആസ്വദിക്കാൻ കഴിയുകയുമില്ല. അതിനാൽ അവയിൽ നിന്ന് നാം വിടുതൽ പ്രാപിക്കണമെന്നും കർത്താവിനെപ്പോലെ വിശുദ്ധീകരിക്കപ്പെടണം എന്നുമാണ് നോമ്പുകാലവും ആ കാലഘട്ടത്തിൽ നമ്മൾ അനുഷ്ഠിക്കുന്ന ഭക്തകൃത്യങ്ങളും പരിഹാരപ്രവർത്തികളും എല്ലാം നമ്മെ ഓർമ്മപ്പെടുത്തുന്നത്. അതിനായി നമ്മളുടെ ഇഷ്ടങ്ങൾ പലതും ത്യജിക്കണം എന്ന വസ്തുതയും നോമ്പുകാലം നമ്മെ അനുസ്മരിപ്പിക്കുന്നു. അങ്ങനെ ത്യജിക്കേണ്ട കാര്യങ്ങളിൽ പലതും നമ്മുടെ ശരീരത്തിനും മനസ്സിനും സന്തോഷം തരുന്ന കാര്യങ്ങളാണ് എന്നതാണ് ഭക്ഷണപാനിയങ്ങളിൽ നമ്മൾ നിയന്ത്രണം വരുത്താൻ കാരണം. നമ്മിൽ പലരിലുമുള്ള വാശിയും വൈരാഗ്യവും അസൂയയും സ്വാർത്ഥതയും സ്പർദ്ധയും ദുശ്ശീലങ്ങളായ മദ്യപാനവും മയക്കുമരുന്നുകളുടെ ഉപയോഗവും അശ്ലീലസംസാരവും സമ്പത്തിനോടും സ്ഥാനമാനങ്ങളോടുമുള്ള അമിതാസക്തിയും എല്ലാം വർജ്ജിക്കേണ്ട കാര്യങ്ങളുടെ കൂടെ പെടുന്നവ തന്നെ.

കത്തോലിക്കാ കൂട്ടായ്മയിലെ ഓരോ വ്യക്തിസഭയിലും നോമ്പ്, ഉപവാസം, മാംസവർജ്ജനം തുടങ്ങിയ കാര്യങ്ങളെപ്പറ്റി വ്യത്യസ്ത ആചാരങ്ങളാണ് നിലവിലുള്ളത്. പ്രാദേശികമായി വളർന്നു വന്നവയാണ് അവയെന്നതാണ് ഈ വ്യത്യാസങ്ങൾക്ക് കാരണം. ഇക്കാര്യത്തിൽ നമ്മുടെ സഭയുടെ നിർദ്ദേശങ്ങൾ സീറോമലബാർ സഭയുടെ പ്രത്യേക നിയമങ്ങളിൽ കാണാം. അതനുസരിച്ച് ഉപവാസദിനങ്ങളിൽ ഒരു പൂർണ്ണ ഭക്ഷണമാകാം. അതുകൊണ്ടാണ് നമ്മൾ ഈ ദിവസങ്ങളെ ഒരുനേര ദിവസങ്ങൾ എന്ന് വിളിക്കുന്നത്. മാംസവർജ്ജന ദിവസങ്ങളിൽ എല്ലാ

തരത്തിലുമുള്ള മാംസാഹാരങ്ങളും ഉപേക്ഷിക്കാനും സഭാനിയമം നമ്മോട് ആവശ്യപ്പെടുന്നു. വിഭൂതിത്തിങ്കളാഴ്ചയും ദു:ഖവെള്ളിയാഴ്ചയും ഉപവാസം നിർബന്ധമാണ്. വലിയ നോമ്പിലെ എല്ലാ ദിവസവും മാംസവർജ്ജനവും എല്ലാ വെള്ളിയാഴ്ചകളിലും ഉപവാസവും ശുപാർശ ചെയ്യുന്നു. ഉപവാസത്തിൽ മാംസവർജ്ജനവും ഉൾപ്പെടുന്നുണ്ട്.

1966 ൽ പരിശുദ്ധപിതാവ് പോൾ ആറാമൻ മാർപ്പാപ്പ നോമ്പും ഉപവാസവും സംബന്ധിച്ച് പ്രസിദ്ധീകരിച്ച അപ്പസ്തോലിക ലേഖനത്തിൽ ആരെല്ലാമാണ് ഈ നിർദ്ദേശങ്ങൾ അനുസരിക്കേണ്ടത് എന്ന് പറയുന്നുണ്ട്. 18 നും 59 നും ഇടയിൽ പ്രായമുള്ളവരാണ് നോമ്പനുഷ്ഠിക്കാൻ കടപ്പെട്ടിരിക്കുന്നത്. ബാക്കിയുള്ളവർക്ക് അവ ശുപാർശ ചെയ്തിരിക്കുന്നു. എന്നാൽ 14 വയസ്സ് പൂർത്തിയായവർക്ക് മാംസവർജ്ജനം നിർബന്ധമാണ്.

വലിയനോമ്പിനു പുറമേ നമ്മുടെ സഭയിൽ ഉപവാസവും മാംസവർജ്ജനവും അനുഷ്ഠിക്കാൻ കടപ്പെട്ടിരിക്കുന്ന ദിവസങ്ങൾ താഴെപ്പറയുന്നവയാണ്. ക്രിസ്തുമസ്സിനും ദനഹാത്തിരുന്നാളിനും ഇടയിലുള്ള വെള്ളിയാഴ്ചകൾ ഒഴികെ ആണ്ടു വട്ടത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും മാംസവർജ്ജനം നിർബന്ധമാണ്. ഇതിനും പുറമേ മംഗളവാർത്താക്കാലം, മൂന്ന് നോമ്പ്, എട്ടുനോമ്പ്, പതിനഞ്ച് നോമ്പ് എന്നീ അവസരങ്ങളിലും മാംസവർജ്ജനം ശുപാർശചെയ്തിരിക്കുന്നു.

എന്നാൽ കേവലം ഭക്ഷണപാനീയങ്ങളിൽ നിയന്ത്രണം പാലിച്ചതുകൊണ്ട് മാത്രം നോമ്പ് പൂർണ്ണമാകുന്നില്ല. അവ അനുഷ്ഠിക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന നമ്മുടെ മനോഭാവവും നോമ്പിനുശേഷം നമ്മിൽ രൂപപ്പെടേണ്ട മനോഭാവവും വളരെ പ്രധാനപ്പെട്ടതാണ്. നോമ്പ് തുടങ്ങുന്നതിന് മുമ്പായി തലേ ദിവസം പേത്തുർത്താ എന്ന പേരിൽ ഒരു ദിവസവും നാം ആഘോഷിക്കുന്നുണ്ട്. അന്ന് കൂടുതലായി മാംസാഹാരം ഉണ്ടാക്കാൻ നമ്മൾ താൽപര്യപ്പെടുന്നു. ഇവയെല്ലാം കാലാകാലങ്ങളായി നമ്മുടെ അനുഷ്ഠാനങ്ങളായി മാറിയവയാണ്. അവ തുടങ്ങിയ സാഹചര്യങ്ങളിൽ അവയ്ക്ക് പ്രസക്തിയുണ്ടായിരുന്നു. എന്നാൽ പലതിന്റേയും പ്രസക്തിനഷ്ടപ്പെട്ടു എന്നതാണ് വാസ്തവം. അതിനാൽ തന്നെ അവയെല്ലാം ഒരു പുനർവായനയ്ക്ക് നമ്മൾ വിധേയമാക്കണമെന്ന് തോന്നുന്നു.

പേത്തുർത്തായ്ക്ക് സമാനമായ ഒന്ന് പാശ്ചാത്യസഭയിൽ നില

വിലുണ്ട്. പ്രസിദ്ധമായ കാർണിവൽ ആഘോഷങ്ങളാണ് അത്. *മാംസമേ വിട (Carne vale എന്ന ലത്തീൻ വാക്കുകളുടെ അർത്ഥം അതാണ്)* എന്ന് പറഞ്ഞ് മാംസാഹാരമില്ലാത്ത നോമ്പുകാലത്തേയ്ക്ക് പ്രവേശിക്കുന്നതിന് മുമ്പായി വീട്ടിൽ ബാക്കിയുള്ള മാംസാഹാരങ്ങൾ മുഴുവൻ ഭക്ഷിച്ചു തീർക്കുന്ന ഒരു ദിവസമായിരുന്നു അത്. ഇതു തന്നെയാണ് പേത്തുർത്തയിലും നമ്മൾ ചെയ്യുന്നത്. എന്നാൽ ഇവ രണ്ടും ഇന്ന് വലിയ ആഘോഷങ്ങളുടെ ദിവസങ്ങളായി മാറിയിരിക്കുന്നു. വീട്ടിൽ മാംസം മിച്ചമില്ലെങ്കിൽ പ്രത്യേകം വാങ്ങി കഴിക്കുകയാണല്ലോ നമ്മൾ ചെയ്യുന്നത്. കാർണിവലിന്റെ കാര്യത്തിലാണെങ്കിൽ ആഭാസകരമായ പ്രകടനങ്ങളും നൃത്തങ്ങളും അവതരിപ്പിക്കുന്ന ദിവസമായിപ്പോലും അത് മാറിയിരിക്കുന്നു. നല്ല ഉദ്ദേശത്തോടെ തുടങ്ങിയ പേത്തുർത്തായും കാർണിവലുമെല്ലാം എപ്രകാരം വഴിതെറ്റിപ്പോകുന്നു എന്നതിന്റെ പ്രത്യക്ഷോദാഹരണങ്ങളാണ് ഇവയെല്ലാം. നോമ്പിന്റെ കാര്യത്തിലും ഇത് സംഭാവ്യമാണ്.

കത്തോലിക്കരുടെ വിശ്വാസ ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ് നോമ്പും ഉപവാസവും. അതിനായി ചില പ്രത്യേക സമയങ്ങളും സഭ നിർദ്ദേശിച്ച് തന്നിട്ടുണ്ട് എന്ന് മുകളിൽ പറഞ്ഞല്ലോ. അങ്ങനെയുള്ള സമയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കർത്താവിന്റെ ഉയിർപ്പിനായുള്ള കാത്തിരിപ്പ് കാലം. കാരണം തന്റെ പിതാവ് തന്നെ ഭരമേൽപ്പിച്ച ദൗത്യനിർവ്വഹണത്തിന് തടസ്സമായി നിന്ന എല്ലാറ്റിനേയും എങ്ങനെ അതിജീവിക്കണം, എന്ന് കാണിച്ച് തന്നതിന്റെ ഓർമ്മയാണ് ഈ കാലഘട്ടത്തിൽ നാം അനുസ്മരിക്കുന്നത്. പ്രതീകാത്മകമായി ജ്ഞാനസ്നാനത്തിൽ നാം അത് ചെയ്തതാണ്. ജ്ഞാനസ്നാനജലത്തിൽ മുങ്ങുന്നത് ക്രിസ്തുവിനോടൊത്ത് പാപത്തിന് മരിക്കുന്നതിന്റെയും ജലത്തിൽ നിന്ന് കയറി വരുന്നത് ഉയിർത്തെഴുന്നേൽക്കുന്നതിന്റേയും പ്രതീകമായിട്ടാണ് വിശുദ്ധ പൗലോസ് ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനം ആറാം അധ്യായത്തിൽ അവതരിപ്പിക്കുന്നത്. അതായത് ക്രൈസ്തവജീവിതം ഇപ്രകാരം വിശുദ്ധീകരിക്കപ്പെട്ട ജീവിതമായിരിക്കണം. ഈ കാര്യമാണ് വിശുദ്ധ കുർബാനയിൽ നോമ്പുകാലത്തിലെ പ്രാരംഭപ്രാർത്ഥന നമ്മെ അനുസ്മരിപ്പിക്കുന്നത്. ആ പ്രാർത്ഥന ഇങ്ങനെയാണ്: *ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ തിരുക്കുമാരന്റെ രക്ഷാകരരഹസ്യങ്ങളിൽ ഞങ്ങളെ പങ്കുകാരാക്കുന്നതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. പാപം മൂലം അകന്നു*

*പോയ ഞങ്ങൾ അനുതപിക്കുന്ന ഹൃദയത്തോടെ പിതാവായ അങ്ങയെ സമീപിക്കുന്നു. മിശിഹായോട് ചേർന്ന് എളിമയോടും ഹൃദയവിശുദ്ധി യോടും കൂടി പരിഹാരത്തിന്റേയും കൃതജ്ഞതയുടേയും ഈ ബലി യർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കണേ.*

നാം പാപികളായതുകൊണ്ടാണ് നമ്മെത്തന്നെ വിശുദ്ധീകരി ക്കാൻ കുമ്പസാരമെന്ന ഒരു കൂദാശയും കർത്താവ് സ്ഥാപിച്ചിരിക്കു ന്നത്. അതിലൂടെ നാം വിശുദ്ധീകരിക്കപ്പെടണമോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം നമുക്കുണ്ട്. വേണം എന്ന് തീരുമാ നിക്കുമ്പോഴാണ് ക്രൈസ്തവർ എന്ന നിലയിൽ നമ്മൾ നമ്മുടെ സ്വാതന്ത്ര്യം ശരിയായി ഉപയോഗിക്കുന്നത്. നിർഭാഗ്യവശാൽ പാപ ബോധം നഷ്ടപ്പെട്ട ഒരു ലോകത്തിലാണ് നമ്മൾ ജീവിക്കുന്നത് എന്ന് പറയേണ്ടിയിരിക്കുന്നു. തനിയ്ക്ക് ലാഭകരമാകുന്ന എന്തും ശരിയാണ് എന്നൊരു നിലപാടിലാണ് പലരും എത്തിച്ചേർന്നിരിക്കുന്നത്. വളരെ അപകടകരമായ ഒരു നിലപാടാണ് അതെന്ന് നാം മനസ്സിലാക്കേണ്ട തുണ്ട്. സമൂഹത്തിൽ വർദ്ധിച്ചു വരുന്ന അഴിമതിയും അക്രമവും കൈക്കൂലിയും സ്ത്രീപീഡനവും മറ്റുള്ളവരോടുള്ള പരിഗണനക്കുറവും മറ്റും ഈ നിലപാടിന്റെ പരിണിതഫലങ്ങളാണ്.

ഈ വർഷം നമ്മൾ വിശ്വാസവർഷമായി ആചരിക്കുകയാണല്ലോ. ശരിയായ കത്തോലിക്കാ വിശ്വാസം എന്താണെന്ന് മനസ്സിലാക്കുകയും അതിനനുസരിച്ച് ജീവിക്കുകയും മറ്റുള്ളവരെ ജീവിക്കാൻ പഠിപ്പിക്കു കയും ചെയ്യുക എന്നതാണ് ഈ ആചരണത്തിന്റെ മുഖ്യലക്ഷ്യം. നോമ്പിന്റെ ലക്ഷ്യവും മറ്റൊന്നല്ല. അങ്ങനെ ക്രിസ്തുകേന്ദ്രീകൃതമായ ഒരു മനോഭാവത്തിലേയ്ക്കും ജീവിതത്തിലേയ്ക്കും നോമ്പും വിശ്വാസ വർഷാചരണവും നമ്മെ നയിക്കണം. ഇത് കേവലം അത്മായവിശ്വാസി കളുടെ മാത്രം കാര്യവുമല്ല. സഭയിലെ മെത്രാന്മാരും വൈദികരും സന്യ സ്തരും എല്ലാം ഈ പ്രക്രിയയിലൂടെ കടന്നു പോകണം. അപ്പോഴേ നമ്മുടേത് ക്രിസ്തുകേന്ദ്രീകൃതവും ഉയിർപ്പിനെ ലക്ഷ്യം വച്ചുകൊണ്ട് നീങ്ങുന്നതുമായ ഒരു സഭയാവുകയുള്ളു. ശരിയായ കത്തോലിക്കാ വിശ്വാസം എന്തെന്ന് നമുക്ക് മനസ്സിലാകണമെങ്കിൽ നാം നിരന്തരം വിശുദ്ധഗ്രന്ഥം വായിക്കുകയും ധ്യാനിക്കുകയും അവയെപ്പറ്റിയുള്ള സഭാപ്രബോധനം എന്തെന്ന് മനസ്സിലാക്കുകയും വേണം. കാരണം കത്തോലിക്കാവിശ്വാസമെന്നത് കേവലം ചില വ്യക്തിപരമായ അനുഭ വങ്ങളിൽ ഒതുങ്ങി നിൽക്കുന്നതല്ല. നിരന്തരമായ കൗദാശികജീവിതവും

വിശുദ്ധ കുർബാനയിലുള്ള സജീവ ഭാഗഭാഗിത്വവും നമ്മുടെ സ്വത്തിന്റെ പങ്കുവയ്ക്കലും എല്ലാം നമ്മുടെ വിശ്വാസജീവിതത്തിന്റെ അളവുകോലുകളാണ്.

തന്റെ പിതാവിന്റെ കല്പനകളോടുള്ള പൂർണ്ണവിധേയത്വമാണ് കർത്താവിനെ ഉയിർപ്പിലേയ്ക്ക് നയിച്ചത്. ഇതായിരിക്കണം ഓരോ ക്രൈസ്തവവിശ്വാസിയുടേയും മനോഭാവം. അപ്പോൾ നമുക്കും ഉയിർപ്പിന്റെ സന്തോഷം അനുഭവിക്കാൻ സാധിക്കും. നമ്മുടെ പ്രയാസങ്ങളേയും ബുദ്ധിമുട്ടുകളേയും പ്രതിസന്ധികളേയും കുടുംബപ്രശ്നങ്ങളേയും എല്ലാം പിതാവിന്റെ ഇഷ്ടമായി കർത്താവിന്റെ പീഢാനുഭവങ്ങളോട് ചേർത്ത് വയ്ക്കാം. അപ്പോൾ അവ നമ്മെ ഉയിർപ്പിന്റെ സന്തോഷത്തിലേയ്ക്ക് നയിക്കും. ഏവർക്കും ദൈവാനുഗ്രഹം നിറഞ്ഞ ഈസ്റ്റർ ആശംസിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2013 ജനുവരി മാസം 20–ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2013 ഫെബ്രുവരി മാസം 10–ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# തിരുബാലസഖ്യദിനം

## 2013 ഫെബ്രുവരി 10

### കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, കുഞ്ഞുമക്കളേ,

എല്ലാ വർഷവും ഫെബ്രുവരി രണ്ടാമത്തെ ഞായറാഴ്ചയാണല്ലോ തിരുബാലസഖ്യദിനമായി ആഗോളകത്തോലിക്കാ സഭ ആചരിക്കുന്നത്. ബാലനായ ഈശോയുടെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ദിനമാണിത്. 1843-ൽ ഫ്രാൻസിലെ നാൻസി രൂപതാദ്ധ്യക്ഷനായിരുന്ന ബിഷപ് ചാൾസ് ഡി ഫോർബിൻ ജാക്സൺ ആണ് തിരുബാലസഖ്യം എന്ന സംഘടന സ്ഥാപിക്കുന്നത്. 1922-ൽ 10-ാം പീയൂസ് മാർപാപ്പാ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും 1950-ൽ 11-ാം പീയൂസ് മാർപാപ്പാ എല്ലാ വർഷവും ഫെബ്രുവരി രണ്ടാം ഞായർ തിരുബാലസഖ്യദിനമായി ആചരിക്കണമെന്ന് നിഷ്കർഷിക്കുകയുമുണ്ടായി. കുഞ്ഞുങ്ങളുടെ ക്രിസ്തീയരൂപീകരണത്തിന് സഹായകമാകത്തക്കവിധം ഈ ദിനം ഉചിതമായി ആചരിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്നു താത്പര്യപ്പെടുന്നു.

നസ്രത്തിലെ തിരുക്കുടുംബത്തിൽ നിറഞ്ഞുനിന്ന ഒരുമയുടെയും സ്നേഹത്തിന്റെയും ദൈവാശ്രയത്വത്തിന്റെയും ചൈതന്യം നമ്മുടെ കുടുംബങ്ങളിലും പുലരട്ടെ. ബാലനായ ഈശോയ്ക്ക് ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവരാൻ അനുയോജ്യമായ പശ്ചാത്തലം നസ്രസ്സിലെ തിരുകുടുംബത്തിലുണ്ടായിരുന്നു. ദൈവഹിതമനുസരിച്ചുകൊണ്ട് ഉത്തമകുടുംബജീവിതം നയിക്കുന്ന മാതാപിതാക്കളുടെ സാക്ഷ്യവും ശിക്ഷണവുമാണ് നമ്മുടെ കുഞ്ഞുങ്ങളെ നല്ലവരായി വളരാൻ സഹായിക്കുന്നത്.

കുടുംബവും ജീവിതസാഹചര്യങ്ങളുമാണ് ജീവിതനിലപാടുകൾ

രൂപീകരിക്കുന്നതിൽ കുഞ്ഞുമനസ്സുകളെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങൾ. ആകയാൽ നല്ല കുടുംബങ്ങളുടെ രൂപീകരണത്തിൽ നാം ഏറ്റവും വലിയ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

ദൈവത്തിന്റെ പദ്ധതിയോട് പൂർണമായും സഹകരിച്ച് കുടുംബ ജീവിതം നയിച്ച ദമ്പതിമാരായിരുന്നു മറിയവും യൗസേപ്പും. സുവി ശേഷം തന്നെയായ ഈശോയുടെ സാന്നിദ്ധ്യം നസ്രസ്സിലെ കുടും ബത്തെ സ്വർഗ്ഗീയമാക്കി. ഈശോയാകുന്ന സുവിശേഷത്താൽ നമ്മുടെ കുടുംബങ്ങൾ സ്വർഗ്ഗീയ ചൈതന്യം ഉൾക്കൊള്ളണമെങ്കിൽ അവിടെ ജനിച്ചു വളരുന്ന മക്കൾ കർത്താവിന്റെ സ്വരം തിരിച്ചറിയാനും സുവിശേഷത്തിന് സാക്ഷ്യം വഹിക്കാനും ഇടയാകണം. അതിന് മുതിർന്നവർ അവർക്ക് മാർഗ്ഗദർശനം നല്കണം.

ഉപഭോക്തൃസംസ്കാരത്തിന്റെ സ്വാധീനങ്ങളും വഴിഭ്രംശം സംഭ വിച്ച പ്രത്യയശാസ്ത്രങ്ങളും നമ്മുടെ കുഞ്ഞുങ്ങളെ വഴിപിഴപ്പിക്കുന്നത് വേദനിപ്പിക്കുന്ന കാഴ്ചയാണ്. കുടുംബത്തിന്റെ പവിത്രതയും ഐക്യവും സംരക്ഷിക്കുന്ന ധാർമ്മികാടിത്തറയിലാകണം കുഞ്ഞുങ്ങൾ പരിശീലിപ്പിക്കപ്പെടുന്നത്.

സാധാരണയായി 12 വയസ്സുവരെ പ്രായമുള്ള കുട്ടികളാണ് തിരു ബാലസഖ്യത്തിൽ അംഗങ്ങളാകുന്നത്. ഈ സുപ്രധാന കാലഘട്ട ത്തിൽ കുഞ്ഞുമനസ്സുകളുടെ ശരിയായ രൂപീകരണത്തിന് വേണ്ടതെല്ലാം നാം കരുതലോടെ ചെയ്യേണ്ടതുണ്ട്. 12-ാം വയസ്സിൽ ബാലനായ ഈശോ ദൈവാലയത്തിൽ വച്ച് തന്റെ ജീവിതദൗത്യത്തെക്കുറിച്ചുള്ള ബോധ്യം വ്യക്തമാക്കി. ഇളംപ്രായത്തിൽ ജീവിതത്തെക്കുറിച്ച് ശരിയായ കാഴ്ചപ്പാട് നമ്മുടെ കുഞ്ഞുങ്ങൾക്കു ലഭിക്കാനിടയാകണം. അവർക്ക് ഇടർച്ച നല്കാതിരിക്കാൻ മുതിർന്നവർ, പ്രത്യേകിച്ച് മാതാപിതാക്കന്മാർ ശ്രദ്ധിക്കണം.

നല്ല ബോധ്യങ്ങളിൽ അധിഷ്ഠിതമായ വ്യക്തിത്വരൂപീകരണം കുട്ടികൾക്കു ലഭിച്ചെങ്കിലേ അധാർമ്മികതയുടെയും തിന്മയുടെയും ശക്തികളെ അതിജീവിക്കാൻ അവർക്കു കഴിയൂ. കുടുംബം, ഇടവക, വിദ്യാലയം, സമൂഹം എന്നീ തലങ്ങളിലെ സാദ്ധ്യതകളും സാഹചര്യ ങ്ങളും ശരിയായി പ്രയോജനപ്പെടുത്തി സഹകരിച്ച് പ്രവർത്തിച്ചെങ്കിലേ ഈ രൂപീകരണം ഫലപ്രദമാവുകയുള്ളൂ. സഭയുടെ മാർഗ്ഗനിർദ്ദേശങ്ങ ളനുസരിച്ച് ദൈവവിളി തിരിച്ചറിയാനും അതിനോട് ശരിയായി പ്രതിക രിക്കാനും ഓരോ വ്യക്തിക്കും സാധിക്കണം.

“കുഞ്ഞുങ്ങൾ എന്റെ അടുത്തുവരുവാൻ അനുവദിക്കുവിൻ, അവരെ തടയരുത്” എന്ന ഈശോയുടെ നിർദ്ദേശവും “എന്റെ ഈ എളിയ സഹോദരരിൽ ഒരുവന് നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തു തന്നത്” എന്ന വെളിപ്പെടുത്തലും നാം ശരിയായി മനസ്സിലാക്കി പ്രവർത്തിക്കണം. ദൈവസമ്മാനമായ കുഞ്ഞുങ്ങൾക്കു ജന്മം നല്കി കുടുംബത്തിലേക്കും ഇടവകയിലേക്കും സമൂഹത്തിലേക്കും അവരെ കൈപിടിച്ചു വളർത്തുമ്പോൾ ദൈവപദ്ധതിയോടാണ് മാതാപിതാക്കന്മാർ സഹകരിക്കുന്നത്. ഈ മേഖലകളിലെല്ലാം ദൈവഹിതമനുസരിച്ച് വ്യാപരിക്കാനും ചുമതലകൾ നിറവേറ്റാനും മക്കൾക്കാകണം. എതിർശക്തികളെ ചെറുത്തു തോല്പിക്കാനുള്ള കരുത്തും ദൈവകൃപയും അവർക്കുണ്ടായിരിക്കണം. അത്തരത്തിലുള്ള ശിക്ഷണവും ജീവിതശൈലിയുമാണ് അവർക്ക് ലഭിക്കേണ്ടത്. ചുമതലപ്പെട്ടവർ ഇക്കാര്യം ഗൗരവപൂർവ്വം കണക്കിലെടുക്കണം; മാതാപിതാക്കന്മാർ, അദ്ധ്യാപകർ, ആത്മീയപിതാക്കന്മാർ തുടങ്ങിയവർക്കെല്ലാം “ഈ എളിയവരിൽ ആർക്കെങ്കിലും ഉതപ്പ് നൽകുന്നവൻ കഴുത്തിൽ തിരികല്ല് കെട്ടി ആഴക്കടലിൽ താഴ്ത്തപ്പെടുന്നതാണ് നല്ലതെന്ന” കർത്താവിന്റെ തിരുവചനം ഗൗരവമേറിയ ഒരു മുന്നറിയിപ്പാണ്.

തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ ഓരോ കുഞ്ഞിലും നസ്രത്തിലെ തിരുബാലനെ കണ്ടുകൊണ്ട് പ്രവർത്തിക്കാൻ നമുക്കേവർക്കും കഴിയണം. ഇളംതലമുറയുടെ വ്യക്തിത്വരൂപീകരണം ദൈവവിളി പരിപോഷിപ്പിക്കാൻ ഉതകുന്നതായിരിക്കണം. അതിനായി ചില പ്രായോഗിക നിർദ്ദേശങ്ങൾ സൂചിപ്പിക്കട്ടെ.

1. കുടുംബത്തിലെ അന്തരീക്ഷം ശാന്തിയും സമാധാനവും നിറഞ്ഞതായിരിക്കണം. കുട്ടികളുടെ മുന്നിൽ പരസ്പരസ്നേഹത്തിനെതിരായ പ്രവൃത്തികളോ ചർച്ചകളോ പാടില്ല. സ്നേഹത്തിനു നിരക്കാത്ത പദപ്രയോഗങ്ങൾ ഒഴിവാക്കണം. കരുണയോടെ പെരുമാറണം. തിരുസഭയെയും സഭാധികാരികളെയും സന്ന്യസ്തരെയും കുറിച്ച് സ്നേഹത്തോടും ബഹുമാനത്തോടും കൂടെ സംസാരിക്കുക.
2. കുട്ടികൾക്ക് ദൈവവചനവും വിശുദ്ധരുടെ ജീവിത കഥകളും ലഭ്യമാക്കുക. കുട്ടികളോടൊപ്പം പ്രാർത്ഥനകളിലും തിരുനാളുകളിലും തിരുപ്പട്ട-സന്ന്യാസവ്രതസ്വീകരണ വേളകളിലും പങ്കെടുക്കുക.

3. ഇടവകാടിസ്ഥാനത്തിലും ഫൊറോനാ, രൂപതാടിസ്ഥാനത്തിലും കുട്ടികൾക്ക് ആത്മീയ ഉണർവുണ്ടാക്കുന്ന റാലികൾ, മത്സരങ്ങൾ, സെമിനാറുകൾ, ധ്യാനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക.

4. സിസ്റ്റേഴ്സിനെ തിരുബാലസഖ്യ ആനിമേറ്റേഴ്സായി നിയമിക്കുകയും ആഴ്ചയിലൊരിക്കൽ ഈ ആനിമേറ്ററുടെ നേതൃത്വത്തിൽ സമ്മേളനവും പ്രാർത്ഥനയും സംഘടിപ്പിക്കുകയും വേണം. അവർ കുട്ടികളുമായി സ്നേഹപൂർവ്വം ഇടപെട്ട് ദൈവവിളിയെ പരിപോഷിപ്പിക്കുന്ന ചിന്തയും മനോഭാവവും വളർത്തണം.

5. വിശ്വാസവിരുദ്ധ സ്വാധീനത്തിൽ കുട്ടികൾ ഉൾപ്പെടാതിരിക്കാൻ ജാഗ്രത പുലർത്തണം. പാഠ്യവിഷയങ്ങൾക്കുമപ്പുറം കുട്ടികളുടെ ആദ്ധ്യാത്മിക വളർച്ചയെ മുന്നിൽ കണ്ട് ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ ആകർഷകമായി നല്കണം.

6. ദൃശ്യശ്രാവ്യ വാർത്താവിനിമയ മാധ്യമങ്ങളിലൂടെയും മറ്റ് സാമൂഹിക ചുറ്റുപാടുകളിലൂടെയും കുഞ്ഞുമനസ്സുകളിൽ ദൈവചിന്തയെ ഉണർത്തണം. ആദ്ധ്യാത്മികതയ്ക്ക് ഹാനികരമായ ഉപഭോക്തൃ സംസ്കാരത്തിന്റെ ദോഷവശങ്ങളെക്കുറിച്ച് കുട്ടികൾക്ക് മുന്നറിയിപ്പ് നൽകി അവയുടെ സ്വാധീനത്തിൽ അവർ ഉൾപ്പെടാതിരിക്കാൻ സഹായിക്കുക.

7. വിദ്യാലയ അന്തരീക്ഷത്തിൽ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും പെരുമാറ്റവും സംസാരവും ചർച്ചകളും സഭയോടും സഭാമേലധികാരികളോടും സ്നേഹവും ആദരവും പുലർത്തുന്ന വിധമായിരിക്കണം. കുട്ടികളുടെ ചിന്തകളെ സ്വർഗ്ഗോന്മുഖമാക്കുന്ന ചിത്രങ്ങളും ദൈവവചന ലിഖിതങ്ങളും ഇപ്രകാരമൊരു ആന്തരികത സംജാതമാക്കുന്നതിന് ഉപയോഗപ്പെടുത്താവുന്നതാണ്.

8. സുവിശേഷവേലയ്ക്കു വേണ്ടി ജീവിതം ഉഴിഞ്ഞു വയ്ക്കുന്നത് അഭികാമ്യമാണെന്നും ദൈവാനുഗ്രഹപ്രദമാണെന്നും കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുക; ഇപ്രകാരമുള്ള വിഷയങ്ങൾ ചർച്ചാവിഷയമാക്കുക.

9. ദൈവസേവനത്തിനും ദൈവാലയ ശുശ്രൂഷയ്ക്കും കുട്ടികളിൽ ആഗ്രഹം ജനിപ്പിക്കുക, അവരെ അതിന് പ്രോത്സാഹിപ്പിക്കുക.

കുടുംബത്തിൽ ജനിച്ച്, ഇടവകയിലും വിദ്യാലയത്തിലും വളർന്ന്, സഭയിലും സമൂഹത്തിലും പടർന്നു പന്തലിക്കുന്ന ആത്മീയ വളർച്ച യുടെയും ദൈവവിളി പോഷണത്തിന്റെയും സംസ്കാരമാകട്ടെ രണ്ടാ യിരത്തിപതിമൂന്നിന്റെ തിരുബാലസഖ്യ ലക്ഷ്യം.

ഈശോയിൽ ഏറ്റവും പ്രിയപ്പെട്ട കുഞ്ഞുമക്കളേ, ഈശോയുടെ കൈപിടിച്ച് അവന്റെ കൂടെ നടക്കാൻ എന്നും നിങ്ങൾക്ക് സാധിക്കട്ടെ. കാരുണ്യവാനായ ദൈവം നിങ്ങളെയെല്ലാവരെയും അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

**ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുംന്തോട്ടം**

ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് യൂഹാനോൻ മാർ ക്രിസോസ്റ്റോം**

വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് ഡോ. വിൻസെന്റ് സാമുവേൽ**

വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

---

**NB:- ഈ സർക്കുലർ 2013 ഫെബ്രുവരി മാസം 10–ാം തീയതിയോ അല്ലെങ്കിൽ സൗകര്യപ്രദമായ മറ്റൊരു ഞായറാഴ്ചയോ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായി ക്കുകയോ ഇതിലെ പ്രധാന ആശയങ്ങൾ ജനങ്ങൾക്ക് വിശ ദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.**



# സർക്കുലർ

***Circular Letter No. 05/2013***
***Prot. No. 13171/2013***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ വിശ്വാസജീവിതത്തിൽ നമുക്ക് വഴികാട്ടിയായി എപ്പോഴും നമ്മോടൊപ്പമുള്ള ഒന്നാണ് ദൈവവചനമുൾക്കൊള്ളുന്ന വിശുദ്ധഗ്രന്ഥം. പഴയനിയമം, പുതിയനിയമം എന്നിങ്ങനെ അതിന് രണ്ട് ഭാഗങ്ങളുണ്ട് എന്ന് നിങ്ങൾക്കറിയാം. പാപം ചെയ്ത് ദൈവപുത്ര സ്ഥാനം നഷ്ടപ്പെടുത്തിയ മനുഷ്യനെ വീണ്ടും ആ പദവിയിലേയ്ക്ക് തിരികെയെത്തിക്കാൻ അഥവാ മനുഷ്യനെ രക്ഷിക്കാൻ ദൈവം ആവിഷ്ക്കരിച്ച പദ്ധതിയുടെ പൂർത്തീകരണചരിത്രമാണ് വിശുദ്ധ ഗ്രന്ഥം. ഈ രക്ഷാകരപദ്ധതിയുമായി സഹകരിക്കുന്നവർക്കാണ് അതിന്റെ ഫലം ലഭ്യമാകുന്നത് എന്നത് വ്യക്തമാണല്ലോ. അതുകൊണ്ട് തന്നെ എന്താണ് അവിടുത്തെ രക്ഷാകരപദ്ധതിയിലൂടെ ദൈവം തയ്യാറാക്കിയത് എന്നും അതിൽ നാമെങ്ങനെ സഹകരിക്കണം എന്നും വചനം നമ്മെ പഠിപ്പിക്കുന്നു.

എഴുതപ്പെട്ട ദൈവവചനത്തോടൊപ്പം എഴുതപ്പെടാത്ത വചനവുമുണ്ട്. പ്രത്യേകിച്ച് പുതിയ നിയമത്തെ സംബന്ധിച്ച് ഇത് കർത്താവിന്റെയും വിശുദ്ധ പൗലോസ് ശ്ലീഹായുടേയും മറ്റും പ്രബോധനങ്ങളിൽ നിന്ന് വളരെ വ്യക്തമാണ്. സഭയുടെ വിശുദ്ധ പാരമ്പര്യങ്ങളിലാണ് എഴുതപ്പെടാത്ത ദൈവവചനത്തെ നമ്മൾ കണ്ടുമുട്ടുന്നത്. അതുകൊണ്ട് കത്തോലിക്കരായ നമ്മെ സംബന്ധിച്ച് എഴുതപ്പെട്ടതും എഴുതപ്പെടാത്തതുമായ ദൈവവചനത്തിൻമേലാണ് നമ്മുടെ വിശ്വാസം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് എന്നതാണ് സത്യം. ഇക്കാര്യത്തെപ്പറ്റി 2012 നവംബർ മാസത്തിലെ ബുള്ളറ്റിനിൽ ഞാൻ എഴുതിയിരുന്നത് നിങ്ങൾ വായിച്ചുകാണുമല്ലോ.

എഴുതപ്പെട്ട ദൈവവചനം നാം ഓരോ ദിവസവും വായിക്കുകയും

ധ്യാനിക്കുകയും ചെയ്യണം. കാരണം ഓരോ സാഹചര്യത്തിലും എങ്ങനെ പെരുമാറണം എന്നതിനുള്ള ഉൾക്കാഴ്ച ദൈവവചനത്തിൽ നിന്ന് നമുക്ക് ലഭിക്കുന്നു. വിശുദ്ധ ഗ്രന്ഥത്തെ ദൈവവചനം അറിയാനുള്ള ഒരുപാധി എന്നതിലുപരി നമ്മുടെ അനുദിനജീവിതത്തിന് ഒരു വഴികാട്ടി എന്ന നിലയിലാണ് നമ്മൾ പരിഗണിക്കേണ്ടത് എന്ന് ഞാൻ പറയാതെ നിങ്ങൾക്കറിയാം. നിങ്ങളിൽ വളരെപ്പേർ ഏതൊരു പ്രധാന കാര്യം ചെയ്യുന്നതിനും മുമ്പായി വചനം വായിച്ച് ദൈവത്തിന്റെ ഇഷ്ടം മനസ്സിലാക്കാൻ ശ്രമിക്കുന്നവരാണ്. ദൈവേഷ്ടമനുസരിച്ച് നമ്മൾ ജീവിക്കുമ്പോൾ നമുക്ക് ജീവിതത്തിൽ നന്മയുണ്ടാകുന്നു. അങ്ങനെ വചനം നമുക്ക് ജീവന്റെ ഉറവിടമായിത്തീരുന്നു.

വചനപ്രഘോഷണങ്ങൾ ഉൾക്കൊള്ളുന്ന ബൈബിൾ കൺവെൻഷനുകൾ ഇന്ന് ഒരു സാധാരണസംഭവമാണ്. നമ്മുടെ രൂപതയിലും സ്ഥിതി വ്യത്യസ്തമല്ല. എല്ലാ ആദ്യശനിയാഴ്ചകളിലും നമ്മുടെ പാസ്റ്ററൽ സെന്ററിൽ തന്നെയുള്ള സിയോൻ ധ്യാനകേന്ദ്രത്തിൽ നമ്മൾ അപ്രകാരം ചെയ്യുന്നുണ്ട്. അതിൽ ധാരാളം പേർ സംബന്ധിക്കുന്നുമുണ്ട്. ഈ വരുന്ന 2013 ഏപ്രിൽ 15 മുതൽ 18 വരെയുള്ള തീയതികളിൽ വിശ്വാസവർഷത്തോടനുബന്ധിച്ച് സവിശേഷമായി നമ്മൾ ഒരു രൂപതാകൺവെൻഷൻ സംഘടിപ്പിക്കുന്നുണ്ട്. പാലക്കാട് രൂപതയിലെ താവളം സെഹിയോൻ കേന്ദ്രമാക്കി വചനശുശ്രൂഷ നടത്തുന്ന ബഹുമാനപ്പെട്ട സേവ്യർ ഖാൻ വട്ടായിലച്ചനും നമ്മുടെ രൂപതയിലെ നവീകരണശുശ്രൂഷകളുടെ ഡയറക്ടർ ബഹുമാനപ്പെട്ട അഗസ്റ്റിൻ താന്നിയിലച്ചനും സെഹിയോൻ ടീമും ആണ് ഈ കൺവെൻഷൻ നയിക്കുന്നത്. നിങ്ങളിൽ പലരും ബഹുമാനപ്പെട്ട വട്ടായിലച്ചന്റെ വചനപ്രഘോഷണ ശുശ്രൂഷയിൽ പങ്കെടുത്തിട്ടുണ്ടാകും.

ഏപ്രിൽ 15 മുതൽ 18 വരെ ദിവസവും രാവിലെ 9 മണിക്ക് തുടങ്ങി വൈകുന്നേരം 4 മണിക്ക് അവസാനിക്കത്തക്കവിധമാണ് കൺവെൻഷൻ ഒരുക്കിയിരിക്കുന്നത്. കൺവെൻഷൻ നടക്കുന്ന സ്ഥലം ദ്വാരക പാസ്റ്ററൽ സെന്ററാണ്. പാസ്റ്ററൽ സെന്ററിൽ നിന്ന് വളരെ അകലെയുള്ള ഇടവകകളിൽ നിന്ന് എല്ലാ ദിവസവും ആളുകൾക്ക് വന്നുപോകാൻ വിഷമമായിരിക്കും എന്നറിയാം. എങ്കിലും സാധിക്കുന്ന എല്ലാവരും ഈ കൺവെൻഷനിൽ പങ്കെടുക്കണം എന്നഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാരും ഇടവകയിൽ ശുശ്രൂഷ ചെയ്യുന്ന

സമർപ്പിതരും ഇക്കാര്യം എല്ലാവരേയും അറിയിച്ച് കഴിയുന്നത്ര ആളുകളെ പങ്കെടുപ്പിക്കാൻ ശ്രമിക്കുകയും കൺവെൻഷന്റെ വിജയത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. രൂപതയിലെ മുഴുവൻ കുടുംബങ്ങളിലും എത്തിക്കുന്ന കൺവെൻഷന്റെ വിജയത്തിനായുള്ള പ്രാർത്ഥന എല്ലാദിവസവും കുടുംബപ്രാർത്ഥനയുടെ അവസാനം ചൊല്ലേണ്ടതാണ്. കർത്താവിന്റെ കൃപ നിങ്ങളോടുകൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2013 ജനുവരി മാസം 20–ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2013 ഫെബ്രുവരി മാസം 24–ന് ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

## സീറോ മലബാർസഭയുടെ മിഷൻഫണ്ട് രൂപീകരണം – ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

സീറോ മലബാർ സഭയുടെ മിഷൻ രൂപതകളെ സഹായിക്കാൻ ഒരു മിഷൻ ഫണ്ട് സ്വരൂപിക്കുന്നതിനെപ്പറ്റി ഏതാനും നാൾ മുമ്പ് നമ്മുടെ മേജർ ആർച്ച്ബിഷപ്പ് എല്ലാ രൂപതകളിലേയ്ക്കും എഴുതിയിരുന്നല്ലോ. അതിനായി മേജർ ആർച്ച്ബിഷപ്പിന്റെ ആസ്ഥാനത്ത് ഒരു ഓഫീസും പ്രവർത്തിക്കുന്നുണ്ട്. ഗുജറാത്തിലെ രാജ്ക്കോട്ട് രൂപതയുടെ മുൻ മെത്രാൻ അഭിവന്ദ്യ ഗ്രിഗറി കരോട്ടെമ്പ്രേൽ പിതാവിനാണ് അതിന്റെ ചുമതല. നമ്മുടെ ഇടവകകളിലെ കുടുംബങ്ങളിൽനിന്ന് ചെറുതും വലുതുമായ തുകകൾ സ്വീകരിക്കുകയാണ് ഫണ്ട് സ്വരൂപിക്കാനുള്ള ഒരു മാർഗ്ഗമെന്ന് അഭിവന്ദ്യ മേജർആർച്ച് ബിഷപ്പ് സൂചിപ്പിച്ചിരുന്നതും നിങ്ങൾ ഓർക്കുമല്ലോ. ഓരോ വർഷവും ഒരു കുടുംബം കുറഞ്ഞത് 200 രൂപയും സ്ഥാപനങ്ങൾ കുറഞ്ഞത് 500 രൂപയും കൊടുക്കണം എന്നായിരുന്നു സിനഡിന്റെ അഭ്യർത്ഥന. നമ്മുടെ രൂപതയിൽനിന്ന് ഒട്ടു മിക്ക സ്ഥാപനങ്ങളും, പ്രത്യേകിച്ച് സമർപ്പിതരുടെ ഭവനങ്ങൾ, ആ തുക കൊടുത്തു എന്നത് ഏറെ അഭിമാനകരമാണ്. കൊടുക്കാത്തവർ എത്രയുംവേഗം കൊടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു. ഇനിയും കുടുംബങ്ങളിൽ നിന്നാണ് ശേഖരിക്കാനുള്ളത്. അതിനായി ഓരോ കുടുംബത്തിലും കൊടുക്കാനുള്ള കത്തുകൾ തയ്യാറാക്കി എല്ലാ ഫൊറോനാ കേന്ദ്രങ്ങളിലും എത്തിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ആ കത്തുകൾ എത്രയുംവേഗം എല്ലാ കുടുംബങ്ങളിലും എത്തിക്കുകയും തിരികെ കൊണ്ടു വന്ന് തരുന്ന കത്തുകളിലുള്ള പണത്തിന്റെ ഒരു ലിസ്റ്റ് തയ്യാറാക്കുകയും അവ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും ചെയ്യണം. ഒരു ഇടവകയിലെ കുടുംബങ്ങളിൽ നിന്നും കിട്ടുന്ന തുകകളെല്ലാം ഒരുമിച്ച് ഇടവകയുടെ പേരിൽ ഇനി പറയുന്ന വിലാസത്തിൽ അയച്ച് കൊടുക്കുകയും ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു. തുക അവിടെ കിട്ടികഴിയുമ്പോൾ ഇടവകയുടെ പേരിൽ രശീത് അവർ അയച്ചു തരുന്നതാണ്.

Director A.S.S.M.
Major Archiepiscopal Curia,
Mount St. Thomas, P.B. No. 3110
Kakkanad P.O., Kochi - 682030, Kerala,
India. Tel : 0484 2428271 Mob: 9497746946 (O)
E-mail : syromalabarassm@gmail.com
www.assmmission.org.

നേരിട്ട് Account - ലേക്ക് അയക്കുന്നവർ ബാങ്ക് Account –ന്റെ വിശദാംശങ്ങൾ ശ്രദ്ധിക്കുമല്ലോ.

Within India
SOUTH INDIAN BANK
Kakkanad Branch, Kochi, Kerala, India
Account Name : Syro-Malabar Mission Fund
Account No: 0313053000003282
IFSC CODE : SIBL0000313
Outside India
FEDRAL BANK
Ernakulam Broadway Branch, Kochi, India
Account Name: Syro-Malabar Bishop's Synod
Account No: 12830100044953
SWIFT : FDRL IN BB IBD.

ഇടവകകളിൽകിട്ടുന്ന തുകയുടെ 5% ഈ കാര്യത്തിന് വരുന്ന മറ്റ് ചിലവുകൾക്കായി ഇടവകയിലേയ്ക്ക് എടുക്കാവുന്നതാണ്. ബാക്കി തുക മാത്രം അയച്ച് കൊടുത്താൽ മതിയാകുന്നതാണ്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

അറേബ്യൻ ഗൾഫ് രാജ്യങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള കത്തോലിക്കാ മതപരമായ ചടങ്ങുകളിൽ സംബന്ധിക്കാൻ പോകുന്ന സീറോ മലബാർ വൈദികർക്കും സന്യസ്തർക്കുമായി സീറോ മലബാർ സഭയുടെ പ്രവാസികാര്യ കമ്മീഷൻ അഭിവന്ദ്യ മേജർ ആർച്ച്ബിഷപ്പിന്റെ അംഗീകാരത്തോടെ പുറപ്പെടുവിച്ച മാർഗ്ഗരേഖകളാണ് താഴെ ക്കൊടുക്കുന്നത്. ആ രാജ്യങ്ങളിലുള്ള സീറോ മലബാർ സമൂഹങ്ങൾക്കിടയിൽ പലപ്പോഴും വഴക്കിനും ഭിന്നിപ്പിനും ഇവിടെ നിന്നുള്ള സന്ദർശനങ്ങൾ കാരണമാകുന്നു എന്നതാണ് ഈ മാർഗ്ഗരേഖകൾ പുറപ്പെടുവിക്കാൻ കാരണം. അതുപോലെ തന്നെ അവിടെയുള്ള സഭാധികാരികളും അനുവാദം കൂടാതെയുള്ള സന്ദർശനങ്ങൾ സ്വാഗതം ചെയ്യുന്നില്ല.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

1. Those who are invited need to be invited by the local priests-in-charge or pastors with the consent of the ecclesiastical authority concerned.
2. The invited persons should also get the written consent of their own local Hierarch and the concurrence of the Commission for Evangelization and Pastoral Care of the Migrants of the Syro-Malabar Church. For obtaining this consent the office of the Commission for Pastoral Care of Migrants and Evangelization located at Mount St. Thomas may be contacted.
3. If they are undertaking public religious functions in the countries of Arabian Gulf countries, they should go on religious visa and not on any type of visa.
4. Fund raising from the public shall be done only with the written consent from the concerned priest-in-charge of the locality as well as of the ecclesiastical authority.

**Bp. Sebastian Vadakel**
Chairman, Commission for Pastoral
Care of Migrants and Evangelization

# ലോകരോഗീദിന സന്ദേശം ।।

## ഫെബ്രുവരി 2013

## ഇരുപത്തിയൊന്നാം ലോകരോഗീദിനത്തോടനുബന്ധിച്ച് പരിശുദ്ധപിതാവ് ബെനഡിക്ട് പതിനാറാമൻ നല്കുന്ന സന്ദേശം

### "നീയും പോയി അതുപോലെ ചെയ്യുക" (ലൂക്ക 10:37)

പ്രിയ സഹോദരീസഹോദരന്മാരേ,

1. ഇരുപത്തിയൊന്നാം ആഗോളരോഗീദിനം 2013 ഫെബ്രുവരി 11-ാംതീയതി, ലൂർദ് മാതാവിന്റെ സ്മരണയുടെ ദിവസം, അൾട്ടേറ്റിംഗ് മരിയൻ പ്രാർത്ഥനാലയത്തിൽ വച്ച് ആഘോഷപൂർവ്വം ആചരിക്കും. രോഗികൾ, രോഗീശുശ്രൂഷകർ, വിശ്വാസികൾ എന്നിവർക്കും സന്മനസ്സുള്ള എല്ലാവർക്കും ആ ദിവസം ഒരു സവിശേഷ സന്ദർഭമായിരിക്കും. പ്രാർത്ഥിക്കാനും പങ്കുവയ്ക്കാനും സഹനം സഭയുടെ നന്മയ്ക്കായി കാഴ്ച വയ്ക്കാനുമുള്ള സവിശേഷ സമയമായിരിക്കും. "പീഡകൾ സഹിച്ചും മരണം വരിച്ചും ഉത്ഥാനം ചെയ്തും മനുഷ്യവംശത്തിന്റെ രക്ഷ സാധിച്ച ക്രിസ്തുവിന്റെ മുഖം സഹിക്കുന്ന സഹോദരീസഹോദരന്മാരിൽ തിരിച്ചറിയാനുള്ള ഒരു വിളിയുമായിരിക്കും അത്" (ജോൺ പോൾ 2-ാമൻ, ആഗോള രോഗീദിനം സ്ഥാപിക്കാനുള്ള കത്ത്, 13 മേയ് 1992, 3).

ആശുപത്രികളിലോ വീട്ടിലോ രോഗവും സഹനവും മൂലമുള്ള പരീക്ഷണഘട്ടത്തിനു വിധേയരായിക്കഴിയുന്ന പ്രിയസഹോദരരേ, ഈ സന്ദർഭത്തിൽ ഞാൻ നിങ്ങളോട് സവിശേഷമാം വിധം അടുത്തു നില്ക്കുന്നതായി എനിക്കു തോന്നുന്നു, സഭാപിതാക്കന്മാരുടെയും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും ആശ്വാസവാക്കുകൾ നിങ്ങളെ താങ്ങി നിറുത്തട്ടെ: "നിങ്ങൾ ഏകാന്തരല്ല, വേർതിരിക്കപ്പെട്ടവരല്ല, ഉപേക്ഷിക്കപ്പെട്ടവരോ ഉപകാരമില്ലാത്തവരോ അല്ല, നിങ്ങൾ ക്രിസ്തുവിനാൽ വിളിക്കപ്പെട്ടവരാണ്. അവിടുത്തെ സജീവവും സുതാര്യവുമായ പ്രതിഛായകളാണ്" (ദരിദ്രർക്കും രോഗികൾക്കും പീഡകൾ സഹിക്കുന്നവർക്കുമുള്ള സന്ദേശം).

2. പ്രത്യാശയുടെയും കൃപയുടെയും സ്ഥാനമായ ലൂർദിൽ നിന്ന് അൾട്ടേറ്റിംഗിലെ പ്രാർത്ഥനാലയത്തിലേക്കു നമ്മെ നയിക്കുന്ന ആത്മീയ തീർത്ഥാടനത്തിൽ നിങ്ങളോടു കൂടെയായിരിക്കാൻ വേണ്ടി നല്ല സമറായന്റെ മാതൃകാപരമായ രൂപത്തെക്കുറിച്ചു ചിന്തിക്കാൻ ഞാൻ നിർദ്ദേശിക്കുന്നു (cf ലൂക്കാ 10:25–27). സുവിശേഷത്തിൽ വിശുദ്ധ ലൂക്കാ വിവരിക്കുന്ന ഉപമ അനുദിനജീവിതത്തിൽ നിന്ന് എടുത്തിട്ടുള്ള ദൃശ്യങ്ങളുടെയും സംഭവങ്ങളുടെയും പരമ്പരയുടെ ഭാഗമാണ്. ഓരോ മനുഷ്യരോടും പ്രത്യേകിച്ച്, രോഗംകൊണ്ടോ വേദനകൊണ്ടോ പീഡിപ്പിക്കപ്പെടുന്നവരോട്, ദൈവത്തിനുള്ള അഗാധമായ സ്നേഹം മനസ്സിലാക്കാൻ അവ വഴി യേശു നമ്മെ സഹായിക്കുന്നു.

നല്ല സമറായന്റെ ഉപമയിലെ ഉപസംഹാരവാക്കുകൾ “നീയും പോയി അതുപോലെ ചെയ്യുക” (ലൂക്കാ 10:37) എന്നതാണല്ലോ. മറ്റുള്ളവരോട്, പ്രത്യേകിച്ച് ആവശ്യത്തിൽപ്പെട്ടവരോട്, തന്റെ ഓരോ ശിഷ്യനും ഉണ്ടായിരിക്കേണ്ട മനോഭാവമെന്താണെന്ന് ആ വാക്കുകൾ വഴി അവിടുന്ന് സൂചിപ്പിക്കുന്നു. ശാരീരികമായോ മാനസികമായോ സഹിക്കുന്നവരോട്, അവർ നമ്മുടെ സഹായം ചോദിക്കുമ്പോൾ, നാം അവരെ അറിഞ്ഞിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും, അവർ എത്ര ദരിദ്രരായാലും, അവരോട് നല്ല സമറായക്കാരനുണ്ടായിരുന്ന താത്പര്യം നമുക്കുണ്ടാകണം. ആ താത്പര്യത്തോടെ അനുദിനം ജീവിക്കാനുള്ള ശക്തി പ്രാർത്ഥന വഴി ദൈവവുമായുള്ള ഉറ്റ ബന്ധത്തിലൂടെ നാം സമ്പാദിക്കണം. അജപാലകരെയോ രോഗീശുശ്രൂഷകരെയോ സംബന്ധിച്ചു മാത്രമല്ല, പിന്നെയോ എല്ലാവരെയും സംബന്ധിച്ചും ഇതു ശരിയാണ്. രോഗികളെ സംബന്ധിച്ചുപോലും അങ്ങനെയാണ്. അവർക്ക് വിശ്വാസത്തിന്റെ വീക്ഷണത്തിൽ നിന്ന് ഈ അവസ്ഥ അനുഭവിക്കാൻ കഴിയും: “സഹനത്തിൽ നിന്നു വഴിമാറിക്കൊണ്ടോ ഓടിമറഞ്ഞു കൊണ്ടോ അല്ല പിന്നെയോ അതു സ്വീകരിക്കാനും അതിലൂടെ വളർച്ച പ്രാപിക്കാനും, അനന്തസ്നേഹം മൂലം പീഡസഹിച്ച ക്രിസ്തുവുമായുള്ള ഐക്യത്തിൽ അതിന്റെ അർത്ഥം കണ്ടെത്താനും അത് ആവശ്യമായിരിക്കുന്ന നമ്മുടെ കഴിവുകൊണ്ടാണ് നാം സൗഖ്യമുള്ളവരാക്കപ്പെടുന്നത്” (Spe Salvi, 37).

3. പല സഭാപിതാക്കന്മാരും നല്ല സമറായനിൽ യേശുവിനെത്തന്നെ കണ്ടുമുട്ടി. വഴിയിൽ വീണുകിടന്ന മനുഷ്യനിൽ അവർ ആദത്തെയും പാപംമൂലം മുറിവേറ്റ് വഴി തെറ്റിയ നമ്മുടെ മനുഷ്യത്വത്തെത്തന്നെയും കണ്ടുമുട്ടി (cf ഒറിജൻ, ലൂക്കായുടെ സുവിശേഷത്തെക്കുറിച്ചുള്ള പ്രഭാഷണം XXXIV, 1–9; അംബ്രോസ്,

വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിന്റെ വ്യഖ്യാനം 71–84, ആഗസ്തീനോസ് പ്രഭാഷണം 171). യേശു ദൈവപുത്രനാണ്. പിതാവിന്റെ വിശ്വസ്തവും ശാശ്വതവും അതിരറ്റതുമായ സ്നേഹത്തെ സന്നിഹിതമാക്കുന്നവനാണ്.

എന്നാൽ തന്റെ ദൈവത്വത്തിന്റെ മേൽവസ്ത്രം മാറ്റിവയ്ക്കുന്നവനുമാണ് അവിടുന്ന്; മനുഷ്യരുടെ സാദൃശ്യം സ്വീകരിക്കാൻ വേണ്ടി ദൈവികാവസ്ഥ വിട്ടുകളയുന്നവനുമാണ് (cf ഫിലി 2:6–8). അവിടുന്ന്, മാനുഷിക സഹനത്തോട് അടുത്തു വന്നു, നാം വിശ്വാസപ്രമാണത്തിൽ ചൊല്ലുന്നതുപോലെ പ്രത്യാശയും പ്രകാശവും നല്കാൻ പാതാളത്തിലേക്ക് ഇറങ്ങുകപോലും ചെയ്തു. അവിടുന്ന് ദൈവത്തോടുള്ള സമാനത അസഹിഷ്ണുതയോടെ കാത്തുസൂക്ഷിച്ചില്ല (cf ഫിലി 12:6).പിന്നെയോ സഹതാപം നിറഞ്ഞവനായി മാനുഷികസഹനത്തിന്റെ അഗാധതയിലേക്ക് അവിടുന്ന് നോക്കുന്നു. ആശ്വാസത്തിന്റെ തൈലവും പ്രത്യാശയുടെ വീഞ്ഞും ചൊരിയുന്നതിനു വേണ്ടിയാണത്.

4. നമ്മുടെ സഭാസമൂഹങ്ങളിൽ പരോപകാരപരമായ സേവനം കൂടുതൽ തീവ്രമാക്കാനുള്ള സമുചിതമായ സന്ദർഭമാണ് നാം ആഘോഷിക്കുന്ന വിശ്വാസവർഷം. അങ്ങനെ നമ്മിൽ ഓരോ വ്യക്തിയും മറ്റുള്ളവർക്ക്, നല്ല സമറായനായിത്തീരണം. നമ്മുടെ തൊട്ടടുത്തുള്ളവർക്ക്, നല്ല സമറായനായിത്തീരണം. മാതൃകയും പ്രോത്സാഹനവുമായിത്തീരാൻവേണ്ടി സഹനത്തിന്റെ മാനുഷികവും ആധ്യാത്മികവുമായ മൂല്യത്തെ അംഗീകരിക്കാൻ രോഗികളെ സഹായിച്ച അനേകം വ്യക്തികൾ സഭാചരിത്രത്തിലുണ്ട്. ഈ സന്ദർഭത്തിൽ അവരെ ഓർമ്മിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഉണ്ണിയേശുവിന്റെയും തിരുമുഖത്തിന്റെയും വിശുദ്ധ തെരേസ് സ്നേഹശാസ്ത്രവിദഗ്ധയായിരുന്നു (*ആസന്നമായ നവസഹസ്രാബ്ദത്തിൽ,* 42). വലിയ സഹനത്തോടെ തന്നെ മരണത്തിലേക്ക് നയിച്ച രോഗത്തെ, യേശുവിന്റെ പീഡാസഹനവുമായുള്ള അഗാധമായ ഐക്യത്തിൽ അനുഭവിക്കാൻ അവൾക്കു സാധിച്ചു (പൊതു അഭിമുഖ പ്രഭാഷണം 6, ഏപ്രിൽ 2011). അനേകരുടെ സ്മരണാമണ്ഡലത്തിൽ ഇന്നും ജീവിക്കുന്ന വ്യക്തിയാണ് വാഴ്ത്തപ്പെട്ട ലൂയിജി നൊവാരെസ്. രോഗികൾക്കും പീഡകൾ സഹിക്കുന്നവർക്കുംവേണ്ടി പ്രാർത്ഥിക്കുന്നതിന്റെയും അവരോടൊപ്പം ആയിരിക്കുന്നതിന്റെയും സവിശേഷപ്രാധാന്യം തന്റെ ശുശ്രൂഷാകാലം മുഴുവനിലും അദ്ദേഹം തിരിച്ചറിഞ്ഞു. മരിയൻ പ്രാർത്ഥനാലയങ്ങളിലേക്ക്, പ്രത്യേകിച്ച്, ലൂർദിലെ ഗ്രോട്ടോയിലേക്ക്

അദ്ദേഹം അവരോടൊപ്പം പോയി. റൗൾ ഫൊള്ളേറോ അയൽപക്കക്കാരോടുള്ള സ്നേഹത്താൽ പ്രേരിതനായി തന്റെ ജീവിതം ഹാൻസെൻസ് (Hansen) രോഗം ബാധിച്ചവരെ ശുശ്രൂഷിക്കാനായി സമർപ്പിച്ചു. ലോകത്തിന്റെ അതിവിദൂരദേശങ്ങളിൽപ്പോലും അങ്ങനെ ചെയ്തു. ആഗോള കുഷ്ഠരോഗദിനാചരണം പോലുള്ള പല പ്രവർത്തനങ്ങൾക്കും മുൻകൈയെടുക്കുകയും ചെയ്തു.

കൽക്കട്ടയിലെ വാഴ്ത്തപ്പെട്ട തെരേസ ഓരോ ദിവസവും തുടങ്ങിയത് ദിവ്യകാരുണ്യ ഈശോയെ സന്ദർശിച്ചിട്ടാണ്. ആ സന്ദർശനശേഷം അവർ ജപമാല കൈയിലേന്തി രോഗികളെ പ്രത്യേകിച്ച് പരിത്യക്തരും സ്നേഹിക്കപ്പെടാത്തവരും അവഗണിക്കപ്പെട്ടവരുമായവരെ, കണ്ടെത്തി കർത്താവിൽ ശുശ്രൂഷിക്കാൻ തെരുവിലേക്കിറങ്ങി. തന്റെ സഹനങ്ങളെ മാതൃകാപരമായ രീതിയിൽ ക്രിസ്തുവിന്റെ സഹനങ്ങളോട് ഐക്യപ്പെടുത്താൻ മൈൽഡെൽസ്റ്റേറ്റിലെ വിശുദ്ധ അന്ന സ്കാഫറിനും സാധിച്ചു: അവൾ രോഗിയായിക്കിടന്ന കിടക്ക അവളുടെ ആവൃതിസെല്ലായിത്തീർന്നു. അവളുടെ സഹനം മിഷണറി സേവനമായിത്തീർന്നു. (വിശുദ്ധരുടെ പട്ടികയിൽ ചേർത്തപ്പോൾ നടത്തിയ പ്രഭാഷണം, 21 ഒക്ടോബർ, 2012).

പീഡ സഹിക്കുന്ന തന്റെ പുത്രനെ ഗാഗുൽത്തായിലെ പരമയാഗം വരെ പിന്തുടർന്ന ഒരു വ്യക്തിയായി കന്യകാമറിയം സുവിശേഷത്തിൽ നിലകൊള്ളുന്നു. തിന്മയുടെമേൽ, വേദനയുടെയും മരണത്തിന്റേമേൽ, ദൈവത്തിനുള്ള വിജയത്തെ സംബന്ധിച്ച പ്രത്യാശ അവൾക്കു നഷ്ടപ്പെടുന്നില്ല. ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ ജനിക്കുകയും കുരിശിൽ മരിക്കുകയും ചെയ്ത ദൈവപുത്രനെ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ഒറ്റ ആശ്ലേഷംകൊണ്ട് സ്വീകരിക്കേണ്ടത് എങ്ങനെയെന്ന് അവൾക്ക് അറിയാം. ദൈവത്തിന്റെ ശക്തിയിൽ അവൾക്കുണ്ടായിരുന്ന വിശ്വാസം ക്രിസ്തുവിന്റെ ഉയിർപ്പുവഴി പ്രകാശിപ്പിക്കപ്പെട്ടു. സഹിക്കുന്നവർക്കു പ്രത്യാശ നല്കുകയും കർത്താവിന്റെ അടുപ്പവും ആശ്വാസവും സംബന്ധിച്ച ഉറപ്പ് നവീകരിക്കുകയും ചെയ്യുന്ന ഒന്നാണല്ലോ അവിടുത്തെ ഉത്ഥാനം.

5. അവസാനമായി, കത്തോലിക്കരുടെ രോഗീശുശ്രൂഷാകേന്ദ്രങ്ങൾ, സിവിൽ സമൂഹം, രൂപതകൾ, ക്രൈസ്തവസമൂഹങ്ങൾ, രോഗികളെ ശുശ്രൂഷിക്കുന്ന അജപാലനത്തിൽ ഏർപ്പെടുന്ന സന്ന്യാസസമൂഹങ്ങൾ, ആരോഗ്യപാലനസംഘങ്ങൾ, സന്നദ്ധസേവകർ എന്നിവരോട്

ഹൃദയപൂർവം നന്ദിപറയാനും അവരെ പ്രോത്സാഹിപ്പിക്കാനും ഞാൻ ആഗ്രഹിക്കുന്നു. ഓരോ മനുഷ്യനെയും പ്രത്യേകിച്ച്, ദുർബലരെയും രോഗികളെയും സ്നേഹത്തോടെ ഉദാരതാപൂർവം സ്വീകരിക്കുകയെന്ന തന്റെ ദൗത്യത്തിന്റെ ഒരു മൗലികവശമാണ് സഭ ഇന്നു ജീവിക്കുന്നത് (അല്മായവിശ്വാസികൾ, 38) എന്ന കാര്യം എല്ലാവരും കൂടുതൽ പൂർണ മായി മനസ്സിലാക്കാൻ ഇടയാകട്ടെ.

അൾട്ടേറ്റിംഗിൽ വണങ്ങപ്പെടുന്ന കൃപാവരങ്ങളുടെ മാതാവിന്റെ മധ്യസ്ഥതയ്ക്ക് 21-ാം ആഗോള രോഗീദിനം ഞാൻ സമർപ്പിക്കുന്നു. ആശ്വാസത്തിനും ദൃഢമായ പ്രത്യാശയ്ക്കും വേണ്ടിയുള്ള സഹിക്കുന്നവരുടെ അന്വേഷണത്തിൽ, അവൾ എന്നും കൂടെ സഞ്ച രിക്കട്ടെ. കാരുണ്യത്തിന്റെ പ്രേഷിതവേലയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ വരെയും അവൾ സഹായിക്കട്ടെ. അവർ അങ്ങനെ രോഗങ്ങളിലും സഹനങ്ങളിലും കഴിയുന്ന സഹോദരീസഹോദരന്മാർക്ക് നല്ല സമറായ ക്കാരന്മാരായിത്തീരട്ടെ. എല്ലാവർക്കും ഞാൻ ഹൃദയപൂർവം ശ്ലൈഹി കാശീർവാദം നല്കുന്നു.

വത്തിക്കാനിൽനിന്ന് 2 ജനുവരി 2013

**ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ**

# രൂപതാകച്ചേരി വാർത്തകൾ

## തിരുബാലസഖ്യം ഫെബ്രുവരി 10

ഫെബ്രുവരി 10-ാം തീയതി തിരുബാല സഖ്യദിനമായി ആചരിക്കുന്നു. അന്നേദിവസത്തെ സ്തോത്രക്കാഴ്ച തിരുബാലസഖ്യ പ്രവർത്തനങ്ങൾക്കായി അയച്ചുകൊടുക്കാനായി എത്രയും നേരത്തെ രൂപതാ കേന്ദ്രത്തിലെത്തിക്കണമെന്ന് താൽപര്യപ്പെടുന്നു.

## സ്നേഹസ്മരണ

ഫെബ്രുവരി 7-ാം തീയതി ബഹു. പീറ്റർ ചെറുകരമുട്ടം അച്ചന്റെയും ഫെബ്രുവരി 15-ാം തീയതി ബഹു. ജെയിംസ് കരോട്ടച്ചന്റേയും മരണവാർഷികദിനങ്ങളാണ്. ഇരുവരേയും നമ്മുടെ പ്രാർത്ഥനകളിൽ അനുസ്മരിക്കാം. ഫെബ്രുവരി 7-ന് രാവിലെ 7 മണിക്ക് ദ്വാരക സീയോൻ ചാപ്പലിൽ വിശുദ്ധകുർബാനയും തുടർന്ന് ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്.

## പ്രസ്ബിറ്ററൽ കൗൺസിൽ

മാനന്തവാടി രൂപത പ്രസ്ബിറ്ററൽ കൗൺസിൽ ഫെബ്രുവരി മാസം 19-ാം തീയതി മാനന്തവാടി ബിഷപ്സ് ഹൗസിൽ ചേരുന്നതാണ്.

## ഭക്തസംഘടനകളുടെ ഭാരവാഹികളുടെ യോഗം

നമ്മുടെ രൂപതയിലെ ഭക്തസംഘടനകളുടെ രൂപതാഭാരവാഹികളുടെ ഒരു യോഗം ഫെബ്രുവരി 23-ന് ശനിയാഴ്ച രാവിലെ 10.30 മുതൽ 1.00 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ ചേരുന്നതാണ്. എല്ലാ ഭാരവാഹികളും ഡയറക്ടർമാരും യോഗത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## പാസ്റ്ററൽ കൗൺസിൽ

പുതുതായി തിരഞ്ഞെടുപ്പ് നടന്നുകൊണ്ടിരിക്കുന്ന രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമ സമ്മേളനം 2013 മാർച്ച് 9 -ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നതാണ്.

## സന്യസ്ത സമൂഹങ്ങളിലെ സുപ്പീരിയർമാരുടെ മീറ്റിംഗ്

സന്യാസിനി സമൂഹങ്ങളിലെ മേജർ സുപ്പീരിയേഴ്സിന്റെയും ലോക്കൽ സുപ്പീരിയേഴ്സിന്റെയും ഒരു മീറ്റിംഗ് ഫെബ്രുവരി 27-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നതാണ്.

സന്യാസ സമൂഹങ്ങളിലെ മേജർ സുപ്പീരിയേഴ്സിന്റെയും ലോക്കൽ സുപ്പീരിയേഴ്സിന്റെയും ഒരു മീറ്റിംഗ് ഫെബ്രുവരി 28-ാം തീയതി ബിഷപ്സ് ഹൗസിൽ വച്ച് ചേരുന്നതാണ്. എല്ലാ മേജർ സുപ്പീരിയേഴ്സും ലോക്കൽ സുപ്പീരിയേഴ്സും പ്രസ്തുത യോഗത്തിൽ പങ്കെടുക്കണമെന്ന് താൽപര്യപ്പെടുന്നു.

## അഭിനന്ദനങ്ങൾ

കോൺഗ്രിഗേഷൻ ഓഫ് ദ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ സന്യാസിനീ സമൂഹത്തിന്റെ 19-01-2013 ൽ നടന്ന ജനറൽ സിനാക്സിസിൽ പുതിയ സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ട സി. ആൻസിറ്റ വടയാപറമ്പിൽ, കൗൺസിലേഴ്സായി തിരഞ്ഞെടുക്കപ്പെട്ട സി. ഫിലോ മൂലക്കര, സി. റോസലിന്റ് കൈപ്പറമ്പാട്ട്, സി. ലൂസി ആന്റണി മാന്തറ, സി. റ്റെസി എടക്കാട്ടിൽ എന്നിവർക്ക് മാനന്തവാടി രൂപതയുടെ അനുമോദനങ്ങളും പ്രാർത്ഥനാശംസകളും.

## നന്ദിയും സ്വാഗതവും

നമ്മുടെ രൂപതയിൽ സ്തുത്യർഹമായ വിധം സേവനം ചെയ്ത ശേഷം തങ്ങളുടെ സന്യാസ സമൂഹങ്ങളിലേയ്ക്ക് തിരികെ പോകുന്ന റവ.ഫാ. സജി പാറേക്കാട്ടിൽ O.Pream, റവ.ഫാ. ദേവസ്യ ഇടിമുഴത്തടത്തിൽ MCBS എന്നിവർക്ക് രൂപത മുഴുവന്റേയും ഹൃദയപൂർവ്വകമായ നന്ദി അറിയിക്കുന്നു.

അജപാലന ശുശ്രൂഷയ്ക്കായി വരുന്ന റവ.ഫാ. പാലയ്ക്കാത്തടത്തിൽ ജോസ് മരിയദാസ് O.Pream, റവ. ഫാ. പുഞ്ചത്തലയ്ക്കൽ രാജേഷ് S.J., റവ.ഫാ. പുതുമനകുന്നത്ത് തോമസ് MCBS, റവ.ഫാ. കാഞ്ഞിരത്തിങ്കൽ ആന്റണി CMI എന്നിവർക്ക് ഹൃദ്യമായ സ്വാഗതവും ഫലദായകമായ ശുശ്രൂഷയും ആശംസിക്കുന്നു.

## New Phone Number

St.Norbert Sadhan Dwaraka : 04935 - 240268

| Transfer and Appointments | |
|---|---|
| **Name of Priest** | **Place** |
| Rev. Fr. Puthenpura Joseph | Vicar, Kuttimoola |
| Rev. Fr. Kizhakkanputhupally Varghese | Assistant, Bathery |
| Rev. Fr. Puthukattil Mathew | Assistant, Kalpetta |
| Rev. Fr. Iykarakanyil Thomas | Assistant, Marakavu |
| Rev. Fr. Kalliyatt Devasia | Assistant, Thariode |
| Rev. Fr. Kattamkottil Thomas | Assistant, Nilambur |
| Rev. Fr. Kavalakkadan Varghese | Assistant, Nadavayal |
| Rev. Fr. Madathil Sebastian | Assistant, Cathedral |
| Rev. Fr. Palackathadathi Jose Mariadas, O.Pream | Assistant, Payyampally |
| Rev. Fr. Punchathalackal Rajeesh SJ | Assistant, Chundakkara |
| Rev. Fr. Puthumanakunnath Thomas MCBS | Assistant, Cherukattoor |
| Rev. Fr. Kanjirathinkal Antony | Assistant, Nadavayal |
| Rev. Fr. Kattamkottil Joseph | Boys Town |

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വിവാഹക്കോടതി - അറിയിപ്പുകൾ

1. വിവാഹം അസാധുവാക്കാനുള്ള അപേക്ഷയുടെ രൂപതാതല ഫീസ് മൂവായിരം രൂപയായും അതിരൂപതാതല അപ്പീൽ ഫീസ് ആയിരത്തി അഞ്ഞൂറായും ഇപ്രകാരം മൊത്തം ഫീസ് നാലായിരത്തി അഞ്ഞൂറ് ആയും തലശ്ശേരി അതിരൂപതാ തലത്തിൽ 01-01-2013 മുതൽ പ്രാബല്യത്തോടെ ഉയർത്തിയിരിക്കുന്നു.
2. വിവാഹമോചന അപേക്ഷ സിവിൽ കോടതിയിൽ നൽകിയാൽ ഉടനെ തന്നെ ഈ വിവാഹം അസാധുവാണെന്ന് ബോധ്യമുണ്ടെങ്കിൽ ഇക്കാര്യം സ്ഥിരീകരിക്കുന്നതിനായി രൂപതാ കേന്ദ്രത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**റവ. ഫാ. ശാന്തിദാസ് മുതുകാട്ടിൽ**
ജുഡീഷ്യൽ വികാരി, മാനന്തവാടി രൂപത

# *വിദ്യാഭ്യാസ സഹായനിധി*

മാനന്തവാടി രൂപത വിദ്യാഭ്യാസ സഹായനിധിയിലേക്കുള്ള ഈ വർഷത്തെ അപേക്ഷകൾ സ്വീകരിക്കുന്നു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2013 മാർച്ച് 30 ആണ്. അതിനുശേഷം യാതൊരു കാരണവശാലും അപേക്ഷകൾ സ്വീകരിക്കുന്നതല്ല. ഈ ബുള്ളറ്റിനൊപ്പമുള്ള അപേക്ഷാ ഫോറം ലഭിക്കാതെ വന്നാൽ വികാരിയച്ചന്മാർ ബിഷപ്സ് ഹൗസിൽ നിന്ന് പ്രസ്തുത ഫോറം വാങ്ങിക്കുമല്ലോ.

**അപേക്ഷകൾ അയയ്ക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക**

1) ഈ ബുള്ളറ്റിനോടൊപ്പം അയയ്ക്കുന്ന ഫോറമാണ് പൂരിപ്പിച്ച് അയയ്ക്കേണ്ടത്. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കോപ്പിയെടുത്ത് ഓരോ കുട്ടിക്കും, ഓരോ ഫോറമാണ് പൂരിപ്പിച്ച് അയയ്ക്കേണ്ടത്.
2) വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ ഇടവക കമ്മറ്റിയാണ് കുട്ടികളെ തിരഞ്ഞെടുക്കേണ്ടത്.
3) 2013-2014 അധ്യയനവർഷത്തിൽ 8, 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്നവരും പഠനത്തിൽ മികവു പുലർത്തുന്നവരുമായവരുടെ ലിസ്റ്റാണ് അയയ്ക്കേണ്ടത്.
4) കുട്ടിയുടെ പേര്, മാമ്മോദീസ പേര്, വീട്ടുപേര്, എന്നിവ ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം.
5) ഓരോ ഇടവകയിൽ നിന്നും അഞ്ചു കുട്ടികളുടെ പേരുകൾ മുൻഗണനാക്രമത്തിൽ ബഹു. വികാരിയച്ചന്റെ ഒപ്പോടു കൂടിയാണ് നൽകേണ്ടത്. അപേക്ഷിക്കുന്ന എല്ലാവർക്കും സ്കോളർഷിപ്പ് ലഭിക്കണമെന്നില്ല. പണലഭ്യത അനുസരിച്ച് മാത്രമായിരിക്കും സഹായം ലഭിക്കുന്നത്.
6) 12-ാം ക്ലാസ് കഴിയാത്ത വിദ്യാർത്ഥികളെ പരിഗണിക്കുമ്പോൾ മുൻവർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിച്ചവരെ ഉൾപ്പെടുത്താവുന്നതാണ്.

*അയയ്ക്കേണ്ട വിലാസം:-* **The Secretary**
**Diocesan Education Aid Fund**
**Bishop's House, P. B. No.1**
**Mananthavady - 670 645**

NB:- Education Aid Fund – ലേക്കുള്ള പിരിവ് ദയവായി എത്രയുംവേഗം രൂപതാകേന്ദ്രത്തിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

## START COURSE ലേക്ക് സ്കോളർഷിപ്പ്

താമരശ്ശേരി രൂപതയുടെ കീഴിൽ കോഴിക്കോട് പ്രവർത്തിക്കുന്ന START (St. Thomas Academy for Research and Training) എന്ന പരിശീലന കേന്ദ്രത്തിൽ ഉപരിപഠനത്തിന് ഒരുക്കമായിട്ടുള്ള ഒരു വർഷത്തെ അടിസ്ഥാന പരിശീലനത്തിൽ സംബന്ധിക്കുവാൻ രൂപതാ വിദ്യാഭ്യാസ സഹായനിധിയുടെ സഹായത്തോടെ പഠിക്കുകയും ഈ വർഷം പ്ലസ്ടു പാസ്സാകുകയും ചെയ്യുന്ന 10 പേർക്ക് അവസരമൊരുക്കുന്നു. ഇംഗ്ലീഷ്, കണക്ക്, ധനതത്വശാസ്ത്രം, ലോകചരിത്രം, സോഷ്യോളജി, പരിസ്ഥിതി പഠനം, വ്യക്തിത്വ വികാസം, നിയമം എന്നീ വിഷയങ്ങളിലാണ് പ്രധാനമായും പരിശീലനം. അതോടൊപ്പം ധാർമ്മികതയിലും, ക്രിസ്ത്യൻ മൂല്യങ്ങളിലും അധിഷ്ഠിതമായ പരിശീലനമാണ് ഇവിടെ ലഭിക്കുന്നത്. ഈ കോഴ്സിനുശേഷം ലോ യൂണിവേഴ്സിറ്റികൾ, കേന്ദ്രഗവൺമെന്റിന്റെ ഹൈദരാബാദിലും, പോണ്ടിച്ചേരിയിലുമുള്ള സെൻട്രൻ യൂണിവേഴ്സിറ്റികൾ, മൈസൂറിലുള്ള ഓഡിയോളജി ഇൻസ്റ്റിറ്റ്യൂട്ട്, ഫുഡ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്, ഇൻടഗ്രേറ്റഡ് BEd, എന്നീ കോഴ്സുകൾക്കുള്ള എൻട്രൻസ് പരീക്ഷകൾ, NDA, NID, IIT, VIT, IAS, IPS, ICAR, മെഡിസിൻ, എൻജിനിയറിംങ്, ജേർണ്ണലിസം എന്നിവയുടെ എൻട്രൻസുകൾക്കും ഈ കോഴ്സ് ഉപകരിക്കുന്നു. താൽപര്യമുള്ളവർ താഴെ പറയുന്ന നിബന്ധനകൾ വായിച്ച് മാർച്ച് 30–ന് മുൻപായി വിദ്യാഭ്യാസ സഹായനിധി സെക്രട്ടറിയുടെ പേരിൽ ബിഷപ്സ് ഹൗസിലേയ്ക്ക് അപേക്ഷ അയയ്ക്കുകയും കൂടുതൽ വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുക. മേൽവിലാസം :– Secretary, Diocesan Education Aid Fund
Bishop's House, P.B. No. 1, Mananthavady - 670 645

**നിബന്ധനകൾ:**

1. അപേക്ഷകർ മാനന്തവാടി രൂപതാ വിദ്യാഭ്യാസ സഹായനിധിയുടെ സ്കോളർഷിപ്പ് സ്വീകരിച്ച് പഠിച്ചവരായിരിക്കണം.
2. ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങൾ എളുപ്പമുള്ളവരും പ്ലസ് ടു പാസ്സാകുമെന്ന് ഉറപ്പുള്ളവരുമായിരിക്കണം.
3. 10–ാം ക്ലാസ് മതബോധന ഡിപ്ലോമ കരസ്ഥമാക്കിയവരോ, പ്ലസ്ടു കഴിയാത്തവരാണെങ്കിൽ ഇപ്പോൾ മതബോധനത്തിൽ പ്ലസ് ടു പഠിച്ചുകൊണ്ടിരിക്കുന്നവരോ ആയിരിക്കണം.
4. ബഹു. വികാരിയച്ചന്റെ ശുപാർശ നിർബന്ധമാണ്.
5. അപേക്ഷകർക്ക് interview ഉണ്ടായിരിക്കുന്നതാണ്.

**ഫാ. സജി നെടുങ്കല്ലേൽ** - രൂപതാ വിദ്യാഭ്യാസ സഹായനിധി സെക്രട്ടറി

## നോമ്പാചരണം ജീവിത വിശുദ്ധീകരണത്തിന്

വിശ്വാസവർഷത്തിലെ വലിയനോമ്പ് നമ്മെ സംബന്ധിച്ചിടത്തോളം വലിയ ഒരു അനുഭവമാക്കുവാൻ ദൈവം നൽകുന്ന ഒരു അവസരമായി കരുതാം. അനുതാപത്തിന്റെയും, പ്രായശ്ചിത്തത്തിന്റെയും, അനുരഞ്ജനത്തിന്റെയും സമയമായി നോമ്പുകാലത്തെ ജീവിതശൈലി രൂപീകരിക്കാൻ ഏതൊരു ക്രൈസ്തവനും കടമയുണ്ട്.

ക്രൈസ്തവന്റെ ആന്തരികമായ പശ്ചാത്താപം വ്യത്യസ്തരീതികളിൽ പ്രകടിപ്പിക്കാം. പ്രധാനമായും ഉപവാസം, പ്രാർത്ഥന, ദാനധർമ്മം എന്നീ മൂന്നു മാർഗ്ഗങ്ങളാണ് വി.ഗ്രന്ഥാധിഷ്ഠിതമായി സഭ പഠിപ്പിക്കുന്നത്. തന്നോടുതന്നെയും, ദൈവത്തോടും മറ്റുള്ളവരോടുമുള്ള ബന്ധത്തിൽ ഏതൊരു വ്യക്തിയുടെയും മാനസാന്തരത്തെ വെളിവാക്കുന്നതാണിത്.

“അനുദിനജീവിതത്തിൽ അനുരഞ്ജനത്തിന്റെ പ്രകടനങ്ങൾ, ദരിദ്രരോടുള്ള താൽപര്യം, നീതിയുടെയും ന്യായത്തിന്റെയും പരിശീലനവും സംരക്ഷണവും സഹോദരങ്ങളോട് ചെയ്ത തെറ്റുകളുടെ ഏറ്റുപറച്ചിൽ, സഹോദരസഹജമായ തെറ്റുതിരുത്തൽ, ജീവിതത്തിന്റെ പുന:പരിശോധന, മന:സാക്ഷി പരിശോധന, ആധ്യാത്മികനിയന്ത്രണം, പീഢകളുടെ സ്വീകരണം, നീതിയെപ്രതിയുള്ള പീഡാസഹനം എന്നിവയിലൂടെ മാനസാന്തരത്തിനുള്ള വഴികൾ കണ്ടെത്തണം. സ്വന്തം കുരിശെടുത്ത് യേശുവിനെ അനുഗമിക്കുന്നത് ഏറ്റവും പൂർണ്ണമായ പ്രായശ്ചിത്ത ഉപാധിയായി സ്വീകരിക്കണം.” (CCC-1435)

മാനസാന്തരത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും ഉറവിടവും പോഷണവുമാണ് വി.കുർബാന. കാരണം, ദൈവവുമായി നമ്മെ രഞ്ജിപ്പിച്ച ക്രിസ്തുവിന്റെ ബലിയാണത്. ക്രിസ്തുവിന്റെ ജീവനിലൂടെ ജീവിക്കുന്നവർ ദിവ്യകാരുണ്യത്താൽ പരിപോഷിപ്പിക്കപ്പെടുകയും ശക്തരാ

ക്കപ്പെടുകയും ചെയ്യുന്നു. നമ്മുടെ അനുദിനതെറ്റുകളിൽനിന്നു നമ്മെ മോചിപ്പിക്കുന്നതിനും മാരകപാപങ്ങളിൽ വീഴാതെ കാക്കുന്നതിനുമുള്ള ഒരു പ്രതിവിധിയാണ് അത്. (ccc-1436)

ആരാധനാവത്സരത്തിലെ വലിയ നോമ്പാചരണം സഭയുടെ പ്രായശ്ചിത്തപരിശീലനത്തിന്റെ മഹനീയമായ അവസരമാണ്. ഇത് ആധ്യാത്മികാഭ്യാസങ്ങൾക്കും പ്രായശ്ചിത്ത ശുശ്രൂഷകൾക്കും, പ്രായശ്ചിത്തത്തിന്റെ അടയാളങ്ങളെന്ന നിലയിലുള്ള തീർത്ഥാടനങ്ങൾക്കും ഉപവാസം, ദാനധർമ്മം, സാഹോദര്യപരമായ പങ്കുവയ്ക്കൽ (ജീവകാരുണ്യപരവും പ്രേഷിതവൃത്തിപരവുമായ പ്രവൃത്തികൾ) മുതലായ സ്വമേധയാ ഏറ്റെടുക്കുന്ന ആത്മപരിത്യാഗകർമ്മങ്ങൾക്കും, പ്രത്യേകമാംവിധം ചേർന്നവയാണ്. (ccc-1438)

പാപം പ്രഥമമായി ദൈവത്തിന് എതിരെയുള്ള ദ്രോഹമായതിനാൽ, സഭയുമായുള്ള ബന്ധത്തിലും ക്ഷതം സംഭവിക്കുന്നു. അതിനാൽ അനുരഞ്ജനകൂദാശയുടെ പ്രാധാന്യം ഏറെയാണ് എന്ന വസ്തുത സഭ നമ്മെ ബോധ്യപ്പെടുത്തുന്നു.

നോമ്പുകാലത്തിന്റെ ചൈതന്യം വിശ്വാസവർഷത്തിന്റെ ആചരണത്തെ കൂടുതൽ ഫലപ്രദവും അർത്ഥസമ്പുഷ്ടവുമാക്കട്ടെ.

**ഫാ. ബെന്നി മുതിരക്കാലായിൽ**
വിശ്വാസവർഷാചരണകമ്മിറ്റി കൺവീനർ

# മതബോധനരംഗം

**HDC പരീക്ഷകൾ**

കാലിക്കറ്റ് യൂണിവേഴ്സിറ്റി, ചെയർ ഫോർ ക്രിസ്റ്റിൻ സ്റ്റഡീസ് നടത്തുന്ന HDC കോഴ്സിന്റെ എഴുത്തുപരീക്ഷ ഫെബ്രുവരി 9–ന് ശനിയാഴ്ച രാവിലെ 10.00 മണി മുതൽ 1.00 മണിവരെ ദ്വാരക യു.പി. സ്കൂളിലും മണിമൂളി സ്കൂളിലുമായി, രണ്ടു സെന്ററുകളിൽ നടത്തുന്നു. വാചാപരീക്ഷ ഫെബ്രുവരി 17, മാർച്ച് 2, 3 തീയതികളിലായി ദ്വാരകയിലും ഫെബ്രുവരി 24 ന് മണിമൂളിയിലും നടത്തുന്നതാണ്.

**HCC (Plus One, Plus Two) പരീക്ഷകൾ**

Plus One, Plus Two പരീക്ഷകൾ നിശ്ചയിക്കപ്പെട്ട സെന്ററുകളിൽ ഫെബ്രുവരി 17–ാം തീയതി രാവിലെ 10.00 മണി മുതൽ 1.00 മണി വരെ നടത്തുന്നു. ഫൊറോനാ ഡയറക്ടറുടെ നേതൃത്വത്തിൽ ഫൊറോന ടീം അംഗങ്ങളും, പരീക്ഷ സെന്ററിലുള്ളവരും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുമല്ലോ. പരീക്ഷകൾ സുഗമമായി നടത്തുവാൻ ഏവരുടേയും സഹകരണം തേടുന്നു.

**ഇന്റേണൽ അസ്സസ്സ്മെന്റ്**

XI, XII ക്ലാസുകളിലെ കുട്ടികളുടെ ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്ക് രൂപതാ ഓഫീസിൽ നിന്നും തന്നിരിക്കുന്ന നിശ്ചിത ഫോറത്തിൽ തയ്യാറാക്കി, പരീക്ഷ നടക്കുന്ന ദിവസം തന്നെ ഫൊറോന സെക്രട്ടറിയെ ഏൽപ്പിക്കണം.

**ചോദ്യപേപ്പർ**

HCC പരീക്ഷയുടെ ചോദ്യപേപ്പർ, എഴുതുവാനുള്ള പേപ്പർ എന്നിവ ഫെബ്രുവരി 15–ാം തീയതി ഫൊറോന സെക്രട്ടറിമാർ രൂപതാ ഓഫീസിൽ നിന്നും എടുക്കുവാൻ ശ്രദ്ധിക്കണം.

**SMCC പ്രതിഭാസംഗമം**

സീറോ മലബാർസഭാ മതബോധന കമ്മറ്റി മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തിയ XII-ാം ക്ലാസ് കുട്ടികളുടെ പ്രതിഭാ സംഗമത്തിൽ നമ്മുടെ രൂപതയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രിൻസ് മാങ്കുത്തേൽ, അൽഫോൻസ പെരിഞ്ചേരിൽ, രാഗിൻ വട്ടക്കാമുളയിൽ എന്നിവർ പങ്കെടുത്തു. സീറോ മലബാർ സഭയിലെ 13 രൂപതകളിൽ നിന്നും എത്തിച്ചേർന്ന 51 പ്രതിഭകളുടെ മൂന്നു ദിവസത്തെ ക്യാമ്പിനൊടുവിൽ അവരിൽ നിന്നും 10 പ്രതിഭകളെ തെരഞ്ഞെടുത്തു. നമ്മുടെ രൂപതയിലെ ദ്വാരക ഇടവകാംഗം കുമാരി അൽഫോൻസ പെരിഞ്ചേരിൽ 10 പ്രതിഭകളിലെ ഒരു പ്രതിഭയായി. അൽഫോൻസയ്ക്ക് രൂപതയുടെ അഭിനന്ദനങ്ങൾ. അതോടൊപ്പം പ്രതിഭാസംഗമത്തിൽ പങ്കെടുക്കുവാൻ തെരഞ്ഞെടുക്കപ്പെട്ട പ്രിൻസിനും, രാഗിനും അനുമോദനങ്ങൾ.

അവരുടെ മാതാപിതാക്കൾ, അധ്യാപകർ, ഫൊറോന ടീം അംഗങ്ങൾ, വികാരിയച്ചന്മാർ, ഫൊറോനാതലത്തിൽ നിന്നും രൂപതാതലത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട പ്രതിഭകൾ... ഏവരേയും പ്രത്യേകം അനുമോദിക്കുന്നതോടൊപ്പം അവരുടെ സൽപ്രവർത്തികൾക്ക് നന്ദി പറയുന്നു.

**പ്രധാനാധ്യാപക സമ്മേളനം**

2012-2013 അധ്യയനവർഷത്തിലെ രണ്ടാമത്തെ HM, PP സമ്മേളനം 2013 ജനുവരി 12-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തി. അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിന് രൂപതാ മതബോധന ഡയറക്ടർ ബഹു. ബെന്നി മുതിരക്കാലായിലച്ചൻ സ്വാഗതം ആശംസിച്ചു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ഈ പ്രവർത്തനവർഷം ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ട വെള്ളമുണ്ട ഇടവകയിലെ ജോൺസൺ സാർ, വഞ്ഞോട് ഇടവകയിലെ വിദ്യാർത്ഥി ആൽബിൻ നെടുംകൊട്ടയിൽ എന്നിവരെ പ്രാർത്ഥനാപൂർവ്വം അനുസ്മരിച്ചു.

വിശ്വാസവർഷത്തിലൂടെ കടന്നുപോകുന്ന ക്രൈസ്തവസമൂഹത്തിന് വിശ്വാസപരിശീലകർ എന്ന നിലയിൽ അധ്യാപകർ അനുഷ്ഠിക്കേണ്ട നീതിയുടെ ജീവിതം എപ്രകാരമായിരിക്കണമെന്ന് 'വിശ്വാസത്തിന്റെ വാതിൽ' ആസ്പദമാക്കി ഡയറക്ടറച്ചൻ വിശദമാക്കി.

തങ്ങളുടെ സമർപ്പണത്തെ വിശ്വാസത്താൽ ബലപ്പെടുത്തേണ്ട ആവശ്യകത അധ്യാപകരെ ബോധ്യപ്പെടുത്തി.

അധ്യാപകരുടെ ജീവിതസാക്ഷ്യം ഫലപ്രദമായ വിശ്വാസപരിശീലനത്തിന് അത്യന്താപേക്ഷിതമാണ് എന്ന ആശയം അവതരിപ്പിച്ച് രൂപതയിലെ പ്രധാനാധ്യാപകരെ അഭിവന്ദ്യപിതാവ് തന്റെ അധ്യക്ഷപ്രസംഗത്തിലൂടെ പ്രചോദിപ്പിച്ചു. അവാർഡ് ജേതാക്കളായ കുട്ടികളെ രൂപതയുടെ അഭിമാനമാക്കിയ എല്ലാവരേയും അനുമോദിക്കുകയും ചെയ്ത പിതാവ് ഉപഹാരങ്ങൾ നൽകി അവരെ പ്രത്യേകം അഭിനന്ദിച്ചു.

പ്രതിഭാസംഗമത്തിലൂടെ SMCC പ്രതിഭയായ അൽഫോൻസ പെരിഞ്ചേരി (ദ്വാരക), SMCC പ്രതിഭാസംഗമത്തിൽ രൂപതയെ പ്രതിനിധീകരിച്ച മറ്റ് രണ്ട് പേരായ രാഗിൻ വട്ടക്കാമൂളയിൽ (കാവുംമന്ദം), പ്രിൻസ് മാങ്കുത്തേൽ (വടക്കനാട്) എന്നിവരെ അഭിനന്ദിച്ച് രൂപതാമതബോധന കേന്ദ്രത്തിൽ പുതുതായി ചാർജ്ജെടുത്ത അസിസ്റ്റന്റ് ഡയറക്ടർ ബഹു. റോയി വട്ടക്കാട്ട് അച്ചൻ സംസാരിച്ചു.

SMCC നടത്തിയ 10, 7 ക്ലാസുകളിലെ സ്കോളർഷിപ്പ് പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ ആൻമേരി വില്ലന്താനം (അമ്പലവയൽ), ഇസബെൽ കണിയോടിക്കൽ (തെനേരി) സർട്ടിഫിക്കറ്റിന് അർഹരായ മെൽവിൻ വടക്കേക്കര (വിളമ്പുകണ്ടം), മറിയം എടാട്ടുകുന്നേൽ (യവനാർകുളം), എന്നിവരേയും സമ്മേളനം പ്രത്യേകമായി അഭിനന്ദിച്ചു.

വിശ്വാസവർഷത്തിന്റെ ആചരണത്തിൽ സ്ഥലകാലങ്ങളുടെ പ്രത്യേകതയും പ്രാധാന്യവും തിരിച്ചറിഞ്ഞ് വിശ്വാസജീവിതവളർച്ചയെ പരിപോഷിപ്പിക്കേണ്ട ആവശ്യകതയെ ബോധ്യപ്പെടുത്തി രൂപത ടീം അംഗം ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ അർത്ഥസംപുഷ്ടമായ ക്ലാസ് നയിച്ചു. വിശ്വാസ വർഷാചരണത്തിന്റെ ആവശ്യകത വ്യക്തമാക്കുന്നതായിരുന്നു പ്രസ്തുത ക്ലാസ്.

സീറോമലബാർ സഭ ആസ്ഥാനത്ത് വച്ച് നടത്തിയ പ്രതിഭാസംഗമത്തിൽ പങ്കെടുത്ത് വിജയികളായവരുടെ പ്രതിനിധിയായി സംസാരിച്ച അൽഫോൻസ പെരിഞ്ചേരി തങ്ങളുടെ വിശ്വാസ പരിശീലനത്തിൽ ലഭിച്ച അംഗീകാരത്തിന് എല്ലാവരോടും നന്ദി പറയുകയും ലഭിച്ച അവസരം ജീവിതത്തിന് വലിയ മുതൽക്കൂട്ടാണ് എന്ന് അഭിമാനത്തോടെ വിലയിരുത്തുകയും ചെയ്തു.

വിവിധ വിഷയങ്ങളുടെ അവതരണത്തെതുടർന്ന് രൂപതാടീം അംഗം ശ്രീ. ഫ്രാൻസീസ് മാടപ്പള്ളിക്കുന്നേലിന്റെ നന്ദി പ്രകാശന ത്തോടെ യോഗം അവസാനിപ്പിച്ചു.

**ഫൊറോന സെക്രട്ടറിമാരുടെ സംഗമം**

ഫൊറോന സെക്രട്ടറിമാരുടെ സംഗമം ജനുവരി 12-ന് രൂപത മതബോധന കേന്ദ്രത്തിൽ നടത്തി. അടുത്തുവരുന്ന HCC പരീക്ഷകൾ, അവയുടെ നടത്തിപ്പ് എന്നിവയായിരുന്നു ചർച്ചാ വിഷയങ്ങൾ.

**അഭിനന്ദനങ്ങൾ**

എഫ്.സി.സി. സഭാസമൂഹത്തിന്റെ പ്രൊവിൻഷ്യൽ സെക്രട്ടറി യായി തെരഞ്ഞെടുക്കപ്പെട്ട നമ്മുടെ ഓഫീസ് സെക്രട്ടറി സി. ടെസ്സിന് രൂപതാമതബോധന പ്രവർത്തകരുടെ ആശംസകളും അഭിനന്ദനങ്ങളും.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളെ,

നോമ്പുകാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. തന്നോടു തന്നെയും, ലോകത്തോടും, സാത്താനോടും ബലം പ്രയോഗിക്കാൻ വലിയ ആന്തരികശക്തി നാം സംഭരിക്കുന്നതിനുവേണ്ടിയാണ് സഭാമാതാവ് നോമ്പുകാലം നമുക്ക് വേണ്ടി ഒരുക്കിയിരിക്കുന്നത്. സ്വർഗ്ഗരാജ്യം ബലവാൻമാർക്കുള്ളതാണ്. ബലപ്രയോഗം നടത്താതെ പിന്തിരിയുന്നവൻ ഒരിക്കലും അത് സ്വന്തമാക്കുന്നില്ല. ബലപ്രയോഗം നടത്തേണ്ടത് നമ്മോടുതന്നെയാണ്, നമ്മിലെ പഴയ മനുഷ്യനെതിരെ. “നിങ്ങളുടെ പഴയജീവിതരീതിയിൽ നിന്നു രൂപംകൊണ്ട ദുരാശകളാൽ കലുഷിതമായ പഴയമനുഷ്യനെ ദൂരെയെറിയുവിൻ” (എഫേ 4;22) നമ്മെ ബന്ധനത്തിലാക്കുന്ന ആസക്തികളെ നാം കീഴടക്കണം, നമ്മുടെ ചിന്തകൾ, വികാരങ്ങൾ, ഇന്ദ്രിയങ്ങൾ ഇവയെ നാം നിയന്ത്രിക്കണം. ക്രൈസ്തവജീവിതം ലോകത്തിന്റെ ഗതിക്കെതിരെയുള്ള ഒരു നീന്തലാണ്. ഒഴുക്കിനെതിരെ നീന്താൻ നാം ബലം ധരിക്കണം. വിശ്വാസമാണ് ലോകത്തിന്റെ പ്രവണതകൾക്കെതിരെ ബലപ്രയോഗം നടത്താൻ നമ്മെ ശക്തിപ്പെടുത്തുന്നത്. ദൈവവചനത്തിന്റെ ശ്രവണത്തിലൂടെയും വചനപാരായണത്തിലൂടെയും വിശ്വാസം നമ്മിൽ ബലപ്പെടുന്നു. സാത്താൻ നമ്മുടെ ആസക്തികളെയും പാപസ്വഭാവത്തെയും മുതലെടുത്ത് പാപത്തിലേക്ക് വീഴിക്കാൻ പരിശ്രമിക്കുന്നു. പ്രാർത്ഥനയും ഉപവാസവും സാത്താനെതിരെ ബലപ്രയോഗം നടത്താൻ നമ്മെ സഹായിക്കും (മർക്കോസ് 9:29).

ഈ നോമ്പുകാലം വിശുദ്ധിയിൽ കൂടുതൽ ആഴപ്പെടാൻ, ഈശോയോട് കൂടുതൽ അടുക്കുവാൻ നമ്മെ സഹായിക്കട്ടെ. ഓരോ

മിഷൻലീഗ് അംഗവും വിശുദ്ധനാകാൻ വിളിക്കപ്പെട്ടിരിക്കുന്നവനാണ്. ആ വിശുദ്ധിയിലേക്ക് ഉയരാൻ നമുക്കെല്ലാവർക്കും പരിശ്രമിക്കാം പ്രാർത്ഥിക്കാം.

ഒത്തിരി സ്നേഹത്തോടെ,

**സോണിയച്ചൻ**

**രോഗീസന്ദർശനവാരം**

രോഗികൾക്ക് സാന്ത്വനമേകിക്കൊണ്ട് അശരണർക്ക് ആശ്രയമായിക്കൊണ്ട് ഫെബ്രുവരി മാസത്തിൽ രോഗീസന്ദർശനവാരം ആചരിക്കുന്നു.

11 – തിങ്കൾ – മാനന്തവാടി, കൊട്ടിയൂർ മേഖലകൾ
12 – ചൊവ്വ – പയ്യമ്പള്ളി, ബത്തേരി മേഖലകൾ
13 – ബുധൻ – കല്ലോടി മേഖല
14 – വ്യാഴം – നിലമ്പൂർ, തരിയോട് മേഖലകൾ
15 – വെള്ളി – മണിമൂളി, നടവയൽ മേഖലകൾ
16 – ശനി – പുൽപ്പള്ളി, ഗൂഡല്ലൂർ മേഖലകൾ

ഈ ദിവസങ്ങളിൽ എല്ലാ ശാഖകളും രോഗീസന്ദർശനം നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

**മിഷൻഞായർ വിഹിതം, സംസ്ഥാനവിഹിതം**

വിഹിതങ്ങൾ രൂപതയിൽ ഇനിയും ഏൽപ്പിക്കാത്ത ശാഖകൾ എത്രയും പെട്ടെന്ന് ഈ മാസം തന്നെ രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

**KCYM പുതിയ നേതൃത്വത്തിന് അഭിനന്ദനങ്ങൾ**

കെ.സി.വൈ.എം. പുതിയ ഭാരവാഹികൾക്ക് സി.എം.എൽ. രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങളും പുതിയ പ്രവർത്തനവർഷത്തിൽ എല്ലാവിധ ആശംസകളും നേരുന്നു.

**ക്രിസ്തുമസ് ലഹരിവിരുദ്ധ സന്ദേശം**

ചെറുപുഷ്പ മിഷൻലീഗ് ഡിസംബർ 22-ാം തീയതി മാനന്തവാടി ഗാന്ധിപാർക്കിൽ വെച്ച് നടത്തിയ ക്രിസ്തുമസ് ലഹരിവിരുദ്ധ സന്ദേശത്തിൽ അല പള്ളത്ത്, അജയ് ആന്റോ കൈതാരം, മെർളിൻ തുമ്പക്കാനായിൽ, അലൻ ജിയോ കൈതാരം, ജോൺസ്റ്റെയിൻസ് കുരീക്കാട്ടിൽ, എബിൻ കീച്ചൻകേരി എന്നിവർ പങ്കെടുത്തു. കണിയാരം, തവിഞ്ഞാൽ ശാഖകളിൽ നിന്നും കരോൾ ഗാനവും ഉണ്ടായിരുന്നു. ഈ ക്രിസ്തുമസ് സന്ദേശപരിപാടി വൻ വിജയമാക്കിതീർത്ത എല്ലാവർക്കും ചെറുപുഷ്പമിഷൻലീഗിന്റെ എല്ലാവിധ ആശംസകളും നന്ദിയും അറിയിക്കുന്നു.

**മേഖലാവാർത്തകൾ**

**നടവയൽ** - മാനേജിംഗ് കമ്മറ്റിയിൽ പങ്കെടുത്തു. മേഖലാതല ബൈബിൾവാക്യപഠന മത്സരം നടത്തി.

**മാനന്തവാടി** - കരോൾഗാന മത്സരം നടത്തി. I തവിഞ്ഞാൽ, II കണിയാരം.

**ഗൂഡല്ലൂർ** - കരോൾഗാന മത്സരം നടത്തി. പുൽക്കൂട് നിർമ്മാണമത്സരം നടത്തി.

**ശാഖാവാർത്തകൾ**

*നടവയൽ :-* സി.എം.എൽ വാർഷികം നടത്തി. മാറ്റൊലിയിൽ കരോൾഗാന പ്രോഗ്രാം നടത്തി.

*ദ്വാരക :-* കരോൾഗാന മത്സരം, ബൈബിൾവാക്യ പഠനമത്സരം എന്നിവ നടത്തി.

*തവിഞ്ഞാൽ :-* ഏകദിന സെമിനാർ നടത്തി. നക്ഷത്ര നിർമ്മാണം, പുൽക്കൂട് നിർമ്മാണ മത്സരം നടത്തി.

*പുതുശ്ശേരി :-* നക്ഷത്ര നിർമ്മാണം, കരോൾഗാന മത്സരം എന്നിവ നടത്തി.

*നരിവാലമുണ്ട :-* ക്രിസ്തുമസ് ആഘോഷത്തിനായ് 500 രൂപ ഒരു പാവപ്പെട്ട കുടുംബത്തിന് നൽകി. ക്രിസ്മസ് കാർഡ് നിർമ്മാണത്തിൽ പങ്കെടുത്തു.

*ചൂരൽമല :-* വി.കർബാനയെക്കുറിച്ച് ക്ലാസ് എടുത്തു.

*ആലാറ്റിൽ :-* മാറ്റൊലിയിൽ കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. മുഴുവൻ കുട്ടികളും നോമ്പെടുത്ത് പ്രാർത്ഥിച്ചു. ക്രിസ്തുമസ് കാർഡ് പ്രിന്റ് ചെയ്ത് എല്ലാ ഭവനങ്ങളിലും ക്രിസ്തുമസ് സന്ദേശം അറിയിച്ചു.

*പൂളപ്പാടം :-* സി.എം.എൽ. രജത ജൂബിലി സമാപനം വിദ്യാർത്ഥിമിത്രം സഹായ പദ്ധതിക്ക് തുടക്കം കുറിച്ചു. *വഴിയൊരുക്കിയവർ* സി.ഡി. പ്രകാശനം ചെയ്തു. ചോക്കാട് അഗതി മന്ദിരം സന്ദർശിച്ചു.

*മുണ്ടേരി :-* ഡിസംബർ 1-25 വരെ സുകൃതജപങ്ങൾകൊണ്ട് പുൽക്കൂട് ഒരുക്കി. ക്രിസ്തുമസ് കാർഡ് നിർമ്മാണ മത്സരത്തിൽ പങ്കെടുത്തു.

*കൽപ്ര :-* കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. സീനിയേഴ്സ് Camp follw up ൽ പങ്കെടുത്തു.

*ആറാട്ടുതറ :-* അൾത്താരബാല സംഗമം നടത്തി. കരോൾഗാന പരിശീലനം നടത്തി.

*വാകേരി :-* ദൈവവിളി ക്യാമ്പ് നടത്തി. വികാരിയച്ചന്റെ പൗരോഹിത്യ വാർഷികം ആഘോഷിച്ചു.

*ഒലിവുമല :-* കൽപ്പറ്റ ഗവ.ഹോസ്പിറ്റലിൽ ഭക്ഷണം ഉണ്ടാക്കി നൽകി. ബൈബിൾ വാക്യപഠന മത്സരത്തിൽ പങ്കെടുത്തു.
*ചാരിറ്റി :-* പുൽക്കൂട് നിർമ്മാണം നടത്തി.
*വടപുറം :-* കരോൾഗാന മത്സരം നടത്തി. വൃദ്ധരായ മാതാപിതാക്കളെ സന്ദർശിച്ച് ക്രിസ്തുമസ് സമ്മാനം കൈമാറി.
*പനവല്ലി :-* വിനോദയാത്ര നടത്തി. പുൽക്കൂട് നിർമ്മിച്ചു.
*ഇടിവണ്ണ :-* ബൈബിൾവാക്യ പഠന മത്സരം നടത്തി. മിഷൻഗ്രാമത്തിന് 3000 രൂപ നൽകി.
*അമ്പായത്തോട് :-* ബൈബിൽവാക്യ പഠനമത്സരത്തിലും ഏകദിന ക്യാമ്പിലും ശാഖയിൽ നിന്നും പങ്കെടുത്തു. അൾത്താരബാലിക ബാലന്മാരുടെ തെരഞ്ഞെടുപ്പ് നടത്തി.
*റൂബിനഗർ :-* ക്രിസ്തുമസിനൊരുക്കമായി കരോൾഗാന പരിശീലനവും വി. കുർബാനയ്ക്കുള്ള ഗാനപരിശീലനവും നടത്തി.
*നിരവിൽപുഴ :-* ഏകദിനധ്യാനം, സെമിനാർ എന്നിവ നടത്തി.
*തൃശ്ശിലേരി :-* ക്രിസ്റ്റീൻ ധ്യാനം നടത്തി.
*കുറുമണി :-* നക്ഷത്രമത്സരം നടത്തി. എമ്മാവൂസ് വില്ലയ്ക്ക് 500 രൂപ സഹായം നൽകി. ദൈവവിളി പ്രോത്സാഹനമായി 500 രൂപ നൽകി.
*കുറുമ്പാല :-* ഇടവകയിലെ പാവപ്പെട്ട 15 വീട്ടുകാർക്ക് 800 രൂപവീതം ക്രിസ്തുമസ് കിറ്റ് നൽകി. ബൈബിൾ ക്വിസ് നടത്തി.
*പോരൂർ :-* സെമിനാർ നടത്തി. ക്രിസ്തുമസ് സന്ദേശം എല്ലാ ഭവനങ്ങളിലും എത്തിച്ചു.
*വഞ്ഞോട് :-* ആൽബിൻ നെടുംകോട്ടയുടെ ആകസ്മികമായ വേർപാടിൽ അനുശോചനം അറിയിക്കുകയും റീത്ത് സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.
*കേളകം :-* മിഷൻഗ്രാമത്തിന് ക്രിസ്തുമസ് സന്ദേശം അയച്ചു. വചന വാക്യ മത്സരം നടത്തി.
*അപ്പപ്പാറ :-* സിമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു.
*ചുള്ളിയാന :-* വിശ്വാസപ്രഘോഷണറാലി നടത്തി. ഏയ്ഞ്ചൽമീറ്റിൽ പങ്കെടുത്തു.
*കടൽമാട് :-* ഭവനസന്ദർശനം, രോഗീസന്ദർശനം നടത്തി. വിദ്യാഭ്യാസ സഹായമായി 1000 രൂപ നൽകി.
*പട്ടാണിക്കൂപ്പ് :-* ബൈബിൾവാക്യ പഠന ശിബിരം നടത്തി.
*തോമാട്ടുചാൽ :-* ജയിൽ സന്ദർശനം നടത്തി.
*ഒഴുക്കൻമൂല :-* റേഡിയോ മാറ്റൊലിയിൽ പ്രോഗ്രാം അവതരിപ്പിച്ചു. കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. മക്കിയാട് ആശ്രമം സന്ദർശിച്ചു.

*പേരിയ :-* സി. സിസി യുടെ ജൂബിലി ആഘോഷിച്ചു.
*മരക്കടവ് :-* ജ്യോതിനിവാസ് സന്ദർശിച്ച് ഭക്ഷണ സാധനങ്ങൾ നൽകി.
*മംഗളം :-* ആദിവാസി കോളനി സന്ദർശിച്ച് ക്രിസ്തുമസിന് വസ്ത്രവിതരണം ചെയ്തു.
*പയ്യമ്പള്ളി :-* ഏയ്ഞ്ചൽമീറ്റ്, സീനിയർ ക്യാമ്പിൽ ശാഖയിൽ നിന്നും പങ്കെടുത്തു.
*ഇരുളം :-* സൺഡേ സ്റ്റാറിനെ കണ്ടെത്തി. ഏയ്ഞ്ചൽ മീറ്റിൽ പങ്കെടുത്തു.
*മംഗലശ്ശേരി :-* അർദ്ധദിന സെമിനാർ നടത്തി. കരോൾഗാന മത്സരത്തിൽ പങ്കെടുത്തു.
*ഞാറപ്പാടം :-* വാർഷിക ധ്യാനത്തിൽ പങ്കെടുത്തു. ബൈബിൾവാക്യ പഠന മത്സരം നടത്തി.
*മൂലേപ്പാടം :-* ജപമാല സൈന്യം ഒത്തുചേർന്ന് ജപമാല ചൊല്ലി പ്രാർത്ഥിച്ചു.
*കോട്ടത്തറ :-* അൾത്താരബാല സംഗമം നടത്തി. കരോൾഗാന പരിശീലനം നടത്തി.
*പ്രശാന്തഗിരി :-* ഏകദിന ധ്യാനം നടത്തി. കരോൾഗാന പരിശീലനം നടത്തി.
*കാവുംമന്ദം :-* ശാഖയിൽ കരോൾഗാന മത്സരം നടത്തി. ഡൽഹിയിൽ കൂട്ടബലാൽസംഗത്തിനിരയായ് മരിച്ച പെൺകുട്ടിയുടെ മരണത്തിൽ അനുശോചിച്ച് സി.എം.എൽ. അംഗങ്ങൾ ടൗണിലൂടെ മൗനജാഥ നടത്തി.
*പുതിയിടം :-* ക്രിസ്തുമസ് കാർഡ് നിർമ്മാണം പുൽക്കൂട് നിർമ്മാണം എന്നിവ നടത്തി. കരോൾഗാന പരിശീലനം നടത്തി. ക്രിസ്തുമസ്സിനോടനുബന്ധിച്ച് 6 ഭവനങ്ങൾക്ക് 300 രൂപ വില വരുന്ന ക്രിസ്തുമസ് കിറ്റ് നൽകി.
*ആടിക്കൊല്ലി :-* കരോൾഗാന മത്സരം, നക്ഷത്ര നിർമ്മാണം, പുൽക്കൂട് നിർമ്മാണം എന്നിവ നടത്തി. കരോൾഗാന പരിശീലനം നടത്തി.
*നെയ്ക്കുപ്പ :-* ക്രിസ്റ്റീൻ ധ്യാനം നടത്തി. മിഷൻഗ്രാമത്തിലേക്ക് ക്രിസ്തുമസ് ആശംസകൾ നേർന്നുകൊണ്ട് കാർഡ് അയച്ചു.
*ധർമ്മഗിരി :-* വിശ്വാസകൂടാരം നിർമ്മിച്ചു. ആനുവൽ അത്‌ലറ്റിക് മീറ്റ് നടത്തി.
*ചുള്ളിയോട് :-* 25 ദിവസം മുടങ്ങാതെ പള്ളിയിൽ വന്നവർക്ക് പ്രത്യേക സമ്മാനം നൽകി.
*ചുങ്കക്കുന്ന് :-* ഉപന്യാസ മത്സരം നടത്തി. ഫൊറോനയിലെ എല്ലാ

ഇടവകകളുടെയും പേര് നറുക്കിട്ടെടുത്ത് ഓരോ ഞായറാഴ്ചയും ഓരോ ഇടവകയ്ക്കും ദൈവജനത്തിനും വൈദീകർക്കും വേണ്ടി പ്രാർത്ഥിച്ചു.
*വാളവയൽ :-* സെമിനാർ നടത്തി. കരോൾഗാന പരിശീലനം നടത്തി.
*കരിമ്പിൽ :-* ബൈബിൾവാക്യ പഠനമത്സരം, കരോൾഗാന മത്സരം, അൾത്താരബാല സംഗമം, ജപമാല സൈന്യസംഗമം എന്നിവ നടത്തി.
*മച്ചിക്കൊല്ലി :-* രാമകൃഷ്ണമിഷൻ വൃദ്ധസദനം സന്ദർശിച്ച് ക്രിസ്തുമസ് കിറ്റ് നൽകി.
*കുന്നലാടി :-* വിശ്വാസവർഷത്തോടനുബന്ധിച്ച് സെമിനാർ നടത്തി. കരോൾഗാന മത്സരത്തിൽ പങ്കെടുത്തു. അൾത്താരബാല സംഗമം നടത്തി.
*കുറുമ്പാലക്കോട്ട :-* ക്രിസ്തുമസിന് ഒരുക്കമായി ജാഗരണപ്രാർത്ഥന നടത്തി. ശാഖാപ്രസിഡന്റിന്റെ വീട്ടിൽ വെച്ച് ക്രിസ്തുമസ് ആഘോഷം നടത്തി.

## മിഷൻഞായർ വിഹിതം തന്ന ശാഖകൾ

കാട്ടിക്കുളം-400, മഞ്ഞൂറ-200, ആറാട്ടുതറ-300, എടപ്പെട്ടി-400, അമരക്കുനി-570, ഒഴുക്കൻമൂല-200, ചിത്രഗിരി-200, കാവുംമന്ദം-500, ഇരുളം - 500, പ്രശാന്തഗിരി-250, പോരൂർ-1200, കുറുമ്പാല-1200, കരിമ്പിൽ - 500, കടൽമാട് - 300, ലക്കിടി - 250, ധർമ്മഗിരി - 250, തേൾപ്പാറ - 1000, കുറ്റിമൂല - 500.

## പലതുള്ളി തന്ന ശാഖകൾ

ദ്വാരക-300, കാട്ടിക്കുളം-200, തെനേരി-400, മഞ്ഞൂറ-100, എടപ്പെട്ടി-150, ചിത്രഗിരി-100, മുണ്ടേരി-200, പുതിയിടം-500, കാവുംമന്ദം -200, ഇരുളം-250, പ്രശാന്തഗിരി-50, കടൽമാട്-200, തേൾപ്പാറ-100, ആടിക്കൊല്ലി-300, കുറ്റിമൂല-100.

## കാണിക്ക തന്ന ശാഖകൾ

തെനേരി-1000, മഞ്ഞൂറ-100, ഒഴുക്കൻമൂല-105, പുതിയിടം-1130, പ്രശാന്തഗിരി-100, കരിമ്പിൽ-450, കടൽമാട്-200, തേൾപ്പാറ-100, ആടിക്കൊല്ലി-500, കുറ്റിമൂല-150.

മിഷൻ അഭിവാദനങ്ങളോടെ,

**ബിനു മാങ്കൂട്ടത്തിൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

# കെ. സി. വൈ. എം.

സ്നേഹിതരേ,

'മനുഷ്യചേതന കർത്താവ് കൊളുത്തിയ വിളക്കാണ്'

(സുഭാ. 20:27)

'നിങ്ങൾക്ക് സങ്കല്പിക്കാൻ കഴിയുമെങ്കിൽ നിങ്ങൾക്ക് സൃഷ്ടിക്കാനാവു. നിങ്ങൾക്ക് സ്വപ്നം കാണാൻ സാധിക്കുമെങ്കിൽ നിങ്ങൾക്ക് ആയിതീരാൻ സാധിക്കും' എന്ന വില്യം ആർതറുടെ വാക്കുകൾ സ്വപ്നം കാണുവാനും ദൈവരാജ്യം ആയി തീരാനും നമ്മേയും പ്രേരിപ്പിക്കുന്നു. സഭയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ യുവതയുടെ സ്വപ്നസങ്കല്പങ്ങൾക്ക് അഭേദ്യമായ ബന്ധമുണ്ട്. ആയതിനാൽ യുവജനങ്ങൾ യേശു ആഗ്രഹിച്ച ദൈവരാജ്യത്തെപ്പറ്റിയും സഭയെപ്പറ്റിയും സ്വപ്നം കാണേണ്ടിയിരിക്കുന്നു. 'സൗന്ദര്യം കാണാനുള്ള സർഗ്ഗാത്മക കഴിവ് യുവജനങ്ങളെ സന്തോഷവാന്മാരാക്കുന്നു. സൗന്ദര്യം കാണാനുള്ള കഴിവ് സൂക്ഷിക്കുന്നവർ ഒരിക്കലും വൃദ്ധരാവുന്നില്ല' എന്ന ഫ്രാൻസ് കാഫ്ക്കെയുടെ വാക്കുകൾ സൗന്ദര്യം തുളുമ്പിനിൽക്കുന്ന സ്വപ്നങ്ങൾ... അത് സഭയെക്കുറിച്ചും സമൂഹത്തെക്കുറിച്ചും കാണാൻ സാധിക്കട്ടെ. അതുമൂലം 2013 വർഷത്തിൽ യുവത്വമുള്ള സഭയും സമൂഹവും മനസ്സും നമുക്ക് സ്വന്തമാക്കുകയും ചെയ്യാം.

**നന്ദിയോടെ**

2012 വർഷത്തിൽ മാനന്തവാടി രൂപതയിലെ കെ.സി.വൈ.എം. പ്രസ്ഥാനത്തെ നയിച്ച ശ്രീ. ബിനോയി പാനികുളം, കുമാരി ഫ്രൻസി മണ്ണിശ്ശേരിൽ, അനീഷ് ഓമക്കര, ജിതേഷ് മുളക്കകുന്നേൽ, ശ്രുതി നെടുങ്ങോട്ടുകുടിയിൽ, ജസ്റ്റിൻ ചെഞ്ചട്ടയിൽ, ബിബിൻ ചെമ്പക്കര, എബിൻ മുട്ടപ്പള്ളി എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു. ഒപ്പം 2012 വർഷത്തെ രൂപതാ സിൻഡിക്കേറ്റ് സെനറ്റ് മേഖലാ യൂണിറ്റ് ഭാരവാഹികൾ, കെ.സി.വൈ.എം. പ്രവർത്തകർ, ഫൊറോനാ വികാരിമാർ,

മേഖലാ യൂണിറ്റ് ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് എന്നിവരെ നന്ദിയോടെ ഓർക്കുന്നു. ഒപ്പം പ്രസ്ഥാനത്തിന്റെ വളർച്ചയിൽ സഹായിച്ച ആനിമേറ്റർ സി. വിൻസി ജോൺ എഫ്.സി.സി., രൂപതാ ഓഫീസ് സെക്രട്ടറി സി. ജെസ്ന SABS, സി. അനിലിറ്റ് SABS എന്നിവരുടെ സേവനങ്ങളെ നന്ദിയോടെ സ്മരിക്കുന്നു. വളരെയധികം പ്രോത്സാഹനവും പ്രചോദനവും നൽകുന്ന അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിനും പെരിയ ബഹു. വികാരിജനറാൾ മോൺ മാത്യു മാടപ്പള്ളിക്കുന്നേലച്ചനും രൂപതയിലെ മുഴുവൻ യുവജനങ്ങളുടെയും കൃതജ്ഞതാമലരുകൾ...

**സുസ്വാഗതം**

2013 വർഷത്തിൽ മാനന്തവാടി രൂപതയിലെ കെ.സി.വൈ.എം. പ്രസ്ഥാനത്തെ നയിക്കാൻ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട് ജിതേഷ് ജോസ് മുളക്കകുന്നേൽ, വൈസ് പ്രസിഡന്റ് ഫ്രൻസി മണ്ണിശ്ശേരി, ജനറൽ സെക്രട്ടറി ബിബിൻ ചെമ്പക്കര, സെക്രട്ടറിമാർ ഡൽനാ തെരേസ് പറപ്പള്ളിൽ, എബിൻ മുട്ടപ്പള്ളി, ട്രഷറർ സെബിൻ പാലമൂട്ടിൽ, കോ-ഓർഡിനേറ്റർ വിനു വാണിയപ്പിള്ളിൽ എന്നിവർക്കും 2013 വർഷത്തെ സിൻഡിക്കേറ്റ് മേഖലാ യൂണിറ്റ് പ്രസിഡന്റ്, സെക്രട്ടറി, മറ്റ് ഭാരവാഹികൾ എന്നിവർക്കും കെ.സി.വൈ.എം. രൂപതാ കുടുംബത്തിന്റെ നേതൃനിരയിലേക്ക് സ്വാഗതം.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**

**നന്ദിയോടെ... പ്രതീക്ഷയോടെ**

പുത്തൻപ്രതീക്ഷകളും സ്വപ്നങ്ങളുമായി യുവജന പ്രേഷിത ഭൂമിയിലെ താരകങ്ങളാകാൻ വിളിക്കപ്പെട്ടിരിക്കുന്നവരാണ് കെ.സി.വൈ.എം. യുവശക്തി. ഇന്നിന്റെ വെല്ലുവിളികളെ ധീരതയോടെ നേരിടാൻ നമ്മെ ശക്തരാക്കുന്ന വിശ്വാസത്തിന്റെ പരിച എടുത്ത് ഈ വിശ്വാസ വർഷത്തിൽ സമൂഹത്തിലേക്കിറങ്ങിച്ചെല്ലാം. സമൂഹത്തോടൊത്തുണർന്ന്, ഉയർന്ന് ചിന്തിച്ചുകൊണ്ട് സാമൂഹിക പ്രശ്നങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് സഹോദരങ്ങളെ കൈപിടിച്ചുയർത്താം.

പിന്നിട്ടവർഷം നേട്ടങ്ങളുടെ വർഷമായിരുന്നു. മുന്നിൽ നിന്ന് നയിച്ച രൂപത ഡയറക്ടർമാരായ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ, റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, ആനിമേറ്റർ സി. വിൻസി ജോൺ FCC, പ്രസിഡന്റ് ശ്രീ. ബിനോയ് പാനികുളം, ജനറൽ സെക്രട്ടറി ശ്രീ. ജിതേഷ് മുളയ്ക്കക്കുന്നേൽ, വൈസ് പ്രസിഡന്റ് കുമാരി ഫ്രൻസി

മണ്ണിശ്ശേരി, സെക്രട്ടറിമാരായ കുമാരി ശ്രുതി നെടുങ്ങോട്ടുകുടിയിൽ, ജസ്റ്റിൻ ചെഞ്ചട്ടയിൽ, ട്രഷറർ ബിബിൻ ചെമ്പക്കര, കോ-ഓഡിനേറ്റർ എബിൻ മുട്ടപ്പള്ളി, രൂപത സിൻഡിക്കേറ്റ് സെനറ്റ് മെമ്പേഴ്സ്, മേഖല, യൂണിറ്റ് ഭാരവാഹികൾ, ബഹു. വികാരിയച്ചന്മാർ, ആനിമേറ്റേഴ്സ് എന്നിവരെയും സ്നേഹത്തോടെ ഓർക്കുകയും നന്ദി പറയുകയും ചെയ്യുന്നു.

**രൂപതാവാർഷികം**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ 2012 വർഷത്തെ വാർഷിക സമ്മേളനം 2012 ഡിസംബർ 29 ന് ദ്വാരക എ.യു.പി. സ്കൂളിൽ വച്ചു നടന്നു. വി. അൽഫോൻസാ ദേവാലയത്തിൽ വച്ചു മുൻ രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ ദിവ്യബലി അർപ്പിച്ച് വാർഷികത്തിന് തുടക്കം കുറിച്ചു. സമ്മേളനത്തിൽ രൂപതാ ആനിമേറ്റർ സി. വിൻസി ജോൺ FCC വചനപ്രതിഷ്ഠ നടത്തി. തുടർന്ന് രൂപതാ പ്രസിഡന്റ് ശ്രീ. ബിനോയ് പാനികുളത്തിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ശ്രീ. ജിതേഷ് മുളയ്ക്കക്കുന്നേൽ സ്വാഗതമാശംസിച്ചു. റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ വിശിഷ്ടാതിഥി ആയിരുന്നു. രൂപതാ ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, സംസ്ഥാന സിൻഡിക്കേറ്റ് അംഗം ശ്രീ. സജിൻ ജോസ് ചാലിൽ, വൈസ് പ്രസി. കുമാരി ഫ്രൻസി തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ "യുവജനനേതൃത്വം - പ്രതികരണത്തിന്റെ വഴികൾ" എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസെടുത്തു. രൂപത ട്രഷറർ ശ്രീ. ബിബിൻ ചെമ്പക്കര ഏവർക്കും നന്ദി പറഞ്ഞ് വാർഷികത്തിന് സമാപനം കുറിച്ചു.

**വാർഷിക സെനറ്റ് - 2012 ഡിസംബർ 29**

പിന്നിട്ട വഴികളെ വിലയിരുത്തുന്നതിനും പുതുവർഷത്തിൽ പുത്തനുണർവ്വോടെ കർമ്മനിരതരാകുവാനും രൂപതാ വാർഷിക സെനറ്റ് 2012 ഡിസംബർ 29 ന് ദ്വാരക എ.യു.പി. സ്കൂളിൽ ചേരുകയുണ്ടായി. രൂപതാ പ്രസിഡന്റ് ശ്രീ. ബിനോയ് പാനികുളം അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ജിതേഷ് മുളക്കക്കുന്നേൽ സ്വാഗതവും ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആമുഖപ്രഭാഷണം നടത്തുകയും ചെയ്തു. തുടർന്ന് മേഖല റിപ്പോർട്ടുകളും രൂപത റിപ്പോർട്ടുകളും അവതരിപ്പിച്ച് പാസ്സാക്കി. രൂപത ട്രഷറർ ശ്രീ. ബിബിൻ ചെമ്പക്കര രൂപതയുടെ കണക്ക് അവതരിപ്പിച്ചു. 2013 വർഷത്തേക്കുള്ള രൂപതാഭാരവാഹികളായി താഴെ പറയുന്നവർ തെരഞ്ഞെടുക്കപ്പെട്ടു.

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. ജിതേഷ് മുളയ്ക്കക്കുന്നേൽ - ദ്വാരക |
| വൈ. പ്രസിഡന്റ് | : | കുമാരി ഫ്രൻസി മണ്ണിശ്ശേരി - പേരിയ |
| ജനറൽ സെക്രട്ടറി | : | ശ്രീ. ബിബിൻ ചെമ്പക്കര - പട്ടാണികൂപ്പ് |
| സെക്രട്ടറിമാർ | : | കുമാരി ഡെൽന പറപ്പിള്ളി - നടവയൽ |
| | : | എബിൻ മുട്ടപ്പള്ളി - തരിയോട് |
| ട്രഷറർ | : | സിബിൻ പാലമൂട്ടിൽ - തലഞ്ഞി |
| കോ-ഓർഡിനേറ്റർ | : | വിനു വാണിയപ്പിള്ളിൽ - തോമാട്ടുചാൽ |

**രൂപതാ സിൻഡിക്കേറ്റ് അംഗങ്ങൾ**

ബത്തേരി - അഞ്ജു പഴയവീട്ടിൽ, കല്ലോടി - ജോസ്ന പുള്ളോലിക്കൽ, കൽപ്പറ്റ - ജോജോ വരകുകാലായിൽ, മണിമൂളി - സരിൻ വാലുമ്മേൽ, മാനന്തവാടി - ഷംജിത്ത് ചേലയ്ക്കൽ, നടവയൽ - സിനോ പാക്കാലായിൽ, പുൽപ്പള്ളി - അമയ ഉറുമ്പുങ്കൽ, പയ്യമ്പള്ളി - സജീഷ് കടിയിങ്കൽ, തരിയോട് - റിയ ചേമ്പാല.

**സംസ്ഥാന സിൻഡിക്കേറ്റ്**

ശ്രീ. സജിൻ ജോസ് ചാലിൽ, കുമാരി ബൻസി പൊട്ടയിൽ.

**സംസ്ഥാന സെനറ്റ് അംഗങ്ങൾ**

ഫ്രൻസി മണ്ണിശ്ശേരി, ജസ്റ്റിൻ ചെഞ്ചട്ടയിൽ, സിനോ പാറക്കാലായിൽ, വിപിൻ പനമട.

**സംയുക്ത സിൻഡിക്കേറ്റും ഉത്തരവാദിത്വക്കൈമാറ്റവും**

രൂപതാസമിതിയുടെ ഉത്തരവാദിത്വക്കൈമാറ്റവും സംയുക്ത സിൻഡിക്കേറ്റും ജനുവരി 6 ഞായറാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. ബഹു. ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കലിന്റെ സാന്നിദ്ധ്യത്തിൽ 2013 വർഷത്തെ ഭാരവാഹികൾ ഉത്തരവാദിത്വം ഏറ്റെടുത്തു. അഭിനന്ദനങ്ങളർപ്പിച്ചുകൊണ്ട് സിന്റിക്കേറ്റ് അംഗങ്ങൾ സംസാരിച്ചു.

**പ്രവർത്തക അവാർഡുകൾ**

2012 വർഷത്തെ മികച്ച പ്രവർത്തനത്തിനുള്ള അവാർഡുകൾ രൂപതാ വാർഷികത്തിൽവച്ചു നൽകുകയുണ്ടായി.

മികച്ച മേഖല - തരിയോട്, മികച്ച യൂണിറ്റ് - കൽപ്പറ്റ.

**സംസ്ഥാന വാർഷിക സെനറ്റ്**

2012 വർഷത്തെ സംസ്ഥാനവാർഷിക സെനറ്റ് 2013 ജനുവരി 3 മുതൽ 6 വരെ കോട്ടയം അതിരൂപതയുടെ ആതിഥേയത്വത്തിൽ

തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു. മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് ശ്രീ. സജിൻ ജോസ് ചാലിൽ, സൻസി പൊട്ടയിൽ, ജസ്റ്റിൻ ചെഞ്ചട്ടയിൽ, സിനോ പാറക്കാലായിൽ തുടങ്ങിയവർ പങ്കെടുക്കുകയും രൂപതാ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

## നേതൃസംഗമം

കെ.സി.വൈ.എം. മാനന്തവാടി രൂപതയെ 2013 ൽ നയിക്കാൻ നിയോഗിക്കപ്പെട്ട മേഖല, യൂണിറ്റ് ഭാരവാഹികളുടെ നേതൃസംഗമം ഫെബ്രുവരി 8 വെള്ളിയാഴ്ച വൈകിട്ട് 5 മണി മുതൽ ഫെബ്രു 10 വൈകിട്ട് 5 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നു. എല്ലാ മേഖല-യൂണിറ്റ് ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, ഭാരവാഹികൾ എന്നിവർ നിർബന്ധമായും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. സംഗമത്തിനുവരുന്നവർ ബെഡ്ഷീറ്റ്, നോട്ട് ബുക്ക്, പേന എന്നിവ കൊണ്ടു വരേണ്ടതാണ്. യൂണിറ്റിൽ നിന്നും പങ്കെടുക്കുന്നവരുടെ എണ്ണം ഫെബ്രുവരി 5 ന് മുൻപ് രൂപതാ കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

## മലയാറ്റൂർ പദയാത്ര

മാനന്തവാടി രൂപതയുടെ കൂടെ മലയാറ്റൂർ പദയാത്രക്കു പോകുന്നവർ ഫെബ്രുവരി 10-ാം തീയതിയിലെ യുവജന സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്. യൂണിറ്റിൽ നിന്നും പോകുവാൻ താൽപര്യപ്പെടുന്നവരുടെ ലിസ്റ്റ് ഫെബ്രുവരി 5 ന് മുൻപ് രൂപതാ കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

## "വഴി 2013" - മാർഗ്ഗരേഖ പ്രകാശനം

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ 2013 വർഷത്തെ കർമ്മപദ്ധതി "വഴി-2013" ന്റെ പ്രകാശനം ഫെബ്രുവരി 8,9,10 തീയതികളിൽ നടക്കുന്ന നേതൃസംഗമത്തിൽ വച്ച് നിർവ്വഹിക്കുന്നതാണ്. ഈ 'വഴി' ലഭിച്ചതിനുശേഷം മാത്രമേ മേഖലകളുടെയും യൂണിറ്റുകളുടെയും 2013 വർഷത്തെ കർമ്മപദ്ധതി പ്രസിദ്ധീകരിക്കുവാൻ പാടുള്ളു.

## കെ.സി.വൈ.എം. പ്രവർത്തനഫണ്ട്

കെ.സി.വൈ.എം. 2013 വർഷത്തിൽ പ്രവർത്തനഫണ്ട് സ്വരൂപിക്കുന്നതിനായി രൂപതയുടെ നേതൃത്വത്തിൽ സമ്മാനകൂപ്പൺ അച്ചടിക്കുന്നു. മേഖലകൾ യൂണിറ്റ് അടിസ്ഥാനത്തിൽ രൂപതാ കേന്ദ്രത്തിൽനിന്നും നൽകുന്ന കൂപ്പണുകൾ വിതരണം ചെയ്യേണ്ടതാണ്.

വിൽക്കപ്പെടുന്ന കൂപ്പണിന്റെ 40% രൂപതയ്ക്കും, 30% മേഖലയ്ക്കും, 30% യൂണിറ്റിനുമായിരിക്കും.

**മാനന്തവാടി രൂപതാ യുവജനകുരിശ് (Youth Cross)**

മാനവരക്ഷയുടെ അടയാളമാണ് വി.കുരിശ്. ആഗോള കത്തോലിക്കാ സഭ വിശ്വാസവർഷം ആചരിക്കുന്ന ഈ അവസരത്തിൽ മാനന്തവാടി രൂപതാ കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നും കൊണ്ടുവരുന്ന തടിക്കഷ്ണങ്ങൾ ചേർത്തുവച്ചാണ് യുവജന കുരിശ് നിർമ്മിക്കുന്നത്. ഫെബ്രുവരി 10-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്ന യുവജന സംഗമത്തിൽ മാനന്തവാടി രൂപതയുടെ അഭിവന്ദ്യപിതാവ് മാർ ജോസ് പൊരുന്നേടം കുരിശ് വെഞ്ചിരിച്ച് മാനന്തവാടി രൂപതയിലെ യുവജനങ്ങൾക്ക് സമർപ്പിക്കുന്നു. ഇടവകകളിലെ മുഴുവൻ യുവജനങ്ങളെയും യുവജന സംഗമത്തിലേക്ക് ക്ഷണിച്ചുകൊള്ളുന്നു.

**യുവജനകുരിശ് (Youth Cross) പ്രയാണം ഫൊറോനകളിൽ**

അമ്പതു നോമ്പ് തുടങ്ങിയതിനുശേഷം യുവജനകുരിശും വഹിച്ചുകൊണ്ട് ഓരോ ഫൊറോനാ കേന്ദ്രങ്ങളിലേയ്ക്ക് യുവജനങ്ങളുടെയും ഇടവക ജനങ്ങളുടെയും പങ്കാളിത്തത്തോടുകൂടി പരിഹാര പ്രദക്ഷിണം നടത്തുന്നു. ഫൊറോനയിലെ ബഹു. അച്ചന്മാർ പരസ്പരം ആലോചിച്ച് പ്രയാണം വരേണ്ട ഒരു സ്ഥലം നിശ്ചയിച്ച് മേഖലാ ഡയറക്ടർവഴി കെ.സി.വൈ.എം. രൂപതാ ഓഫീസിൽ അറിയിക്കുമല്ലോ. രൂപതയിൽ നിന്നും വാഹനത്തിൽ വെഞ്ചരിച്ച കുരിശുമായി ഫൊറോന നിർദ്ദേശിക്കുന്ന ദേവാലയത്തിന് രണ്ടുകിലോമീറ്റർ എത്തുമ്പോൾ എല്ലാവരും ചേർന്ന് സ്വീകരിച്ച് കുരിശും വഹിച്ചുകൊണ്ട് പരിഹാരപ്രദക്ഷിണം നടത്തുന്നു. തുടർന്ന് പ്രസംഗം, വി.കുർബാന, വി.കുരിശിന്റെ ആശീർവാദം എന്നിവയോടെ സമാപിക്കുന്നു. യുവജനകുരിശ് ഫൊറോനകളിൽ എത്തുന്ന ദിവസവും തീയതിയും താഴെ കൊടുക്കുന്നു.

ഫെബ്രുവരി 15 വെള്ളി - കൊട്ടിയൂർ, ഫെബ്രുവരി 16 ശനി - പയ്യമ്പള്ളി, ഫെബ്രുവരി 17 ഞായർ - മാനന്തവാടി, ഫെബ്രുവരി 22 വെള്ളി - കല്ലോടി, ഫെബ്രുവരി 23 ശനി - തരിയോട്, ഫെബ്രുവരി 24 ഞായർ - കൽപ്പറ്റ, മാർച്ച് 1 വെള്ളി - നടവയൽ, മാർച്ച് 2 ശനി - പുൽപ്പള്ളി, മാർച്ച് 3 ഞായർ - ബത്തേരി, മാർച്ച് 9 ശനി - ഗൂഡല്ലൂർ, മാർച്ച് 10 ഞായർ - നിലമ്പൂർ, മാർച്ച് 24 ഞായർ - മണിമൂളി.

പരിഹാരപ്രദക്ഷിണം വരുന്നത് വൈകുന്നേരങ്ങളിലായിരിക്കും. അതനുസരിച്ച് വി.കുർബാനയുടെ സമയം ക്രമീകരിക്കുമല്ലോ.

**യൂണിറ്റ് വാർത്തകൾ**

**കാവുമന്ദം യൂണിറ്റ്**

തരിയോട് ഫൊറോനയിലെ എല്ലാ വീടുകളും കയറി, കുടുംബങ്ങളെ ധ്യാനത്തിന് ക്ഷണിച്ചു. കൺവെൻഷൻ വിജയത്തിനായി 103 ദിവസങ്ങൾ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. യുവജനങ്ങൾ ബൈക്ക് റാലി നടത്തി കൺവെൻഷന് പബ്ലിസിറ്റി നൽകി. ധ്യാനദിവസങ്ങളിൽ മധ്യസ്ഥപ്രാർത്ഥന നടത്തുകയും പ്രധാന കമ്മിറ്റികളുടെ നേതൃത്വം വഹിക്കുകയും വി. ബലിയിൽ അൾത്താരശുശ്രൂഷ, വായനകൾ ഇവക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു.

**പടമല യൂണിറ്റ്**

യുവജനങ്ങളുടെ നേതൃത്വത്തിൽ ചേർന്ന് പള്ളിപ്പരിസരം വൃത്തിയാക്കുകയും പുൽക്കൂട് നിർമ്മിക്കുകയും ചെയ്തു.

**കുറുമണി യൂണിറ്റ്**

കെ.സി.വൈ.എം. സംസ്ഥാന കലാമത്സരത്തിൽ ചവിട്ടുനാടകത്തിൽ പങ്കെടുക്കുകയും ബി ഗ്രേഡ് നേടുകയും ചെയ്തു. യുവജനങ്ങൾ കൃഷി ചെയ്യുന്ന വാഴക്ക് കിളച്ച് വളമിട്ടു. മേഖലാക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തു. മേഖലയിലെ ഏറ്റവും നല്ല യൂണിറ്റായി കുറുമണി യൂണിറ്റ് തിരഞ്ഞെടുക്കപ്പെട്ടു. ക്രിസ്തുമസ് കരോളിന് വാർഡുകളിൽ യുവജനങ്ങൾ നേതൃത്വം നൽകി.

**ഇടിവണ്ണ യൂണിറ്റ്**

പാതാറിൽ വച്ചു നടന്ന വോളിബോൾ മത്സരത്തിൽ ഇടിവണ്ണ യൂണിറ്റ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. ക്രിസ്തുമസിനോടനുബന്ധിച്ച് പള്ളിയുടെ കമാനം അലങ്കരിക്കുകയും പുൽക്കൂട് നിർമ്മിക്കുകയും ചെയ്തു. വർഷാവസാനത്തിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ 'വാനവവിസ്മയം' കരിമരുന്ന് പ്രയോഗം നടത്തി.

**തലഞ്ഞി യൂണിറ്റ്**

നിലമ്പൂർ - മണിമൂളി മേഖലകൾ സംയുക്തമായി നടത്തിയ ഇടിവണ്ണ യൂണിറ്റ് യുവജനധ്യാനം തലഞ്ഞി യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു. ഇടവകതിരുനാളിനോടനുബന്ധിച്ചുള്ള അലങ്കാരം, രഥനിർമ്മാണം എന്നിവയ്ക്ക് കെ.സി.വൈ.എം. അംഗങ്ങൾ നേതൃത്വം നൽകി. ക്രിസ്തുമസ് ട്രീ, പുൽക്കൂട് നിർമ്മാണം എന്നിവ കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി.

**വൈത്തിരി യൂണിറ്റ്**

ഫണ്ടു ശേഖരണാർത്ഥം ക്രിസ്തുമസ് കാർഡ് വിൽപ്പന നടത്തി. ക്രിസ്തുമസ് കരോളിന് നേതൃത്വം നൽകി. ഗവ. താലൂക്ക് ആശുപത്രിയിൽ രോഗികൾക്ക് ഭക്ഷണം തയ്യാറാക്കി വിതരണം ചെയ്തു. പള്ളി വൃത്തിയാക്കുന്നതിൽ യുവജനങ്ങൾ സജീവമായി പങ്കെടുത്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ പുൽക്കൂട് നിർമ്മിക്കുകയും കടകളിൽ നിന്നും ശേഖരിച്ച സാധനങ്ങൾ കൊണ്ട് ക്രിസ്തുമസ് ട്രീ ഒരുക്കുകയും ചെയ്തു.

**വെള്ളൂന്നി യൂണിറ്റ്**

ദേവാലയാങ്കണത്തിൽ ക്രിസ്തുമസ് നക്ഷത്രം തൂക്കി. വീടു സന്ദർശനം നടത്തി. വൃദ്ധമാതാപിതാക്കളോടൊത്ത് സമയം ചെലവഴിച്ചു. പഠനത്തിനും ജോലിക്കുമായി പുറത്തുപോയിരുന്ന യുവജനങ്ങൾക്കായി യുവസംഗമം നടത്തി. യുവജനങ്ങളുടെ നേതൃത്വത്തിൽ പുൽക്കൂട് നിർമ്മിച്ചു.

**ആലാറ്റിൽ യൂണിറ്റ്**

ഇടവകയിലെ മുഴുവൻ യുവജനങ്ങളും നോമ്പെടുത്ത് പിറവിത്തിരുന്നാളിനൊരുങ്ങി. യുവജനങ്ങളുടെ നേതൃത്വത്തിൽ ദേവാലയാങ്കണത്തിൽ മനോഹരമായ നക്ഷത്രവിളക്ക് തൂക്കി. 5-12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കു വേണ്ടി നടത്തിയ ഏകദിനസെമിനാറിന് കെ.സി.വൈ.എം. നേതൃത്വം നൽകി. യൂണിറ്റിലെ മുഴുവൻ അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് കരോൾ ഗാനമത്സരം നടത്തി. യുവജനങ്ങളുടെ നേതൃത്വത്തിൽ മനോഹരമായ പുൽക്കൂട് നിർമ്മിച്ചു. പ്രസിഡന്റ് ജിൻസ് പടിഞ്ഞാറയും ടീമും വർഷാവസാനത്തിലെ ആരാധനയ്ക്കും പ്രാർത്ഥനകൾക്കും നേതൃത്വം നൽകി. പുതുവത്സരാശംസാകാർഡും മധുരപലഹാരവും യുവജനങ്ങൾ എല്ലാവർക്കും വിതരണം ചെയ്തു.

**പട്ടാണിക്കൂപ്പ് യൂണിറ്റ്**

ഡിസംബർ 16-ന് ഇടവകയിലെ യുവജനങ്ങൾക്കായി ഒരു ഏകദിന സെമിനാർ നടത്തി. രൂപതാ ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ വി.ബലി അർപ്പിക്കുകയും ക്രിസ്തീയ നേതൃത്വം - യുവജന വിശ്വാസം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസുകൾ നയിക്കുകയും ചെയ്തു. ഇടവകയിലെ 50 ൽപരം യുവജനങ്ങൾ സെമിനാറിൽ പങ്കെടുത്തു. തുടർന്ന് 2013 വർഷത്തേക്കുള്ള യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുത്തു.

ക്രിസ്തുമസിന് നക്ഷത്രം, പുൽക്കൂട്, ക്രിസ്തുമസ് ട്രീ എന്നിവ നിർമ്മിച്ചു. ഇടവകയുടെ കരോളിന് കെ.സി.വൈ.എം. യുവജനങ്ങൾ നേതൃത്വം നൽകി. ഇടവക തിരുനാളിൽ യുവജനങ്ങളുടെ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. ഫണ്ട് ശേഖരണാർത്ഥം തിരുനാൾ ദിനങ്ങളിൽ കെ.സി.വൈ.എം. ഒരു സ്റ്റാൾ നടത്തി.

ഇടവകയിൽ നിന്നും രൂപതാ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ബിബിൻ ചെമ്പക്കര, മേഖല കോ-ഓർഡിനേറ്റർ ആയി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ജോമേഷ് മണ്ടാനത്ത് എന്നിവർക്ക് ഇടവകയുടെ പ്രാർത്ഥനാശംസകൾ.

**മേഖലാ വാർത്തകൾ**

**പുൽപ്പള്ളി മേഖല**

ഡിസംബർ 16 ന് മുള്ളൻകൊല്ലി സെന്റ് മേരീസ് ഫൊറോനാ ദേവാലയത്തിൽ വച്ച് മേഖലാ വാർഷികസെനറ്റും ക്രിസ്തുമസ് ആഘോഷവും നടന്നു. രൂപതാ ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ മേഖലാ സെനറ്റ് ഉദ്ഘാടനം നിർവ്വഹിച്ചു. മേഖലാ ഡയറക്ടർ ഫാ. റോബിൻ പടിഞ്ഞാറയിൽ നേതൃത്വം വഹിച്ചു. പ്രസ്തുത സെനറ്റിൽ 2013 വർഷത്തേക്കുള്ള മേഖലാ ഭാരവാഹികളെ തിരഞ്ഞെടുത്തു.

2013 വർഷത്തെ ഭാരവാഹികൾ: പ്രസിഡന്റ് - ആന്റണി മങ്കടപ്ര, വൈ.പ്രസിഡന്റ് - മിൽഡ ചെറുകുന്നേൽ, സെക്രട്ടറി - ലിവിജു അമ്പാറയിൽ, ജോ.സെക്രട്ടറി - അമയ ഉറുമ്പുങ്കൽ, ട്രഷറർ - സഞ്ചു കട്ടിച്ചിറയിൽ, കോ-ഓർഡിനേറ്റർ - ജോമേഷ് മണ്ടാനത്ത്, സെനറ്റ് അംഗങ്ങൾ - ലിജോ വെട്ടുകല്ലുങ്കൽ, നീതു വടക്കേക്കുന്നേൽ.

മേഖല സെനറ്റിൽ വച്ച് PSC LGS പരീക്ഷയിൽ വയനാട് ജില്ലയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ ശ്രീ. ബോബിൻസ് മാത്യു താളിമറ്റത്തിൽ, കെ.സി.വൈ.എം. രൂപതാ, സംസ്ഥാന കലോത്സവത്തിൽ പങ്കെടുത്ത് വിജയിച്ചവർ തുടങ്ങിയവരെ പ്രത്യേകം അനുമോദിച്ചു.

നിറഞ്ഞ സ്നേഹത്തോടെ,

**ബിബിൻ ചെമ്പക്കര**

രൂപതാജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

### വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

മണിമൂളി പാസ്റ്ററൽ സെന്ററിൽ വെച്ച് ഡിസംബർ 21 മുതൽ 24 വരെ നടന്ന കോഴ്സിൽ 96 പേരും ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ഡിസംബർ 28 മുതൽ 31 വരെ നടന്ന കോഴ്സിൽ 96 പേരും ജനുവരി 8 മുതൽ 11 വരെ നടന്ന കോഴ്സിൽ 89 പേരും പങ്കെടുത്തു. കോഴ്സുകളുടെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

### അടുത്ത മാസങ്ങളിലെ കോഴ്സുകൾ

| | | |
|---|---|---|
| ഫെബ്രുവരി 17-20 | - | ദ്വാരക പാസ്റ്ററൽ സെന്റർ |
| മാർച്ച് 03-06 | - | ദ്വാരക പാസ്റ്ററൽ സെന്റർ |
| മാർച്ച് 15-18 | - | മണിമൂളി പാസ്റ്ററൽ സെന്റർ |
| മാർച്ച് 22-25 | - | ദ്വാരക പാസ്റ്ററൽ സെന്റർ |

### പ്രത്യേക ശ്രദ്ധയ്ക്ക്

മാർച്ച് 15-18 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ വെച്ച് വിവാഹത്തിനൊരുക്കമായുള്ള കോഴ്സ് നടത്തപ്പെടുന്നു. ഈ കോഴ്സിലേക്ക് മണിമൂളി, നിലമ്പൂർ ഫൊറോനകളിലെയും നീലഗിരി റീജനിലെയും യുവതീയുവാക്കളെ പറഞ്ഞയയ്ക്കുവാൻ ബഹുമാനപ്പെട്ട വൈദികർ ശ്രദ്ധിക്കുമല്ലോ.

### ആശംസകൾ അഭിനന്ദനങ്ങൾ

സ്പെഷ്യൽ ടീച്ചർ പാരന്റ്സ് അസോസിയേഷൻ ഏർപ്പെടുത്തിയ ബെസ്റ്റ് സ്പെഷ്യൽ ടീച്ചർ അവാർഡിന് അർഹയായ സി.അനിലിറ്റ് ന് മാനന്തവാടി രൂപത കുടുംബപ്രേഷിതത്വത്തിന്റെ ആശംസകളും അഭിനന്ദനങ്ങളും.

## കത്തോലിക്കാ മാതൃസംഘടന

പ്രിയപ്പെട്ടവരെ, മാതൃസംഘടന അംഗങ്ങൾക്കായുള്ള മത്സര ങ്ങൾ ഈ മാസങ്ങളിൽ നടക്കുകയാണല്ലോ. അമ്മമാരിലെ കഴിവുകൾ സർഗ്ഗാത്മകത വികസിപ്പിക്കുവാനുള്ള അവസരമാണിത്. വാശിയേറിയ മത്സരങ്ങൾക്ക് അല്ല. ഓരോ ഇടവകയിലും ഈ അവസരമുണ്ടാകുമ്പോ ഴാണ് ഇടവകയിലെ എല്ലാവർക്കും പങ്കെടുക്കാൻ അവസരമുണ്ടാവുക.

I. i) മത്സരങ്ങൾ മാതൃസംഘാംഗങ്ങൾക്ക് വേണ്ടി മാത്രമാണ്.

ii) മാതൃസംഘാംഗങ്ങളും, ആനിമേറ്റേഴ്സും അല്ലാത്ത ആർക്കും മത്സരവേദിയിൽ ഒരുക്കങ്ങൾക്കോ, പങ്കെടുക്കാനോ വരാവുന്ന തല്ല.

iii) 2012 ഡിസംബർ 31 ന് ഉള്ളിൽ അംഗത്വം നവീകരിക്കുകയോ, പുതിയതായി അംഗമാവുകയോ ചെയ്തവർക്ക് മാത്രമാണ് മത്സ രത്തിൽ പങ്കെടുക്കാവുന്നത്.

iv) മത്സരത്തിനുവേണ്ടി പുതിയ ആളുകൾ ചേരുന്നതോ, മത്സരത്തി നുവേണ്ടി മാത്രം വരുന്നവരെ മാതൃസംഘാംഗങ്ങളാക്കുന്നതോ ശരിയല്ലല്ലോ.

v) മാതൃസംഘാംഗങ്ങളുടെ കഴിവുകളുടെ മാറ്റുരയ്ക്കുവാനുള്ള അവസരമാണ് ഈ മത്സരങ്ങൾ.

II. i) വ്യക്തിഗത ഇനങ്ങളിൽ (കല, സാഹിത്യം) മൂന്ന് എണ്ണത്തിന് വീതവും, ഗ്രൂപ്പ് ഇനങ്ങളിൽ മൂന്ന് എണ്ണത്തിനും ഒരാൾക്ക് പങ്കെ ടുക്കാം.

ii) ഇടവകാതലത്തിൽ കല, സാഹിത്യ ഇനങ്ങളിൽ ഫസ്റ്റും, സെക്കന്റും ലഭിക്കുന്നവർക്ക് ഫൊറോനാമത്സരങ്ങളിൽ പങ്കെ ടുക്കാം. ഫൊറോനാ തലത്തിൽ ഫസ്റ്റും സെക്കന്റും ലഭിക്കു ന്നവർക്ക് രൂപതാ തലത്തിൽ മത്സരിക്കാൻ യോഗ്യത ഉണ്ടാ യിരിക്കും.

iii) ഗ്രൂപ്പ് ഇനങ്ങളിൽ ഫസ്റ്റ് ലഭിക്കുന്നവർക്ക് മാത്രമാണ് അടുത്ത തലത്തിൽ മത്സരിക്കാൻ സാധിക്കുക.

iv) മത്സരത്തിന് യോഗ്യതലഭിച്ചവർ മാത്രമേ അടുത്ത തലത്തിൽ പങ്കെടുക്കാവു. ഒരാൾ വരാത്തതിന്റെ പേരിൽ അടുത്ത ആൾ/ ടീം എന്ന കാര്യം അനുവദനീയമല്ല.

v) ഫസ്റ്റ് ലഭിച്ച ടീം എന്നല്ലാതെ ഇടവക/ഫൊറോനാ തലത്തിൽ മത്സരത്തിന് വേണ്ടി മറ്റൊരു ടീം reconstitute ചെയ്യുക എന്നതും സാധ്യമല്ല.

III. ഏകാങ്കം, സംഘഗാനം, ബൈബിൾ ദൃശ്യാവതരണം എന്നിവയ്ക്ക് ഏഴുപേർക്കാണ് പങ്കെടുക്കാവുന്നത്.

i) Background / instruments, recorded music + Sounds എന്നിവ വളരെ അത്യാവശ്യമായ രംഗങ്ങളിൽ മാത്രം ഉപയോഗിക്കാവുന്നതാണ്.

ii) a. ഏകാങ്കം, ദൃശ്യാവതരണം എന്നിവയ്ക്ക് രംഗ സജ്ജീകരണം, മെയ്ക്കപ്പ്, മറ്റ് ക്രമീകരണങ്ങൾ എന്നിവയ്ക്ക് ആകെ 15/100 മാർക്കേ ഉണ്ടാകൂ.

b. ആശയം, അവതരണരീതി, സന്ദേശത്തിന്റെ പ്രസക്തി എന്നിവയ്ക്ക് 70/100 മാർക്ക് ഉണ്ടായിരിക്കും.

c. സമയ ക്ലിപ്തത : സമയത്ത് ആരംഭിക്കുക, അടുത്ത ടീമിന് സ്റ്റേജ് സമയത്ത് നൽകുക, കൃത്യസമയംകൊണ്ട് പ്രോഗ്രാം അവസാനിപ്പിക്കുക എന്നിവയ്ക്ക് 10/100 മാർക്ക് ഉണ്ടായിരിക്കും.

d. 05/100 മാർക്ക് അവതരണരീതിയുടെ മികവിന് ആയിരിക്കും.

iii) സ്റ്റേജ് പ്രോഗ്രാമിന് Front and back curtain (general) and sound ഇവിടെ പൊതുവായി ക്രമീകരിച്ചിട്ടുണ്ടാകും.

IV) ഫൊറോന/രൂപതാതല സാഹിത്യമത്സരങ്ങൾ ഫെബ്രുവരി 23-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ ആയിരിക്കും. ഓരോ ഫൊറോനയിലും എവിടെ വെച്ചാണ് മത്സരം എന്ന കാര്യം എത്രയും പെട്ടെന്ന് ഓഫീസിൽ അറിയിക്കേണ്ടതാണ്.

V) രൂപതാതല കലാമത്സരങ്ങൾ 2013 ഏപ്രിൽ 20-ാം തീയതി ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചായിരിക്കും.

## രൂപതാ എക്സിക്യൂട്ടീവ്

അടുത്ത രൂപതാ എക്സിക്യൂട്ടീവ് ഫെബ്രുവരി 19-ാം തീയതി നടത്തുന്നതാണ്.

## പയ്യമ്പള്ളി ഫൊറോന

ബഹു. ചാക്കോച്ചനച്ചന്റെ നേതൃത്വത്തിൽ 15 ന് ആറാട്ടുതറ യൂണിറ്റിൽ വെച്ച് ഫൊറോന വാർഷികവും ക്രിസ്തുമസ് ആഘോഷവും നടത്തി. 10 യൂണിറ്റിൽ നിന്നുമായി 170 ഓളം അമ്മമാർ പങ്കെടുത്തു. ബഹു. ചാണ്ടി പുനക്കാട്ട് അച്ചൻ ക്ലാസ്സ് നയിച്ചു. ശ്രീമതി മാർഗരറ്റ് ആര്യപ്പള്ളി നന്ദി അർപ്പിച്ചു. പ്രസിഡണ്ട് ശ്രീമതി അന്നക്കുട്ടി ഇലഞ്ഞിമറ്റത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിൽ സെക്രട്ടറി ശ്രീമതി ഫിലോ ചേലയ്ക്കൽ വാർഷിക റിപ്പോർട്ടും, ട്രഷറർ

ശ്രീമതി സെലിൻ വടക്കേൽ കണക്കും അവതരിപ്പിച്ചു. 2013 വർഷത്തിലെ പ്രവർത്തനങ്ങളെക്കുറിച്ചും കലാസാഹിത്യ മത്സരങ്ങളെക്കുറിച്ചും യൂണിറ്റിൽ ഉണ്ടായിരിക്കേണ്ട റെക്കോർഡുകളെക്കുറിച്ചും സി. എൽസ വിശദീകരണം നൽകി.

കരോൾ ഗാന മത്സരത്തിൽ വിജയികളായ യൂണിറ്റുകൾ. മാർട്ടിൻനഗർ, ആറാട്ടുതറ, പനവല്ലി, പയ്യമ്പള്ളി. വട്ടയപ്പ മത്സര വിജയികളായവർ ക്ലാര പനവല്ലി, സെലിൻ പയ്യമ്പള്ളി, മേരി പയ്യമ്പള്ളി എന്നിവർക്കും, ഫൊറോന ലോഗോസിൽ കൂടുതൽ മാർക്ക് നേടിയ സീന കമ്മന, ഫിലോ ഒണ്ടയങ്ങാടി, ലിസി പനവല്ലി എന്നിവർക്കും, കുടുംബതലത്തിൽ കൂടുതൽ മാർക്കു നേടിയ പനവല്ലി യൂണിറ്റിലെ ജെയിംസ് കൊച്ചുമീൻപ്പള്ളി കുടുംബത്തിനും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ചതിന് പനവല്ലി യൂണിറ്റിനും, ബെസ്റ്റ് യൂണിറ്റ് ഒണ്ടയങ്ങാടി, ആറാട്ടുതറ, പ്രോത്സാഹനസമ്മാനം നേടിയ അപ്പപ്പാറ യൂണിറ്റിനു ബഹു. ഡയറക്ടർ സമ്മാനങ്ങൾ നൽകി. സി. എൽസ എല്ലാവർക്കും നന്ദിയർപ്പിച്ചു.

### പുതിയിടം യൂണിറ്റ്

ക്രിസ്തുമസിനോടനുബന്ധിച്ച് പള്ളിയും പരിസരവും വൃത്തിയാക്കി. 25 ദിവസവും അംഗങ്ങൾ ദിവ്യബലിയിൽ സംബന്ധിച്ചു. നോമ്പിലെ ദിവസങ്ങളിൽ തങ്ങളുടെ കുട്ടികളെ ദിവ്യബലിയിൽ സംബന്ധിക്കുന്നതിൽ അതീവ ശ്രദ്ധ അമ്മമാർ ചെലുത്തി. യൂണിറ്റ് മീറ്റിംഗിൽ അടുത്ത മാസത്തെ പരിപാടികൾ ചർച്ച ചെയ്തു.

### കാവുംമന്ദം യൂണിറ്റ്

ഡിസംബർ 23 ന് കാവുംമന്ദം മാതൃസംഘടനയുടെ വാർഷികാഘോഷം നടന്നു. ബഹു. ഡയറക്ടർ റെജി മുതുകത്താനി അച്ചന്റെയും ആനിമേറ്റർ സി. ആൻസി ജോസിന്റെയും നേതൃത്വത്തിലായിരുന്നു വാർഷികാഘോഷ പരിപാടികൾ നടന്നത്. 1.30 ഓടു കൂടി വിവിധ മത്സരങ്ങൾ ആരംഭിച്ചു. കരോൾഗാന മത്സരത്തിനുശേഷം കായിക മത്സരങ്ങൾ നടന്നു. തുടർന്ന് ബഹു. റെജിയച്ചന്റെ അദ്ധ്യക്ഷതയിൽ യോഗം ആരംഭിച്ചു. സി. ആൻസി സ്വാഗതം പറഞ്ഞു. സെക്രട്ടറി മേരിക്കുട്ടി മാറേക്കാടൻ റിപ്പോർട്ടും ശ്രീമതി ജിജി കണക്കും അവതരിപ്പിച്ചു. ബഹു. റെജി അച്ചൻ ക്രിസ്തുമസ് സന്ദേശം നൽകി. വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനം നൽകി. 2011 ജനുവരി മുതൽ 2012 ഡിസംബർ വരെ നടന്ന ബൈബിൾ ക്വിസിന് സമ്മാനാർഹരായവർക്ക് സമ്മാ

നങ്ങൾ നൽകി. തുടർന്ന് വിവിധ മത്സരങ്ങൾക്ക് (പച്ചക്കറിത്തോട്ട നിർമ്മാണം, കായിക മത്സരങ്ങൾ) അർഹരായവർക്ക് സമ്മാനങ്ങൾ നൽകി. തുടർന്ന് ക്രിസ്തുമസ് കേക്ക് മുറിച്ചു. പ്രസിഡണ്ട് ശ്രീമതി മേരി കാട്ടുകുന്നേൽ നന്ദി പറഞ്ഞു.

## നെടുംമ്പാല യൂണിറ്റ്

ഡിസംബർ 07 ന് ഇടവകയിൽ വെച്ച് നടന്ന ജാഗരണ പ്രാർത്ഥനയിൽ അമ്മമാർ പങ്കെടുത്തു. എല്ലാദിവസവും പള്ളിയിൽ വരുവാനും സൽകൃത്യങ്ങൾ ചെയ്യുവാനും ഏതാനും അമ്മമാർ സഹകരിച്ചു. പൊതു പണിയിൽ 50 ഓളം അമ്മമാർ സഹകരിച്ചു. തിരുനാളിനുള്ള കലാപരിപാടികൾക്കായി അമ്മമാർ ഒരുങ്ങി.

## ചൂരൽമല യൂണിറ്റ്

ഡിസംബറിലെ ഏതാനും ഞായറാഴ്ചകളിൽ കുർബാനയ്ക്ക് മുമ്പായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ക്രിസ്തുമസിനൊരുക്കമായി നടത്തിയ ജാഗരണ പ്രാർത്ഥനയിലും എല്ലാ അമ്മമാരും പങ്കെടുത്തു. ക്രിസ്തുമസ് രാത്രിയിലെ കുർബാനയ്ക്ക് ശേഷം ഫ്രണ്ടുകൾ സമ്മാനങ്ങൾ കൈമാറി. 31 ന് രാത്രി നടന്ന ആരാധനയ്ക്ക് അമ്മമാർ പങ്കെടുത്തു.

## ഇടിവണ്ണ യൂണിറ്റ്

ഡിസംബർ 01 ന് ഫൊറോന ഡയറക്ടർ ബഹു. ബിജു അച്ചൻ യൂണിറ്റ് സന്ദർശനം നടത്തി. അമ്മമാർക്ക് ക്ലാസ്സ് എടുത്തു. യൂണിറ്റ് ഡയറക്ടർ ജിൽസൻ അച്ചന്റെ നേതൃത്വത്തിൽ തെരഞ്ഞെടുപ്പ് നടത്തി. പ്രസിഡണ്ട് റാണി പുറത്താനക്കുത്തിയേൽ, വൈസ്പ്രസിഡണ്ട് ഗ്രേസി കിടങ്ങത്ത് കരോട്ട്, സെക്രട്ടറി ആൻസി തട്ടാംപറമ്പിൽ, ജോ. സെക്രട്ടറി താജ് വേമ്പേനിക്കൽ, ട്രഷറർ സാലി വള്ളിക്കാവുങ്കൽ, വനിതാ കമ്മീഷൻ ജോളി പാറപ്പുറത്ത് തുടർന്ന് സെക്രട്ടറി റിപ്പോർട്ടും, കണക്കും വായിച്ചു. പ്രസിഡണ്ട് വൽസമ്മ വള്ളിക്കാവുങ്കൽ പഴയ എക്സിക്യൂട്ടീവിന് നന്ദിയും പുതിയ അംഗങ്ങൾക്ക് സ്വാഗതവും പറഞ്ഞു.

12 ന് ദ്വാരകയിൽ വെച്ച് നടന്ന രൂപതാ ജനറൽ ബോഡിയിൽ ഇടിവണ്ണ യൂണിറ്റിൽ നിന്നു ആനിമേറ്റർ, പ്രസിഡണ്ട്, സെക്രട്ടറി എന്നിവർ പങ്കെടുത്തു. ലോഗോസ് ക്വിസിന്റെ സമ്മാനവും ഏറ്റുവാങ്ങി. 21 ന് പള്ളിയും പരിസരവും വൃത്തിയാക്കി. 23 ന് നടന്ന കരോളിനും വാർഡ് തലത്തിൽ അമ്മമാർ പങ്കെടുത്തു.

## ആറാട്ടുതറ യൂണിറ്റ്

വികാരിയച്ചന്റെ നേതൃത്വത്തിൽ മീറ്റിംഗ് കൂടി. ശ്രീമതി ദീപ ചാക്കോ മീറ്റിംഗിന് സ്വാഗതം പറഞ്ഞു.

ഭാരവാഹികളും മറ്റ് അംഗങ്ങളും ഇടവകയിലെ എല്ലാ രോഗികളെയും സന്ദർശിച്ച് പ്രാർത്ഥിച്ചു. മരിച്ചുപോയ അംഗങ്ങളുള്ള വീടുകളിൽ കയറി പ്രാർത്ഥിച്ചു. നടവയലിലെ അഗതിമന്ദിരമായ ഓസ്സാനാംഭവൻ സന്ദർശിച്ച് തങ്ങളാൽ കഴിയുന്ന ചെറിയ സഹായം ചെയ്തു കൊടുത്തു. ശ്രീമതി ബീന മൊടോമറ്റം യോഗത്തിന് നന്ദി പറഞ്ഞു.

## മച്ചിക്കൊല്ലി യൂണിറ്റ്

ഡിസംബർ 08 ന് വേണ്ടി പ്രത്യേകമായ നിയോഗത്തോടെ അമ്മമാർ ഒരുങ്ങി. 12 ന് മാനന്തവാടിയിൽ നടന്ന ജനറൽ ബോഡിയിൽ ആനിമേറ്റർ, പ്രസിഡണ്ട്, വൈ. പ്രസിഡണ്ട് എന്നിവർ പങ്കെടുത്തു. സംഘടനയുടെ നേതൃത്വത്തിൽ യൂണിറ്റിൽ എല്ലാ വെള്ളിയാഴ്ചയും ഉച്ചക്ക് 2 മണി മുതൽ 5 മണി വരെ ഉപവാസമെടുത്ത് മദ്ധ്യസ്ഥ പ്രാർത്ഥന നടത്തിക്കൊണ്ടിരിക്കുന്നു. 23 ന് വികാരിയച്ചന്റെയും ആനിമേറ്ററിന്റെയും നേതൃത്വത്തിൽ ഒരുമിച്ച് കൂടുകയും ക്രിസ്തുമസ് ആഘോഷങ്ങൾ നടത്തുകയും ചെയ്തു. 26 ന് നടന്ന മനോജ് അച്ചന്റെ തിരുപ്പട്ടത്തിന് എല്ലാ സഹായങ്ങളും അമ്മമാർ ചെയ്തു. അനുമോദന ചടങ്ങിൽ ശ്രീമതി മിനി പന്തമാക്കൽ ആശംസയും പ്രസിഡണ്ട് ശ്രീമതി ജെസ്സി സമ്മാനവും നൽകി. ചെറിയ ത്യാഗങ്ങളിലൂടെ പണം സമാഹരിച്ച് തുടങ്ങാനിരിക്കുന്ന പള്ളി പണിയിലേക്ക് സംഘടനയുടെ വക ഒരു തുക നൽകാൻ തീരുമാനിച്ചു. ഡിസംബർ 31 ന് നടന്ന ജാഗരണ പ്രാർത്ഥനയിൽ ഇടവകാജനത്തെ മുഴുവനും ഉൾക്കൊള്ളിച്ചുകൊണ്ട് അമ്മമാർ നേതൃത്വം കൊടുത്തു.

## പൂളപ്പാടം യൂണിറ്റ്

50 അമ്മമാർ വേളാങ്കണ്ണിക്ക് തീർത്ഥാടനത്തിനു പോയി. ആദ്യ വെള്ളിയാഴ്ച സെമിനാർ നടത്തി. വികാരിയച്ചൻ ക്ലാസ്സ് എടുത്തു. 75 അമ്മമാർ പങ്കെടുത്തു. ഫൊറോന തലത്തിൽ നടത്തിയ ജൂബിലി ആഘോഷത്തിൽ 7 ദമ്പതികൾ പങ്കെടുത്തു. ഫൊറോന തലത്തിൽ നടത്തിയ കരോൾ ഗാന മത്സരത്തിൽ പങ്കെടുത്തു ഒന്നാം സ്ഥാനം കരസ്ഥമാക്കി. പാത്രക്കുറി നടത്തി. ഇടവക തലത്തിൽ "പാചകറാണി" മത്സരം നടത്തി. നിരവധി അമ്മമാർ പങ്കെടുത്തു. ആൻസി, പുഷ്പ കാട്ടിപ്ലാക്കൽ, ലിസി വിലങ്ങുപാറ എന്നിവർ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം

കരസ്ഥമാക്കി. ഇടവക തലത്തിലും വിവാഹ രജതജൂബിലി ആഘോഷിച്ചു. 7 ദമ്പതിമാരെ ആദരിച്ചു.

## നിലമ്പൂർ ഫൊറോന

ഡിസംബർ 03 ന് ഫൊറോന എക്സിക്യൂട്ടീവ് നടന്നു. ഡയറക്ടർ ബഹു. ബിജു മാവറ, സി. തെരേസ്, ഗ്രേസി കുന്നിപ്പറമ്പിൽ എന്നിവർ നേതൃത്വം കൊടുത്തു. ഡിസംബർ 15 ന് ഫൊറോന തലത്തിൽ വിവാഹത്തിന്റെ രജത ജൂബിലി ആഘോഷിച്ചു. വിവിധ യൂണിറ്റിൽ നിന്നായി 35 ദമ്പതിമാർ പങ്കെടുത്തു. ഫൊറോന വികാരി റവ. ഫാ. പോൾ കൂട്ടാലയുടെ നേതൃത്വത്തിൽ സമൂഹബലി നടന്നു. ബഹു. ബാബു കക്കാട്ടികാലായിലച്ചൻ സന്ദേശം നൽകി. എല്ലാവർക്കും മെമന്റോ നൽകി ആദരിച്ചു. ഫൊറോന ടീം നേതൃത്വം കൊടുത്തു. ഡിസംബർ 15 ന് ഫൊറോന തലത്തിൽ കരോൾ ഗാന മത്സരം നടത്തി. പൂളപ്പാടം ഒന്നാംസ്ഥാനവും, ഇടിവണ്ണ രണ്ടാംസ്ഥാനവും, ചോക്കാട് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വടപുറം വികാരി റവ. ഫാ. ചാക്കോ സമ്മാനം വിതരണം ചെയ്തു.

## മരിയൻ സിംഗിൾസ്

ജനുവരി 15 ന് ബഹു. ആനിമേറ്റർ സി. മരീനയുടെ നേതൃത്വത്തിൽ ഏകസ്ഥ കൂട്ടായ്മ നടന്നു. 12 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ഫെബ്രുവരി 12 ന് 10 മണിക്ക്.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരങ്ങളെ,

ക്രിസ്തുമസും പുതുവത്സരവും തിരുനാളുകളുടെ തിരക്കുകളും കഴിഞ്ഞു നാമെല്ലാം വലിയ നോമ്പിലേക്ക് (50 നോമ്പ്) പ്രവേശിക്കുകയാണല്ലോ. ഈ നോമ്പ് കാലത്ത് കൂടുതൽ പരസ്നേഹ പ്രവർത്തികൾ ചെയ്തുകൊണ്ട് നമുക്ക് ആത്മവിശുദ്ധീകരണത്തിലേക്ക് പ്രവേശിക്കാം. നോമ്പുകാലത്ത് ഭവനസന്ദർശനങ്ങളും, രോഗീസന്ദർശനങ്ങളും കൂടുതലായി നടത്തുവാനും, അർഹമായവർക്ക് സാധിക്കുന്നിടത്തോളം സഹായങ്ങൾ നൽകുവാനും നമുക്ക് പരിശ്രമിക്കാം.

## സി.സി. യോഗം

12-1-2013 ന് പാസ്റ്ററൽ സെന്ററിൽ വെച്ച് സി.സി. പ്രസിഡന്റ് ബ്രദർ തോമസ് മാങ്ങന്റെ അദ്ധ്യക്ഷതയിൽ സി.സി. യോഗം നടന്നു. വളരെ കാര്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്യപ്പെട്ട ഒരു യോഗമായിരുന്നു. വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ അടിസ്ഥാനഘടകമായ കോൺഫറൻസുകൾ പൂർവ്വാധികം ഊർജ്ജസ്വലതയോടെ തനതു പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതിന്റെ ആവശ്യകതയെ പ്രസിഡന്റ് ബ്രദർ തോമസ് മാങ്ങൻ ഊന്നി പറയുകയുണ്ടായി. യോഗത്തിൽ താഴെപ്പറയുന്ന കാര്യങ്ങളിൽ തീരുമാനമുണ്ടായി.

1) കോൺഫ്രൻസുകൾ ട്വിന്നിംഗ് ഗ്രാന്റിന് അപേക്ഷകൾ നിയുക്ത ഫോമിൽ അപേക്ഷിക്കാൻ ശ്രമിക്കുക.

2) ഇന്റേണൽ ട്വിന്നിംഗ് ഗ്രാന്റിനുള്ള അപേക്ഷകളും സമർപ്പിക്കുക.

3) അഗ്രിഗേഷന്റെ ലഭിക്കാനുള്ള കോൺഫറൻസുകൾ നിയമാനുസരണം അപേക്ഷകൾ അയക്കുക.

4) ട്വിന്നിംഗ് ഗ്രാന്റ് വൈകാതെ വിതരണം ചെയ്ത് ക്വാർട്ടർലി റിപ്പോർട്ടുകൾ എ.സി. മുഖേന സി.സി. യിൽ എത്രയും പെട്ടെന്ന് എത്തിക്കുക.

5) വിദേശകത്തുകൾ യഥാസമയം അയച്ച് കോപ്പികൾ എ.സി. മുഖേന സി.സി. യിൽ എത്തിക്കുക.

6) ഒന്നിടവിട്ട രണ്ടാം ശനിയാഴ്ചകളിൽ നടക്കുന്ന സി.സി. മീറ്റിംഗിൽ എല്ലാ എ.സി. പ്രസിഡന്റുമാരും സി.സി. ബോർഡംഗങ്ങളും മുടക്കംകൂടാതെ കൃത്യം 10 മണിക്ക് തന്നെ എത്തിച്ചേരുകയും സജീവമായ റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും ചെയ്യുക.

7) വിശ്വാസവർഷം പ്രമാണിച്ച് ഏർപ്പെടുത്തിയ മതബോധന പ്രോത്സാഹന സമ്മാനങ്ങൾ നൽകുവാനുള്ള ഫണ്ടുകൾ സ്വരൂപീക്കുക. എ.സി. പ്രസിഡന്റ്മാർ അതത് മേഖല മതബോധന ഡയറക്ടർമാരുമായി ബന്ധപ്പെട്ട് മതബോധനം, പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം വരിച്ച 3 കുട്ടികൾക്ക് സമ്മാനങ്ങൾ കൊടുക്കുവാൻ ആസൂത്രണം ചെയ്യുക.

8) സി.സി. യിൽ കൊടുക്കുവാനുള്ള വിഹിതങ്ങൾ എത്രയും പെട്ടെന്ന് കൊടുത്ത് സഹകരിക്കുക.

9) രൂപതാ ബുള്ളറ്റിൻ വരിസംഖ്യയും അഡ്രസ്സുകളും മാർച്ച് രണ്ടാം ശനിയാഴ്ച സി.സി. മീറ്റിംഗിന് മുമ്പ് സി.സി. ഓഫീസിൽ എത്തിക്കുക.

10) "കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം" ഇടവകതലത്തിൽ എല്ലാ ഭവനങ്ങളിലും എത്തിക്കുക എന്ന പദ്ധതിയുടെ പുരോഗതി, കോൺഫ്രൻസ്തല റിപ്പോർട്ടുകൾ എ.സി. പ്രസിഡന്റുമാർ മുഖേന അടുത്ത സി.സി. മീറ്റിംഗിൽ അവതരിപ്പിക്കുക.

**സെമിനാർ**

"കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം" പരിചയപ്പെടുത്തുന്നതിന് തോണിച്ചാൽ, കല്ലോടി എ.സി. കളുടെ സംയുക്ത സെമിനാർ 5-1-2013 ന് ദ്വാരക യു.പി. സ്കൂളിൽവെച്ച് നടന്നു.

തോണിച്ചാൽ എ.സി. ആത്മീയോപദേഷ്ടാവ് ബഹു. റവ.ഫാ. ജോയി തുരുത്തേൽ സെമിനാർ ഉദ്ഘാടനം ചെയ്തു. "വിശ്വാസ സത്യങ്ങളുടെ പ്രഘോഷണം വിൻസെൻഷ്യൻ പ്രവർത്തനങ്ങളിലൂടെ എങ്ങിനെ പ്രാവർത്തികമാക്കാം" എന്ന വിഷയത്തെപ്പറ്റി ബ്രദർ തോമസ് ഏറനാട്ട് ക്ലാസ്സെടുത്തു.

"കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം" പരിചയപ്പെടുത്തിക്കൊണ്ട് ഉത്തമകത്തോലിക്കാ ചൈതന്യത്തോടെ ജിവിതസാക്ഷ്യം നൽകുന്നത് എങ്ങിനെ എന്ന് ഉദാഹരണങ്ങളിലൂടെയും ഉപമകളിലൂടെയും 4 മണിക്കൂറോളം നീണ്ടക്ലാസിലൂടെ ബഹു. റവ.ഫാ. ഷൈജു

പള്ളിച്ചാംകുടിയിൽ റ്റി.ഒ.ആർ, റെക്ടർ അസ്സീസിഭവൻ മൈനർ സെമിനാരി, മീനങ്ങാടി, അതിമനോഹരമായി അവതരിപ്പിച്ചു.

സി.സി. പ്രസിഡന്റ് ബ്രദർ തോമസ് മാങ്ങന്റെ നേതൃത്വത്തിൽ ബഹു. റവ. ഫാ. ഷൈജു പള്ളിച്ചാംകുടിയിൽ തയ്യാറാക്കിയ കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥ പഠനകുറിപ്പുകൾ എ.സി., കോൺഫ്രൻസ് അംഗങ്ങൾക്ക് വിതരണം ചെയ്തു.

സി.സി. ജനറൽ സെക്രട്ടറി ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പ്രചാരണം എങ്ങിനെ സാദ്ധ്യമാക്കാം എന്ന് വിവരിച്ചു. സി.സി., എ.സി. ഭാരവാഹികൾ സെമിനാറിൽ പങ്കെടുത്തു.

## ക്രിസ്തുമസ് ആഘോഷം

ഓസ്സാനാം ഭവനിൽ വെച്ച് 22-12-2012 ൽ ക്രിസ്തുമസ് ആഘോഷം നടത്തി. നടവയൽ ഫൊറോന വികാരിയും നടവയൽ എ.സി. യുടെ ആത്മീയോപദേഷ്ടാവുമായ ബഹു. റവ.ഫാ. ഷാജി മുളകൊടിയാങ്കൽ, സി.സി. ആത്മീയോപദേഷ്ടാവ് ബഹു. റവ.ഫാ. ജോർജ് മേമനയും ചേർന്ന് ദിവ്യബലി അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. ഓസ്സാനാംഭവൻ കുടുംബാംഗങ്ങൾക്ക് പുതുവസ്ത്ര വിതരണം ബഹു. റവ.ഫാ. ഷാജി മുളകൊടിയാങ്കലും ശുശ്രൂഷകർക്കുള്ള പുതുവസ്ത്രവിതരണം ബഹു. റവ.ഫാ. ജോർജ് മേമനയും നിർവ്വഹിച്ചു.

നാഷണൽ കൗൺസിൽ അംഗം ബ്രദർ ജോണി പാറ്റാനി, സി.സി. പ്രസിഡന്റ് ബ്രദർ തോമസ് മാങ്ങൻ, സി.സി. ജനറൽ സെക്രട്ടറി ബ്ര. അഗസ്റ്റിൻ കൊടിയംകുന്നേൽ മറ്റ് സി.സി. ബോഡംഗങ്ങളുടെ സജീവ സാന്നിദ്ധ്യം ക്രിസ്തുമസ് ആഘോഷം കൂടുതൽ പുഷ്ടിപ്പെടുത്തി.

ബത്തേരി രൂപതാ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ആത്മീയോപദേഷ്ടാവ് ബഹു. റവ.ഫാ. തോമസ്, സിസ്റ്റേഴ്സ്, വിൻസെൻഷ്യൻ പ്രവർത്തകർ, ഓസ്സാനാം ഭവന്റെ സ്നേഹിതർ, ബന്ധുമിത്രാദികൾ എന്നിവരടങ്ങിയ എല്ലാ ക്ഷണിതാക്കളും ഓസ്സാനാംഭവൻ കുടുംബാംഗങ്ങളോടൊപ്പം സ്നേഹവിരുന്നിൽ പങ്കുചേർന്ന് സ്നേഹാദരങ്ങൾ പങ്കുവെച്ച് ക്രിസ്തുമസ് ആഘോഷം സമ്പുഷ്ടമാക്കി.

## ടി.വി. പ്രോഗ്രാം

17-1-2013 ൽ ഓസ്സാനാം ഭവന്റെ പ്രവർത്തനത്തേയും നടത്തിപ്പിനേയും കേന്ദ്രീകരിച്ച് ശാലോം ടി.വി. ഒരു പ്രോഗ്രാം ഷൂട്ടിംഗ് ചെയ്തു.

**യുവജന മത്സരം**

വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ യുവജന മത്സരങ്ങൾ 6-1-2013 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. രാവിലെ 10 മണിക്ക് CML രൂപതാ ഡയറക്ടർ ബഹു. സോണി വടയാപറമ്പിൽ അച്ചൻ യുവപ്രതിനിധികൾക്കായി ദിവ്യബലി അർപ്പിച്ചു. തുടർന്ന് മത്സരങ്ങൾക്ക് രൂപതാ പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങൻ, ബ്രദർ സണ്ണി തെക്കേകൈതയ്ക്കൽ, ബ്രദർ ഷാജി ചന്ദനപറമ്പിൽ, ബ്രദർ ബാബു നമ്പുടാകം, ബ്രദർ ജോർജ്ജ് ആക്കാന്തിരി, സി.ഡെയ്സി കുരിശിങ്കൽ, ബ്രദർ ബിനീഷ് ജോസ് നെല്ലിക്കുന്നേൽ, ബ്രദർ ജോസഫ് കിഴക്കേതടം തുടങ്ങിയവർ നേതൃത്വം നൽകി. മത്സരങ്ങളിൽ 34 യുവ പ്രതിഭകൾ പങ്കെടുത്തു. മത്സര വിജയികൾ:-

**I പ്രസംഗം**

| | | |
|---|---|---|
| I | ബിബിൻ ജെയിംസ് | - ചുങ്കക്കുന്ന്, കൊട്ടിയൂർ എ.സി. |
| II | അക്ഷയ ജോർജ്ജ് | - വെൺമണി, ബത്തേരി മലങ്കര |
| III | മരിയ വെട്ടുകല്ലുംപുറത്ത് | - മരക്കടവ്, പുൽപ്പള്ളി എ.സി. |

**II ക്വിസ്സ്**

| | | |
|---|---|---|
| I | ടിൽന മാണിശ്ശേരി | - വാഴവറ്റ, വാഴവറ്റ എ.സി. |
| II | ദിൽന കാവനമാലിൽ | - ദീപ്തിഗിരി, കല്ലോടി എ.സി. |
| III | ഷെബിൻ ചാലിൽ | - മീനങ്ങാടി, വാഴവറ്റ എ.സി. |

**III സംഗീതം**

| | | |
|---|---|---|
| I | ആഷ പോൾ | - ദീപ്തിഗിരി, കല്ലോടി എ.സി. |
| II | ഇ. പി. ഷീന | - ബത്തേരി, ബത്തേരി എ.സി. |
| III | സ്റ്റെഫി മേപ്പാടത്ത് | - പുതുശ്ശേരിക്കടവ്, കുറുമ്പാല ഏ.സി |

**IV ഉപന്യാസം**

| | | |
|---|---|---|
| I | ദിൽന കാവനമാലിൽ | - ദീപ്തിഗിരി, കല്ലോടി എ.സി. |
| II | ഷൈൻ പഴംകോട്ടിൽ | - ദീപ്തിഗിരി, കല്ലോടി എ.സി. |
| III | ഷെബിൻ ചാലിൽ | - മീനങ്ങാടി, വാഴവറ്റ എ.സി. |

യുവജനമത്സരങ്ങളിൽ പങ്കെടുത്ത എല്ലാ കോൺഫ്രൻസുകളെയും എ.സി. കളെയും അഭിനന്ദിക്കുന്നു. മറ്റു കോൺഫ്രൻസുകളുടെയും എ.സി. കളുടെയും സജീവ പങ്കാളിത്തം വരും കാലങ്ങളിൽ ആഗ്രഹിക്കുന്നു.

**ഓസ്സാനാംഭവൻ സന്ദർശനം**

**ബത്തേരി എ.സി.**

17-02-2013 - സെന്റ് മേരീസ്, തോമാട്ടുചാൽ
19-02-2013 - സെന്റ് ആന്റണി, വാകേരി
21-02-2013 - സെന്റ് ജോസഫ്, വടക്കനാട്
23-02-2013 - സെന്റ് മേരീസ്, കൽപ്ര
25-02-2013 - സെന്റ് സെബാസ്റ്റ്യൻ, പനംഞ്ചിറ

**ചുണ്ടക്കര എ.സി.**

27-02-2013 - സെന്റ് മേരീസ്, അരിഞ്ചേർമല
1-03-2013 - സെന്റ് തോമസ്, അരിഞ്ചേർമല
3-03-2013 - സെന്റ് ജോസഫ്, ചുണ്ടക്കര
05-03-2013 - സെന്റ് മേരീസ്, ചുണ്ടക്കര
07-03-2013 - സെന്റ് അൽഫോൻസ, ചുള്ളിയാന
09-03-2013 - സെന്റ് ജോർജ്ജ്, ചുള്ളിയാന
11-03-2013 - സെന്റ് മേരീസ്, കണിയാമ്പറ്റ
13-03-2013 - സെന്റ് മേരീസ്, പറളിക്കുന്ന്
15-03-2013 - സെന്റ് സെബാസ്റ്റ്യൻ, വിളമ്പുകണ്ടം

**വാർഷികം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, മാനന്തവാടി രൂപതാ സെന്ററൽ കൗൺസിലിന്റെ 35-ാം വാർഷികാഘോഷം 2013 മെയ് രണ്ടാം ശനിയാഴ്ച (11-5-2013) ന് ദ്വാരക സെന്റ് അൽഫോൻസ ദേവാലയത്തിൽ വെച്ച് നടത്തുവാൻ തീരുമാനമായി. രാവിലെ 9.30 ന് ആരംഭിച്ച് വൈകുന്നേരം 3.30 ന് അവസാനിക്കുന്ന ഏകദിന ആഘോഷമാണ്.

അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം ഈ വാർഷികാഘോഷത്തിൽ നമ്മോടൊപ്പം ഉണ്ടായിരിക്കും എന്നത് വളരെ പ്രാധാന്യമർഹിക്കുന്നു.

എല്ലാ കോൺഫ്രൻസ് പ്രസിഡണ്ടുമാരും മുന്നൊരുക്കങ്ങൾ ചെയ്ത് എല്ലാ കോൺഫ്രൻസ് അംഗങ്ങളെയും പങ്കെടുപ്പിച്ച് ഈ വാർഷികം ഒരു അനുഭവമാക്കുവാൻ താല്പര്യപ്പെടുന്നു. കോൺഫ്രൻസ് വിഹിതമായി ഇരുന്നൂറ് രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

എല്ലാവർക്കും ഒരു നല്ല നോമ്പുകാല ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**ബ്രദർ എം.സി.തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സിയോൻ വാർത്തകൾ

### സോണൽ മീറ്റിംഗ്

2013 ജനുവരി 4 ആദ്യവെള്ളി 61 ശുശ്രൂഷകർ സമ്മേളിച്ചു. 10 മണിക്ക് കുരിശിന്റെ വഴി നടത്തി. പരി. അമ്മയുടെ മാതൃദിനം തിരുസഭ ആഘോഷിക്കുന്ന ദിനം. അമ്മയോട് ചേർന്ന് ജപമാല ചൊല്ലിയും സ്തുതി ആരാധന നടത്തിയും ദിവ്യകാരുണ്യനാഥന്റെ സന്നിധിയിൽ ചെലവഴിച്ചു. 12 മണിക്ക് ബഹു. താന്നിയിൽ അച്ചൻ വി. ബലി അർപ്പിച്ച് സന്ദേശം നൽകി. വി. ലൂക്ക 1:39-45 രണ്ട് അമ്മമാർ പരി. മറിയവും, എലിസബത്തും. പരി. മറിയത്തെ ദൈവത്തിന്റെ അമ്മയായി എലിസബത്ത് പരി. ആത്മ ശക്തിയാൽ തിരിച്ചറിഞ്ഞു. പരി. ആത്മാവ് നിറയുമ്പോൾ വെളിപ്പെടുത്തലുകൾ ലഭിക്കും. 2 p.m ന് മീറ്റിംഗ് ആരംഭിച്ചു. വൈദികർക്കുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കണം. കൂട്ടായ്മയിൽ പ്രാർത്ഥിക്കുമ്പോൾ അഭിഷേകത്തോടെ പ്രാർത്ഥിക്കണം എന്ന് അനുസ്മരിപ്പിച്ചു. രൂപതാ കൺവെൻഷനുവേണ്ടി ശക്തമായ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുക. സിയോൻ ശുശ്രൂഷകൻ ജോസ് മാളോലയുടെ മകൻ ഡീക്കൻ ജോമേഷിന്റെ തിരുപ്പട്ടത്തിന് പ്രതിനിധികൾ സംബന്ധിക്കാം എന്ന് തീരുമാനിച്ചു. 3.30 – 6.30 വരെ ഒരുക്കശുശ്രൂഷകൾക്കും എൽഡറിംഗിനുമായി സമയം ചെലവഴിച്ചു.

### ജാഗരണ പ്രാർത്ഥന

6.30 ന് ജപമാല. 7 p.m ബഹു. മനോജ് കാക്കോനാൽ അച്ചൻ വി. ബലി അർപ്പിച്ച് സന്ദേശം നൽകി. വി. ബലിക്കുശേഷം അത്താഴം തുടർന്ന് കുരിശിന്റെ വഴി നടത്തി. അതിനുശേഷം 12 മണിവരെ ദിവ്യകാരുണ്യനാഥനോടൊത്തായിരുന്ന് നടത്തിയ പ്രാർത്ഥന ബഹു. താന്നിയിൽ അച്ചനും സിയോൻ ടീമും ചേർന്ന് നയിച്ചു. 12 ന് പ്രാർത്ഥന അവസാനിപ്പിച്ചു. എല്ലാവരും വിശ്രമത്തിനായി പോയി.

## ആദ്യശനി - ഏകദിന കൺവെൻഷൻ

6.00 a.m ന് ബഹു. താന്നിയിൽ അച്ചനും ശുശ്രൂഷകരും പരി.അമ്മയുടെ സന്നിധിയിൽ എത്തി. ബഹു. അച്ചൻ സിയോൻ ഹാളും പരിസരങ്ങളും വെഞ്ചരിച്ച് വിശുദ്ധീകരിച്ചു. തുടർന്ന് പ്രഭാതസമർപ്പണം നടത്തി. ജപമാല ചൊല്ലി പ്രദക്ഷിണമായി സിയോൻ ഹാളിനു ചുറ്റും നടന്ന് പ്രാർത്ഥിച്ചു. വചനസന്ദേശം നൽകി, പ്രാർത്ഥിച്ച് ശുശ്രൂഷകരെ ശക്തീകരിച്ചു. 8.45 ന് സ്റ്റേജിൽ സപ്ര, ജപമാല, സ്തുതി ആരാധന, സാക്ഷ്യങ്ങൾ എന്നീ ശുശ്രൂഷകൾ നടത്തി. 11-12.20 ന് ബഹു. താന്നിയിൽ അച്ചൻ പരിശുദ്ധാത്മാവിലുള്ള വിശ്വാസത്തെപ്പറ്റി വചനം പങ്കുവെച്ച് ക്ലാസ്സെടുത്തു. 12.30 ന് ബഹു. താന്നിയിൽ അച്ചൻ വി. ബലി അർപ്പിച്ചു. തുടർന്ന് ലഘുഭക്ഷണം ആയിരുന്നു. ദിവ്യകാരുണ്യ ആരാധന, സൗഖ്യപ്രാർത്ഥന, ദിവ്യകാരുണ്യ പ്രദക്ഷിണം എന്നിവ ഏറ്റവും ഹൃദയസ്പർശിയും അനുഗ്രഹദായകവും ആയിരുന്നു. ബഹു. താന്നിയിൽ അച്ചനും സിയോന്റെ വൈദിക കൂട്ടായ്മയിലെ ബഹു. വൈദികരും ചേർന്നു അനുഗ്രഹിച്ചു പ്രാർത്ഥിച്ച നിമിഷങ്ങളിൽ സ്വർഗ്ഗം തുറന്ന് അനുഗ്രഹമാരി ചൊരിഞ്ഞു. അത്ഭുതങ്ങളും അടയാളങ്ങളും സംഭവിച്ച നിമിഷങ്ങൾ. കുമ്പസാരത്തിനും കൗൺസിലിംഗിനും അവസരം നൽകി. 3.30 ന് ശുശ്രൂഷകൾ അവസാനിച്ചു.

## രണ്ടാംശനി

## പൊതു കൗൺസിലിംഗ് - 12-1-2013

70 പേർ വന്ന് കൗൺസിലിംഗ് നടത്തി പോയി. പ്രാർത്ഥിച്ച് ഒരുങ്ങി അഭിഷേകത്തോടെ കൗൺസിലേഴ്സ് ശുശ്രൂഷ ചെയ്തു.

## ദമ്പതീ കൂട്ടായ്മ

10 മണിക്ക് ജപമാലയോടെ കൂട്ടായ്മ ആരംഭിച്ചു. 17 പേർ പങ്കെടുത്തു. തിരുനാളുകൾ ആയതിനാൽ മിക്കവർക്കും വരാൻ കഴിഞ്ഞില്ല. സ്തുതി, ആരാധന ശ്രീ. തോമസ് നെല്ലൂർ നേതൃത്വം നൽകി. ശ്രീ. ജോസഫ് തോട്ടുപുറം ക്ലാസ്സെടുത്തു. വി. ബലിയിൽ സംബന്ധിച്ചു. 2-3.30 ന് ശുശ്രൂഷ അവസാനിപ്പിച്ചു.

## മൂന്നാം വെള്ളി 18-1-2013

സിയോൻ ശുശ്രൂഷകരും സുവിശേഷമുന്നണി പ്രവർത്തകരും ഒരുമിച്ച് വൈകുന്നേരം 6 മുതൽ രാവിലെ 5 വരെ സിയോൻ ചാപ്പലിൽ ജാഗരണ പ്രാർത്ഥന നടത്തി.

**നാലാം ശനി 26-1-2013 - സൗഖ്യദിനം**

രാവിലെ 10 മുതൽ ജപമാല, ആരാധന, കൗൺസിലിംഗ്, കുമ്പസാരം, വചനപ്രഘോഷണം, വി. കുർബാന, സൗഖ്യാരാധന എന്നീ ശുശ്രൂഷകളിലൂടെ ദൈവമക്കൾ മനസിനും, ആത്മാവിനും, ശരീരത്തിനും സൗഖ്യവും ഉണർവ്വും നേടി പോയി. ബഹു. താന്നിയിൽ അച്ചൻ നേതൃത്വം നൽകി.

**സിയോൻ ഫെബ്രുവരിയിൽ**

| | | |
|---|---|---|
| 1 ആദ്യവെള്ളി | - | സോണൽ മീറ്റിംഗ്, ജാഗരണപ്രാർത്ഥന |
| 2 ആദ്യശനി | - | ഏകദിനകൺവെൻഷൻ, കൗൺസിലിംഗ് |
| 9 രണ്ടാംശനി | - | കൗൺസിലിംഗ്, ദമ്പതീകൂട്ടായ്മ, ജീസസ് യൂത്ത് കൂട്ടായ്മ, |
| 15 മൂന്നാംവെള്ളി | - | ജാഗരണ പ്രാർത്ഥന |
| 23 നാലാംശനി | - | സൗഖ്യദിനം |

**ഫാ. അഗസ്റ്റിൻ താന്നിയിൽ**

ഡയറക്ടർ സിയോൻ സി.ആർ.സി.

# സാമൂഹ്യ സേവനരംഗം (WSSS)

## സമഗ്ര നീർത്തട വികസന പദ്ധതി

നബാർഡ് നീർത്തട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഉപ ജീവന വർദ്ധന പരിപാടികളുടെ ഭാഗമായി അയനിവയൽ, പൊർളോം, നെല്ലേരി, മട്ടിലയം നീർത്തട പ്രദേശങ്ങളിലെ ജനങ്ങൾക്ക് കറവപ്പശുക്കളെ വാങ്ങുന്നതിന് 25000 രൂപ വീതം റിവോൾവിംഗ് ഫണ്ട് വിതരണം ചെയ്തു. 80 കർഷകർക്ക് രണ്ട് വർഷംകൊണ്ട് തിരിച്ചടക്കത്തക്ക വിധത്തിലാണ് വായ്പ നൽകിയിരിക്കുന്നത്.

## സന്ദർശനം നടത്തി

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന നീർത്തട വികസന പദ്ധതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി അയനിവയൽ, മട്ടിലയം നീർത്തട പ്രദേശങ്ങളിൽ നബാർഡ് RSO ടീം അംഗങ്ങൾ സന്ദർശനം നടത്തി.

## സമഗ്ര ആദിവാസി വികസന പദ്ധതി

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി മെഡിക്കൽ ക്യാമ്പ്, നേതൃത്വ പരിശീലന ക്യാമ്പ്, സ്വാശ്രയസംഘങ്ങളുടെ ഓഡിറ്റ് എന്നിവ നടത്തി.

## സോഷ്യൽ വെൽഫയർ സൊസൈറ്റി

## പഠനയാത്ര നടത്തി

WSSS ന്റെ ആഭിമുഖ്യത്തിൽ മാനന്തവാടി വെറ്റിനറി പോളി ക്ലിനിക്കിന്റെ സാമ്പത്തിക സഹായത്തോടെ, സോഷ്യൽ വെൽഫയർ സൊസൈറ്റികളുടെ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്ന കമ്മ്യൂണിറ്റി ഓർഗനൈസർമാർക്കുവേണ്ടി ഒരു പഠനയാത്ര നടത്തി.

പൂക്കോട് വെറ്റിനറി യൂണിവേഴ്സിറ്റി, പൂക്കോട് തടാകം എന്നിവിടങ്ങൾ സംഘം സന്ദർശനം നടത്തി. വെറ്റിനറി കോളേജിലെ പ്രൊഫസർ മഞ്ജു കിടാരി പരിചരണത്തെക്കുറിച്ച് ടീം അംഗങ്ങൾക്ക് ക്ലാസ്സ് എടുത്തു. യൂണിവേഴ്സിറ്റിയിലെ വിവിധ ഫാമുകൾ ടീം സന്ദർശിച്ചു.

**സേവ് എ ഫാമിലി പ്ലാൻ**

പുൽപ്പള്ളി മേഖലയിലെ ശിശുമല, മരകാവ്, പട്ടാണിക്കൂപ്പ് എന്നീ ഇടവകകളിൽ നിന്നും 21 കുടുംബങ്ങൾക്ക് SAFP അംഗത്വം ലഭിച്ചു. 54 കുടുംബങ്ങൾക്ക് വിവിധ തരം വരുമാന വർദ്ധക പദ്ധതികൾ ആരംഭിക്കുന്നതിനായി സഹായധനം വിതരണം ചെയ്തു. പുതുതായി അംഗത്വം ലഭിച്ച കുടുംബങ്ങളുടെ കൃതജ്ഞതാ കത്തുകൾ ഉപകാരികൾക്ക് അയച്ചുകൊടുത്തു.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ് (KLM)

കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ ഡിസംബർ മാസം നടത്തിയ പ്രധാന പ്രവർത്തനങ്ങൾ.

**KLM ഗ്രൂപ്പ് രൂപീകരണം**

സെന്റ്മേരീസ് ദേവാലയം മുള്ളൻകൊല്ലി, ക്രിസ്തുരാജാ ദേവാലയം പുതുശ്ശേരിക്കടവ്, ഫാത്തിമ മാതാ ഫൊറോന ദേവാലയം ചുങ്കക്കുന്ന് എന്നീ ഇടവകകളിൽ 7 അംഗ കമ്മിറ്റി രൂപീകരിച്ചു.

**മേഖല സെമിനാർ**

ഡിസംബർ 9 - ന് മുള്ളൻകൊല്ലി സെന്റ് മേരീസ് ദേവാലയത്തിൽ വെച്ച് നടന്ന KLM ന്റെ പുൽപ്പള്ളി മേഖലാ യോഗത്തിൽ 74 അംഗങ്ങൾ പങ്കെടുത്തു. യോഗത്തിൽ പുൽപ്പള്ളി മേഖലയിൽ KLM ന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനെപ്പറ്റി ചർച്ച ചെയ്യുകയും ശക്തമായ ഒരു നേതൃത്വനിര രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി മേഖലാ തലത്തിൽ 8 പേരടങ്ങുന്ന ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. KLM സംസ്ഥാന പ്രസിഡണ്ട് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ ക്ലാസ്സ് എടുത്തു. KLM മാനന്തവാടി രൂപതാ ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി മേഖലാ ഡയറക്ടർ റവ. ഫാ. ജോസ് കളപ്പുര, KLM മാനന്തവാടി രൂപതാ കോർഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ, സെക്രട്ടറി മിനി ഉണ്ണികൃഷ്ണൻ എന്നിവർ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ റവ. ഫാ. അഗസ്റ്റിൻ നിലയ്ക്കപ്പള്ളി സ്വാഗതവും, റവ. ഫാ. ജോസ് കളപ്പുര നന്ദിയും പറഞ്ഞു.

ഡിസംബർ 11 ന് ചുങ്കക്കുന്ന് ഫാത്തിമ മാതാ ഫൊറോനാ ദേവാലയത്തിൽ വച്ച് KLM ന്റെ ചുങ്കക്കുന്ന് മേഖലാ യോഗം നടന്നു. പ്രസ്തുത യോഗത്തിൽ വെച്ച് KLM ന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. ഫാ. ബിജോ കറുകപ്പള്ളി ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ചുങ്കക്കുന്ന് ഫൊറോനാ വികാരി റവ. ഫാ. തോമസ് സ്വാഗതവും KLM മേഖലാ ഡയറക്ടർ റവ. ഫാ. ജോസ് കൊട്ടാരത്തിൽ നന്ദിയും അർപ്പിച്ചു. ചുങ്കക്കുന്ന് മേഖലാ KLM ഡയറ

ക്ടർ റവ. ഫാ. ജോസ് കൊട്ടാരത്തിൽ, രൂപതാ കോർഡിനേറ്റർ വിനീഷ് മാത്യു, ജനറൽ കോർഡിനേറ്റർ ശ്രീ. ബിജു പോൾ തുടങ്ങിയവർ സന്നിഹിതരായിരുന്ന പ്രസ്തുത യോഗത്തിൽ ആകെ 105 അംഗങ്ങൾ പങ്കെടുത്തു.

**കൈത്തൊഴിലാളി - വിദഗ്ദ തൊഴിലാളി ക്ഷേമനിധി**

ക്ഷേമനിധി ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. മണികണ്ഠൻ അവർകളുടെ സാന്നിധ്യത്തിൽ ഡിസംബർ 14-ാം തീയതി WSSS ൽ വെച്ച് വിദഗ്ദ തൊഴിലാളി ക്ഷേമനിധിയുടെ സിറ്റിംഗ് നടത്തി. 25 അംഗങ്ങൾ അന്നേദിവസം അംഗത്വകാർഡും പാസ്ബുക്കും വിതരണം ചെയ്തു. KLM ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, ശ്രീ. പി.എ. ജോസ്, മിനി ഉണ്ണികൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

**നിർമ്മാണത്തൊഴിലാളി ക്ഷേമനിധി**

കല്പ്പറ്റ ജില്ലാ ക്ഷേമനിധി ഓഫീസിൽ വച്ച് ഡിസംബർ 28 ന് നിർമ്മാണത്തൊഴിലാളികളുടെ സിറ്റിംഗ് നടക്കുകയുണ്ടായി. രൂപതാ ഭാരവാഹികളുടെ സമ്മേളനം ഡിസംബർ 15, 16 തീയതികളിൽ എറണാകുളം കല്ലൂർ റിന്യൂവൽ സെന്ററിൽ ചേരുകയുണ്ടായി. പ്രസ്തുത സമ്മേളനത്തിൽ മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് ജനറൽ കോർഡിനേറ്റർ ശ്രീ. ബിജു പോൾ, സെക്രട്ടറി ശ്രീമതി മിനി ഉണ്ണികൃഷ്ണൻ എന്നിവർ പങ്കെടുത്തു.

**അറിയിപ്പ്**

KLM ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന സുരക്ഷാ പെൻഷൻ പദ്ധതിയിൽ കഴിഞ്ഞ വർഷം അംഗത്വം എടുത്തുവർ 2013 ഫെബ്രുവരി 15 നകം രണ്ടാം വർഷ ഗഡു അടയ്ക്കേണ്ടതാണ്.

**ഫാ. ബിജോ കറുകപ്പള്ളി**
KLM ഡയറക്ടർ

## Mary Matha arts & science college

### Tidings from 21 December onwards

- The Alumni Meet 2013 was organized on the 26 December. Aluminus Vinod K. Jose's article on Journalistic Ethics entitled Perspectives came published in the December issue of the Caravan Journal from Delhi.
- Our Basket Ball Team came Runners Up in the Wayanad Inter Club Tournament held at the Pazhassiraja College Pulpally.
- The Students' Union organized the Arts Fest, EXHILARO-2013 on 10-11 January. Ms Celine Jose, Winner of the Mazhavil Manorama Indian Voice inaugurated the Fest.
- Mr Misvar Ali, Guest Faculty in Zoology presented a Paper co-authored by Dr P.K. Prasadan, Ms Nisha P.V., and Mr Jayaraj K., and Mr Misvar Ali in the First National Biodiversity Congress at the Kanakakkunnu Palace, Thiruvananthapuram, 27 - 30 December.
- The Third Year Zoology Students participated in the Road Show from Kasargod to Thiruvananthapuram in connection with the Biodiversity Congress.
- 24 of our Zoology students attended a three day Residential Camp on Forest Fire organized by the Dept of Wild Life & Forests, 18-20 January.
- Dr Joseph K. Job was invited to deliver the Plenary Talk on the Relevance of Anthropological Linguistics in the Present Context in the National Linguistic Conference at the Dept of Malayalam, University of Madras, 10-11 January.
- Dr P.K. Prasadan and Dr Sudha Devi attended the Workshop on

Taxonomy of Brachyuran Crabs at the Department of Aquatic Biology & Fisheries, University of Kerala, 9-11 January. Prof. Dr Paul Clark of the National Museum of the Natural History, London and Prof. Dr Bella S. Galil of the National Institute of Oceanography, Israel led the Workshop.

- Dr Sudha Devi, coordinator of the Bhoomithrasena Club and a student-volunteer attended the Workshop on Jalasree-Harithasala organized by the Ministry of Water Resources at Thiruvananthapuram in January.
- Dr P.K. Prasadan attended the CEOs' Meeting of the OISCA International, 20 January 2013.
- The Dept of English in association with the Students' Union is organizing a Film Festival from 31 January to 2 February 2013. More than 20 films from round the world along with the Short Films produced by our own students will be screened. Experts from the field will interact with the students during the screening of the films.

**Dr. Raju George**

Principal

## റേഡിയോ സെറ്റുകൾ വിതരണം ചെയ്തു

കുടുംബശ്രീയുടെയും ജില്ലാസാക്ഷരതാമിഷന്റെയും സംയുക്താഭിമുഖ്യത്തിൽ ജില്ലയിൽ നടപ്പിലാക്കുന്ന കൈവിളക്ക് പദ്ധതിക്ക് റേഡിയോ മാറ്റൊലി 16 റേഡിയോ സെറ്റുകൾ സൗജന്യമായി നൽകി. കളക്ട്രേറ്റിൽ വെച്ച് നടന്ന ചടങ്ങിൽ റേഡിയോമാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഡോ.ഫാ. തോമസ് ജോസഫ് തേരകം റേഡിയോ സെറ്റുകൾ ജില്ലാകളക്ടർക്ക് കൈമാറി. ജില്ലയിൽ നടന്ന ഊരുത്സവത്തോട് ബന്ധപ്പെട്ട് ആറുമാസങ്ങൾക്ക് മുമ്പാണ് കൈവിളക്ക് പദ്ധതി ആരംഭിച്ചത്. പദ്ധതിയുടെ ഉദ്ഘാടനദിവസം പ്രവർത്തനമാരംഭിച്ച 16 കൈവിളക്ക് കുടിലുകളിലേക്കാണ് റേഡിയോ സെറ്റുകൾ എത്തുക. കുടുംബശ്രീ ജില്ലാമിഷൻ കോ.ഓർഡിനേറ്റർ പി. പി. മുഹമ്മദ്, ലെയ്സൺ ഓഫീസർ ബേബി എം. ജെ., റേഡിയോ മാറ്റൊലി ഓഫീസ് അസ്സിസ്റ്റന്റ് റെനീഷ് ജോർജ്ജ് തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

## തത്സമയ ഫോൺ ഇൻ പ്രോഗ്രാം

പശു വളർത്തലിനെക്കുറിച്ച് തത്സമയ ഫോൺ ഇൻ പരിപാടി ഡിസംബർ 19-ാം തീയതി നടന്നു. ക്ഷീര കർഷകരുടെ സംശയങ്ങൾക്ക് ക്ഷീരവികസന വകുപ്പ് അസി. ഡയറക്ടർ ശ്രീ. പി. പി. ബിന്ദുമോൻ മറുപടി നൽകി.

## റേഡിയോ മാറ്റൊലിയ്ക്ക് അന്തർദേശീയ പുരസ്കാരം

റേഡിയോ മാറ്റൊലിക്ക് ലഭിച്ച അന്തർദേശീയ പുരസ്കാരത്തിന്റെ ആഘോഷം ഡിസംബർ 22-ാം തീയതി നടന്നു. ബിഷപ് മാർ ജോസ് പൊരുന്നേടം മാറ്റൊലി പ്രവർത്തകരെ അഭിനന്ദിച്ചു. മാറ്റൊലി മാനേജിംഗ് കമ്മിറ്റി അംഗങ്ങളും, സന്നദ്ധപ്രവർത്തകരും പ്രോഗ്രാം വോളണ്ടിയേഴ്സും സ്റ്റാഫംഗങ്ങളും ചടങ്ങിൽ സംബന്ധിച്ചു. നൂതന

വിവര സാങ്കേതിക വിദ്യകളിലൂടെ നവ സമൂഹ നിർമ്മിതിക്ക് മികച്ച സംഭാവനകൾ നൽകുന്നവർക്കായി ഐക്യരാഷ്ട്രസഭയുടെ വിവര സാങ്കേതിക സമൂഹ ഉച്ചകോടി ഏർപ്പെടുത്തിയ ഒമ്പതാമത് ഏഷ്യാ പസഫിക് മന്ഥാൻ അവാർഡിൽ കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലി പ്രത്യേക ജൂറി പരാമർശ പുരസ്കാരത്തിനാണ് അർഹമായത്.

## പ്രക്ഷേപണ സമയം 17 മണിക്കൂറായി വർദ്ധിപ്പിച്ചു

പുതുമയേറിയ പരിപാടികളുമായി റേഡിയോ മാറ്റൊലിയുടെ പ്രക്ഷേപണം 17 മണിക്കൂറായി വർദ്ധിപ്പിച്ചു. 2013 ജനുവരി 1 മുതൽ പ്രക്ഷേപണ സമയം രാവിലെ 6.00 മണി മുതൽ രാത്രി 11.00 വരെയാണ്. ശ്രോതാക്കളുടെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് ക്രമീകരിച്ച പുതിയ ഷെഡ്യൂൾ ജനുവരി 15 മുതൽ പ്രാബല്യത്തിൽ വന്നു.

**ഫാ. ജോസ് കാവുങ്കൽ**

അസി. ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

# മീഡിയാ കമ്മീഷൻ

**കരോൾഗാന മൽസരം - തവിഞ്ഞാലിന് ഒന്നാം സ്ഥാനം**

രൂപത മീഡിയാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ 2012 ഡിസംബർ 22 ന് നടവയലിൽ വച്ചു നടത്തിയ കരോൾഗാന മൽസരത്തിൽ തവിഞ്ഞാൽ, കൽപ്പറ്റ, കണിയാരം ഇടവകകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. സമ്മാനാർഹരായ ഇടവക ടീമിനും വികാരി അച്ചന്മാർക്കും പ്രത്യേകം അഭിനന്ദനങ്ങൾ! കരോൾ ഗാന മൽസരം നടവയൽ ഫൊറോന വികാരി പെരിയ ബഹു. ഷാജി മുളകുടിയാങ്കൽ അച്ചൻ ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജൈനേഷ് പുതുക്കാട്ടിൽ സമ്മാനങ്ങൾ വിതരണം ചെയ്തു. മീഡിയാ കമ്മീഷൻ ഡയറക്ടർ ഫാ. ബാബു മാപ്ലശേരി അദ്ധ്യക്ഷത വഹിച്ചു. ഫാ. ജെയ്സ് ചെട്ടിയാശ്ശേരി സ്വാഗതവും സി. എൽസി ജോൺ എസ്.എ.ബി.എസ്. നന്ദിയും പറഞ്ഞു. മൽസരത്തിൽ പങ്കെടുത്ത എല്ലാ ഇടവകകളേയും പ്രോൽസാഹനങ്ങൾ നൽകിയ വികാരിയച്ചന്മരെയും സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.

**ക്രിസ്റ്റ്യൻ ഡിവോഷണൽ ആൽബം റിലീസിങ്ങ്**

മീഡിയാ കമ്മീഷൻ കൽപ്പറ്റ മേഖലാ ഡയറക്ടർ റവ. ഫാ. ബിനു പൈനുങ്കൽ രചനയും ക്രിസ്ററിൻ ജോസഫ് സംഗീതവും ജർസൻ ആന്റണി ഓർക്കസ്ട്രേഷനും നിർവ്വഹിച്ച ക്രിസ്തീയ ഭക്തിഗാന ആൽബം 'ഹോളിഡേ' 2013 ഫെബ്രുവരി 25-ാം തീയതി 4.30 ന് കൽപ്പറ്റ ഡിപോൾ ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ മാനന്തവാടി രൂപതാ മെത്രാൻ മാർ. ജോസ് പൊരുന്നേടം പ്രകാശനം ചെയ്യുന്നു. ബഹു. ബിനു പൈനുങ്കലച്ചനും ടീമിനും മീഡിയാ കമ്മീഷന്റെ അഭിനന്ദനങ്ങൾ!

**രൂപതാ ചരിത്ര കമ്മിറ്റി**

രൂപതാ ചരിത്ര കമ്മിറ്റിയുടെ മീറ്റിങ്ങ് 2012 ഡിസംബർ 28 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേലച്ചൻ അദ്ധ്യക്ഷത വഹിച്ചു. ഫാ. തോമസ് ജോസഫ് തേരകം കർമ്മപദ്ധതികൾ വിശദീകരിച്ചു. ഫാ. ബാബു മാപ്ലശേരി

സ്വാഗതവും ശ്രീ. ജോസ് താഴത്തേൽ നന്ദിയും പറഞ്ഞു. ചരിത്ര രചനകളുടെ ശേഖരണത്തിന് വിവിധ ഫൊറോനകളിലെ ഇടവകകളും സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിന് താഴെപ്പറയുവരെ ചുമതലപ്പെടുത്തി. ശ്രീ. ജോസ് പള്ളത്ത് (കല്ലോടി, മാനന്തവാടി), ഫാ. റോയി വട്ടക്കാട്ട് (തരിയോട്, കൽപ്പറ്റ), ഡോ. ജോഷി മാത്യു (മുള്ളൻകൊല്ലി), ശ്രീ. ജോസ് താഴത്തേൽ (നടവയൽ, ബത്തേരി), ശ്രീമതി. മേഴ്സി ആര്യപ്പള്ളിൽ (പയ്യംമ്പള്ളി), ഫാ. ബാബു മാപ്ലശേരി (നിലമ്പൂർ, മണിമൂളി, കൊട്ടിയൂർ, ഗൂഡല്ലൂർ).

രൂപതയിലെ പള്ളികളുടെയും പ്രധാന സ്ഥാപനങ്ങളുടെയും ഫോട്ടോ തുടർന്നുള്ള മാസങ്ങളിൽ അതാത് സ്ഥലത്ത് ചെന്ന് എടുക്കുന്നതിന് ബഹു. റോയി വട്ടക്കാട്ട് അച്ചനെ ചുമതലപ്പെടുത്തി. ശ്രീ. ജോസ് താഴത്തേലിനെ ചരിത്ര കമ്മിറ്റി ഓഫീസു കാര്യങ്ങളുടെ കോർഡിനേറ്ററായി ചുമതലപ്പെടുത്തി.

**ചരിത്ര രചനകൾ ഇതുവരെ തന്ന ഇടവകകളും കോൺഗ്രിഗേഷനുകളും**

ചരിത്ര രചനകൾ ഇതുവരെ തന്ന ഇടവകകൾ; ബത്തേരി, വെള്ളൂന്നി, കയ്യൂന്നി, നെയ്ക്കുപ്പ, ഞാറപ്പാടം, ചെന്നലോട്, മഞ്ഞൂറ, പുതുശേരിക്കടവ്, ചാരിറ്റി, പനംഞ്ചിറ, പറളിക്കുന്ന്, വാളവയൽ, ചുള്ളിയോട്, തോണിച്ചാൽ, മുതിരേരി, ജൂഡ്സ്മൗണ്ട്, കല്ലുമുക്ക്, കബനിഗിരി, കുറുമ്പാല, പാതിരിപ്പാടം, കുന്നംമ്പറ്റ, പാലാങ്കര, മുണ്ടേരി, നെടുമ്പാല, വിളമ്പുകണ്ടം, നിരവിൽപ്പുഴ, സീതാമൗണ്ട്, നടവയൽ, വാഴവറ്റ, മാർട്ടിൻനഗർ, എടപ്പെട്ടി, കല്ലുവയൽ, ഒലിവുമല, കണിയാമ്പറ്റ, റിപ്പൺ, തരിയോട്.

കോൺഗ്രിഗേഷനുകളും സ്ഥാപനങ്ങളും; S.J., C.S.T., ക്ലരീഷ്യൻ, S.K.D., C.F.M.S.S., S.A.B.S, M.S.J., E.F., P.H.J.C., M.S.I., S.C.S.C., L.S.J., S.J.L., S.D.S., M.S.M.I., D.P.M., ക്ലൂണി, ഹോളിസ്പിരിറ്റ് - കോട്ടഗിരി; മേരിമാതാ കോളേജ് മാനന്തവാടി.

**ബഹു. വികാരി അച്ചൻമാരുടെയും സ്ഥാപനാധികാരി കളുടെയും പ്രത്യേക ശ്രദ്ധയ്ക്ക്:**

രൂപതാ ചരിത്ര ഗ്രന്ഥത്തിന്റെ രചന സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുള്ളതിനാൽ 2013 ഫെബ്രുവരി 28 ചരിത്ര രചനകൾ

ലഭിക്കേണ്ട ഏറ്റവും അവസാന തീയതിയായിരിക്കും. അതിനു ശേഷമുള്ളവയുടെ ലഭ്യമായ വിവരങ്ങൾ മാത്രം നല്കുകയും ഏതെങ്കിലും വിധത്തിലുള്ള കുറവുകൾ വന്നാൽ അതാത് സ്ഥാപനാധികാരിക്കായിരിക്കും ഉത്തരവാദിത്വം എന്നുകൂടി സ്നേഹ പൂർവ്വം ഓർമ്മിപ്പിക്കുന്നു.

**ഫാ. ബാബു മാപ്ലശേരി**
ഡയറക്ടർ, മീഡിയാ കമ്മീഷൻ
Ph. 9447545460, 9544256990, 04936-289042
Email: frbabum@gmail.com,
mediacommissionmananthavady@gmail.com
മീഡിയാ കമ്മീഷൻ - 04935-240066
ചരിത്രകമ്മിറ്റി ഓഫീസ് - 8943600554

**PUBLIC RELATIONS OFFICE (PRO)**
Dwaraka, Nalloornadu P.O,
Wayanad - 670645
Tele Fax: 04935 240066 Mob: 9446030066;
Email: prodiocese@gmail

### അടിയന്തിര സന്ദേശങ്ങൾ സംബന്ധിച്ച്...

അടിയന്തര സന്ദേശങ്ങൾ അറിയിക്കുന്നതിനുള്ള പി ആർ ഓഫീസിലെ ഇന്റർനെറ്റ് അധിഷ്ഠിത SMS സംവിധാനം വൈദികർ, സന്യസ്തർ തുടങ്ങിയവരും രൂപതയിലെ വിവിധ പ്രസ്ഥാനങ്ങളും സൗജന്യമായി ഉപയോഗിച്ചു വരുന്നു. ഒരു SMS ന് (160 ക്യാരക്ടേഴ്സ്) 13 പൈസയാണ് നമുക്ക് ചെലവു വന്നിരുന്നത്. TRAI യുടെ നിർദ്ദേശാനുസരണം കഴിഞ്ഞ നവംബർ മുതൽ സേവനദാതാവ് തുക 37 പൈസയായി വർദ്ധിപ്പിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ SMS അയക്കുന്നതിൽ ചില മാറ്റങ്ങൾ വരുത്താൻ നാം നിർബന്ധിതരായിരിക്കുന്നു.

**2014 ഫെബ്രുവരി 1 മുതൽ താഴെ പറയുന്ന ക്രമീകരണങ്ങൾ പ്രാബല്യത്തിൽ വരും.**

1. രൂപതയിൽ ജോലി ചെയ്യുന്ന ബഹു. വൈദികർ, സന്യസ്തർ എന്നിവരുടെ മാതാപിതാക്കളുടെയും, വൈദീകരുടെ സഹോദരീസഹോദരൻമാരുടെയും ചരമവാർത്തകൾ മാത്രമേ സൗജന്യമായി അയയ്ക്കുകയുള്ളൂ.
2. മേൽ വിഭാഗത്തിൽപെടാത്ത എല്ലാ SMS കൾക്കും (maximim characters-160) ഒന്നിന് 40 പൈസ പ്രകാരം ചാർജ് ചെയ്യുന്നതാണ്.

രൂപതയിൽ ജോലി ചെയ്യുന്ന വൈദികർ, സന്യസ്തർ, രൂപതയിലെ ഔദ്യോഗിക പ്രസ്ഥാനങ്ങൾ എന്നിവർക്കെല്ലാം മേൽ പറഞ്ഞ വ്യവസ്ഥകർക്ക് വിധേയമായി ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്.

SMS ഇപ്പോൾ അയക്കുന്നത് രൂപതയിൽ ഇൻകാർഡിനേഷനുള്ള എല്ലാ വൈദികർക്കും സന്ദേശത്തിനായി ഇവിടെ മൊബൈൽ നമ്പർ തന്നിരിക്കുന്ന സന്യസ്തർക്കും (143 പേർ) ആണ്. ഇനിമുതൽ ഒരു

സന്യാസ ഭവനത്തിലേക്ക് (Individual Convent) ഒരു മെസേജ് മാത്രമേ അയക്കുകയുള്ളൂ. മറ്റ് അംഗങ്ങളെ അതാത് കമ്മ്യൂണിറ്റിയിൽനിന്നും അറിയിക്കാമല്ലോ. കമ്മ്യൂണിറ്റിക്ക് പൊതുവായി അയക്കേണ്ട മൊബൈൽ നമ്പർ ഫെബ്രുവരി 15 ന് മുമ്പ് PR ഓഫീസിലേക്ക് (ഓഫീസ് സമയത്ത്) വിളിച്ച് (04935-240066) അറിയിക്കണം. ഇപ്രകാരം ലഭിക്കുന്ന നമ്പറുകളിലേക്ക് മാത്രമേ ഫെബ്രുവരി 15 ന് ശേഷം SMS അയക്കുകയുള്ളൂ. അതുവരെ ഇപ്പോൾ ലിസ്റ്റിലുള്ള എല്ലാവർക്കും സന്ദേശങ്ങൾ ലഭിക്കും.

വൈകുന്നേരം 9 മണി മുതൽ രാവിലെ 9 മണിവരെയുള്ള സമയങ്ങളിൽ സന്ദേശങ്ങൾ അയക്കാൻ ബുദ്ധിമുട്ടുകൾ ഏറെയുണ്ട്. എങ്കിലും സംഗതിയുടെ ഗൗരവം അനുസരിച്ച് വേണ്ടത് ചെയ്യാൻ പരമാവധി ശ്രമിക്കുന്നതാണ്. വിളിക്കാവുന്ന നമ്പറുകൾ; ഫാ. തോമസ് ജോസഫ് തേരകം (പി.ആർ.ഒ.) 9446030066, സി. ദീപ്തി ജോസ് എസ്. എച്ച് (പി.ആർ.ഒ. സെക്രട്ടറി) 9020454685. വിവരങ്ങൾ ഒരു സന്ദേശമായിട്ട് ഇങ്ങോട്ടയയ്ക്കുന്നത് തെറ്റുകൾ വരാതിരിക്കാൻ സഹായകമാണ്. എന്നാൽ ഇത് നിർബന്ധമായി കരുതേണ്ടതില്ല.

സൗജന്യമല്ലാതെ അയയ്ക്കുന്ന SMS കളുടെ ചാർജ് (ഒരു SMS -ന് 40 പൈസ പ്രകാരം) മൂന്നു മാസങ്ങൾക്കകം സൗകര്യപ്രദമായ സമയത്ത് ഓഫീസിൽ ഏൽപ്പിച്ച് രസീതി വാങ്ങേണ്ടതാണ്. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. ബഹു. വൈദികർ മൊബൈൽ നമ്പർ മാറുമ്പോൾ ദയവായി PRO ഓഫീസിൽ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**മാനന്തവാടി രൂപതാ ശ്രേഷ്ഠ പുരസ്കാരം - 2013 അപേക്ഷകൾ ക്ഷണിക്കുന്നു**

വിവിധ മേഖലകളിൽ മികവു തെളിയിച്ച മാനന്തവാടി രൂപതാംഗങ്ങളെ രൂപതാ ദിനത്തിൽ ശ്രേഷ്ഠ പുരസ്കാരം നല്കി ആദരിക്കുന്ന പരിപാടിക്ക് 2012 - ൽ നാം തുടക്കം കുറിച്ചല്ലോ. കഴിഞ്ഞ വർഷം 8 പേർക്കാണ് ഈ അവാർഡ് ലഭിച്ചത്. താഴെ പറയുന്ന 13 മേഖലകളാണ് ഇതിനായി തെരഞ്ഞെടുത്തിരിക്കുന്നത്. വൈദികൻ, സിസ്റ്റർ, അധ്യാപക/ൻ, വിദ്യാർത്ഥി/നി (ഹൈസ്കൂൾ തലം മുതൽ), പൊതു പ്രവർത്തനം, കർഷക/ൻ, വനിത, യുവജനം (18-35 വയസ്സ്), സംരംഭക/ൻ, മാധ്യമ പ്രവർത്തക/ൻ, കലാ-സാഹിത്യ-സാംസ്കാരിക പ്രവർത്തക/ൻ, കായിക മേഖല, സേവന മേഖല (അധ്യാപനം ഒഴികെയുള്ളത്) എന്നിവയാണവ.

വ്യക്തികൾക്ക് പ്രചോദനവും, പ്രോത്സാഹനവും നല്കാനും വെളിച്ചമുള്ള മാതൃകകളെ തെളിച്ച് കാട്ടാനും, നവദർശനങ്ങളിലേക്ക് ക്രൈസ്തവ സമൂഹത്തെ കൈപിടിച്ചുയർത്താനുമാണ് ഈ അവാർഡുകൾ ലക്ഷ്യമിടുന്നത്. ഓരോ മേഖലയിലേയും ക്രൈസ്തവ മൂല്യാധിഷ്ഠിത സംഭാവനകളും, മികവുകളും പരിഗണിച്ചായിരിക്കും യോഗ്യരായവരുടെ തെരഞ്ഞെടുപ്പ് നടത്തുക. ഒപ്പം, പ്രവർത്തനങ്ങളുടെ സുസ്ഥിരതയും, തുടർച്ചയും, വ്യാപ്തിയും, ഗുണാത്മകതയും, സർഗ്ഗപരതയും, തനിമയും, പ്രവർത്തനങ്ങളിൽ നേരിട്ട വെല്ലുവിളികളും, അതിജീവിച്ച രീതികളും, സാമൂഹിക-ആധ്യാത്മിക രംഗങ്ങളിൽ പ്രവർത്തനങ്ങളുടെ പ്രാധാന്യം, സ്വാധീനം തുടങ്ങിയവയും തെരഞ്ഞെടുപ്പിന്റെ മാനദണ്ഡങ്ങളിൽ പെടും. നിശ്ചയിക്കപ്പെട്ട യോഗ്യതാ മാനദണ്ഡങ്ങൾക്ക് വിധേയമായി ഏറ്റവും കൂടുതൽ പ്രാഗൽഭ്യം തെളിയിച്ച വ്യക്തികൾക്കായിരിക്കും അവാർഡ് നല്കുക.

അവാർഡിനായുള്ള നാമനിർദ്ദേശങ്ങൾ മാനന്തവാടി രൂപതാംഗങ്ങളിലാർക്കും സ്വയമായോ, മറ്റുള്ളവർക്കുവേണ്ടിയോ സമർപ്പിക്കാവുന്നതാണ്. ഏതു വിധത്തിലാണെങ്കിലും വിശദമായ വ്യക്തി വിവരങ്ങളും (സി.വി), പാസ്പോർട്ട് സൈസ് ഫോട്ടോയും, നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന വ്യക്തിക്ക് അവാർഡിനുള്ള അർഹതയെ ന്യായീകരിച്ചുകൊണ്ടുള്ള രണ്ടു പേജിൽ കവിയാത്ത ടൈപ്പ് ചെയ്ത വിശദീകരണവും, അവയെ സാധൂകരിക്കുന്ന രേഖകളും, ഉൾപ്പെടു അപേക്ഷയാണ് സമർപ്പിക്കേണ്ടത്. **ഏത് മേഖലയിലേക്കാണ് അപേക്ഷ എന്ന് അപേക്ഷയുടെ മുകളിൽ പ്രത്യേകം കാണിച്ചിരിക്കണം.** അപേക്ഷ ലഭിക്കേണ്ട അവസാന തിയ്യതി **2013 മാർച്ച് 15** ആയിരിക്കും. രൂപതാ പി.ആർ.ഒ.യുടെ ഓഫീസിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷകൾ തപാലിലോ, ഇമെയിലിലോ അയയ്ക്കാം.

**ഡോ. ഫാ. തോമസ് ജോസഫ് തേരകം**
**മാനന്തവാടി രൂപതാ പി.ആർ.ഓഫീസ്,**
**ദ്വാരക, നല്ലൂർനാട് പി.ഒ.**
**വയനാട് – 670 645**
**Email: prodiocese@gmail.com**

10,000 രൂപയുടെ ക്യാഷ് അവാർഡ്, സർട്ടിഫിക്കറ്റ്, മെമന്റോ, എന്നിവ ഉൾപ്പെടുന്നതായിരിക്കും പുരസ്കാരം. ഫാ. തോമസ് ജോസഫ് തേരകം ചെയർമാനും, ഫാ. ബാബു മാപ്ലശേരി, ശ്രീ തോമസ് ഏറണാട്ട്, ശ്രീ ജോസ് പള്ളത്ത്, ശ്രീമതി ഗ്ലോറി പ്രേംജി, ശ്രീമതി മോളി ജോസ്, സി. ആൻസി പോൾ എന്നിവർ അംഗങ്ങളുമായുള്ള സമിതിയാണ് അവാർഡുകൾ നിർണയിക്കുക. സമിതിയുടെ തീരുമാനത്തിന് അന്തിമ അംഗീകാരം നൽകി അവാർഡുകൾ പ്രഖ്യാപിക്കുന്നത് മാനന്തവാടി രൂപതാദ്ധ്യക്ഷനായിരിക്കും.

അർഹരായവരുടെ പേരുകളും വിശദാംശങ്ങളും നിശ്ചിത തീയതിക്കകം നൽകാനും, മറ്റുള്ളവരെ അവാർഡിനായി അപേക്ഷ സമർപ്പിക്കാൻ പ്രോത്സാഹിപ്പിക്കാനും എല്ലാവരും ഉൽസാഹിക്കണ മെന്ന് അഭ്യർത്ഥിക്കുന്നു.

**ഡോ. ഫാ. തോമസ് ജോസഫ് തേരകം**

PRO, മാനന്തവാടി രൂപത

# അറിയിപ്പുകൾ



## 1. വിൻസെൻഷ്യൻ വൈദിക വിദ്യാർത്ഥികൾ നയിക്കുന്ന ജീസസ് മിഷൻ ധ്യാനം

ഏപ്രിൽ മെയ് മാസങ്ങളിൽ ഇടവകകൾ തോറും നടത്തുന്ന കുട്ടികളുടെ മൂന്നു ദിവസത്തെ **ജീവിത നവീകരണ ധ്യാനവും കൂട്ടായ്മയും**

- കുഞ്ഞുമക്കളെ ദൈവാനുഭവത്തിലേക്കു നയിക്കുന്ന വചനശുശ്രൂഷകൾ
- സ്വർഗ്ഗീയാനുഭൂതി പകരുന്ന ആരാധനാ നിമിഷങ്ങൾ
- ദൈവികജീവനേകുന്ന ദിവ്യബലി
- ബൈബിൾ സന്ദേശം ഉൾക്കൊള്ളുന്ന Action Song, Audio- Visual Programme
- ദൈവ-മനുഷ്യ അരുരഞ്ജന ശുശ്രൂഷ
- സാക്ഷ്യമേകുന്ന ബൈബിൾ റാലി
- ആത്മീയാനുഭൂതി പകരുന്ന ഗാന ശുശ്രൂഷകൾ
- സൗഹൃദം വളർത്തുന്ന സ്നേഹവിരുന്ന്

ജീസസ് മിഷൻ ധ്യാനം നടത്തുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക:

Director, Jesus Mission, Vincentian Vidyabhavan,
U.C. College P.O., Aluva - 683102,
Phone: 9605176689, 0484-2604404



# Programme

## PASTORAL CENTRE, DWARAKA

**February 2013**

| | | |
|---|---|---|
| 01 F | - | Zion CRC: Night Vigil |
| 02 S | - | Zion: Prayer Day, Christeen Prayer Day |
| 09 S | - | HDC Written Exam |
| 10 S | - | HCC Examination |
| 12 T | - | Marian Singles |
| 19 T | - | CMA Executive |
| 17 S-20 W | - | Marriage Preparation Course |
| 23 S | - | Meeting of the Office Bearers of Associations |
| 24 S | - | HDC Viva |
| 27 W | - | Women Religious: Major & Local Superiors Meeting |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre

# Bishop's Programme



## February 2013

| | | | |
|---|---|---|---|
| 01 | Fri | .................. | To Ootty |
| 02 | Sat | Morning | Ootty : Blessing of the Church |
| | | Afernoon | Kayyunni : H.Mass and Blessing of Grotto |
| 03 | Sun | ................. | Thavinjal : Laying of the Foundation Stone of the New building of St. Thomas U.P.School. |
| 04 | Mon | ................ | Visitors' Day |
| 05 | Tue 8 Fri | ........... | Aluva : Seminary Commission |
| 09 | Sat | ................ | Pookoottumpadam : Blessing of the Church |
| 10 | Sun | Morning | Panamchira : Blessing of the Presbytery |
| | | Afternoon | Dwaraka : Blessing of Youth Cross |
| 11 | Mon | ................. | Ash Monday : Mount Mary College |
| 12 | Tue | ................. | WSSS : Visit of Save a Family Central Team |
| 13 | Wed 14 Thu | ...... | Kunnoth Seminary Commission |
| 15 | Fri | ................. | Out of Station |
| 16 | Sat | ................. | Bathery Bishop's House: Reception to H.E. Cardinal Moran Mor Baselios Cleemis: Major Archbishop of the Syro-Malankara Church |

| | | |
|---|---|---|
| *17 Sun* | *.................* | *Valavayal : Pastoral Visit* |
| *18 Mon* | *................* | *Consultors' Meeting & Finance Council Meeting* |
| *19 Tue* | *................* | *Presbyteral Council* |
| *20 Wed* | *................* | *Manimooly : School Anniversary* |
| *21 Thu 22 Fri* | *.........* | *Out of Station* |
| *23 Sat* | *................* | *Dwaraka : Meeting of the Diocesan Office bearers of Pious Associations* |
| *24 Sun* | *................* | *Ondayangady: Pastoral Visit* |
| *25 Mon* | *Morning* | *Visitors' Day* |
| | *Afternoon* | *Kalpetta : Release of Music CD* |
| *27 Wed* | *.................* | *Meeting of the Major Superiors and Local superiors of Women Religious Congregations* |
| *28 Thu* | *.................* | *Meeting of the Major Superiors and Local superiors of Men Religious Congregations* |

## *March 2013*

| | | |
|---|---|---|
| *01 Fri* | *..................* | *Out of Station* |
| *09 Sat* | *..................* | *Pastoral Council* |
| *12 Tue* | *..................* | *Priests' Conference* |
| *24 Sun* | *..................* | *Cathedral : Palm Sunday* |
| *25 Mon* | *..................* | *Mount Mary College : Minor Orders* |
| *28 Thu* | *..................* | *Cathedral : Holy Thursday* |
| *29 Fri* | *..................* | *Cathedral : Good Friday* |
| *31 Sun* | *..................* | *Cathedral : Easter* |